# ഖുർആനും
# അഞ്ചുനേര നമസ്കാരവും

# ഖുർആനും
# അഞ്ചുനേര നമസ്കാരവും

ബി. അബ്ദുല്ലാഹ് സാഹിബ് എച്ച്.എ.

പ്രസാധകർ
മജ്ലിസ് അൻസാറുല്ലാഹ് പഴയങ്ങാടി, കണ്ണൂർ,
കേരള

**Quranum Anchunera Namaskaravum**
(Malayalam)

Author :
Late Moulana Abdullah Sahib H.A

Cover Design & Printed at:
BRB Offset, Thavakkara, Kannur- 17

Published by :
HA Publications, Payangadi

Distributors by :
Islam International Publications , Kerala

Copies:
2000

Ist Edition : 2007 September

Price: 20/-



ഹദ്റത്ത് മൗലാനാ ബി. അബ്ദുല്ലാ സാഹിബ് എച്ച്.എ (റഹ്)
(1895 – 1968)

# സമർപ്പണം

**കു**റേയേറെ മുരീദന്മാരും, അതിലേറെ ആദരങ്ങളും സമുദായത്തിൽനിന്ന് ലഭിച്ചുകൊണ്ടിരുന്ന ശേയ്ഖ്, കാലത്തിന്റെ ഇമാമിനെ തിരിച്ചറിയുകയും സ്വീകരിക്കുകയും ചെയ്തപ്പോൾ പകരം കിട്ടിയത് കൊടിയ പീഡനങ്ങളും കഷ്ടപ്പാടുകളും.

ആ അഗ്നിപരീക്ഷകളെ അതിജീവിച്ച് ഋഷിതുല്യമായ ജീവിതം നയിച്ച, കേരളക്കരയിൽ അഹ്മദിയ്യത്തിന് വേരോട്ടം കിട്ടാൻ ഏറെ യത്നിച്ച, പിറകെവരുന്ന മഹാവിജയങ്ങളുടെ അമരക്കാരനും തെക്കേ ഇന്ത്യയിലേയും ശ്രീലങ്കയിലേയും അഹ്മദിയ്യത്തിന്റെ ധ്വജവാഹകനും ആകാൻ വിധിക്കപ്പെട്ട തന്റെ മകനെ- പില്ക്കാലത്ത് ബി. അബ്ദുല്ലാഹ് എച്ച്.എ എന്നറിയപ്പെടാനിരുന്ന അത്ഭുതത്തെ- പുണ്യഖാദിയാനിൽ അയച്ച് പഠിപ്പിച്ച ദീർഘദർശിയും, ത്യാഗിയുമായ ഞങ്ങളുടെ ഉപ്പാപ്പ മൗലാനാ ശേയ്ഖ് മുഹ്യിദ്ദീൻ സാഹിബ് (റഹ്)ന്റെ പാവനസ്മരണയ്ക്ക്............

## പ്രസാധകക്കുറിപ്പ്

ഇസ്ലാമിക കർമ്മാനുഷ്ഠാനങ്ങളുടെ മാതൃക ഹദ്റത്ത് മുഹമ്മദ് മുസ്തഫാ(സ) തങ്ങളാണ്. ആ കർമ്മാനുഷ്ഠാനങ്ങളിൽ അതിപ്രധാനമായ ഒന്നാണ് നമസ്കാരം. നബികരീം(സ) ദിവസവും അഞ്ചുനേരം നമസ്കരിക്കുകയും ആ മാതൃകയെ ആ മഹാത്മാവിന്റെ അനുയായികൾ വരവണ്ണം പിൻപറ്റുകയും ചെയ്തു. അന്നു മുതൽ ഇന്നുവരെ അനുസ്യൂതം തുടർന്നുവരുന്ന ഈ പ്രക്രിയക്ക് തെളിവിന്റെ ആവശ്യമില്ലെന്നത് വസ്തുതയാണ്.

പക്ഷേ, ചില കുബുദ്ധികൾ ഖുർആനിൽ അഞ്ചുനേരം നമസ്കരിക്കാൻ പറയുന്നില്ലായെന്നുപറഞ്ഞ് സാധാരണജനങ്ങളെ നേർപാതയിൽനിന്ന് വ്യതിചലിപ്പിക്കാറുണ്ട്. കുറേനാൾ മുമ്പേ ഈ വാദം ശക്തമായിരുന്ന ഒരവസരത്തിൽ മൗലാനാ അബ്ദുല്ലാഹ് സാഹിബ് എച്ച്.എ (റഹ്മത്തുല്ലാഹി അലയ്ഹി) 'ഖുർആനും അഞ്ചുനേര നമസ്കാരവും' എന്ന പേരിൽ ചിന്തകനിലും മറ്റും പ്രസിദ്ധീകരിച്ച ലേഖനങ്ങളുടെ സമാഹാരമാണ് ഈ കൃതി.

കഠിനമായ പരിശ്രമത്തിലൂടെ ഈ ലേഖനങ്ങളെല്ലാം സമാഹരിച്ച് ഞങ്ങൾക്ക് നല്കിയത് ആദരണീയനായ മൗലവി മുഹമ്മദ് യൂസുഫ് സാഹിബ് കരുളായ് അവർകളാണ്. ഇപ്പോൾ രോഗബാധിതനായി കഴിയുന്ന അദ്ദേഹത്തിനുവേണ്ടി പ്രാർത്ഥിക്കാൻ അപേക്ഷിച്ചുകൊള്ളുന്നു.

ഈ പുസ്തകം റിവ്യൂ ചെയ്യുകയും പ്രസിദ്ധീകരിക്കാൻ സഹായിക്കുകയും ചെയ്തത് റിവ്യൂ കമ്മറ്റി സദ്ർ മൗലവി മുഹമ്മദ് ഇസ്മായീൽ സാഹിബാണ്. അദ്ദേഹത്തിനേയും ഇതിന്റെ പിന്നിൽ പ്രവർത്തിച്ച മറ്റെല്ലാവരേയും അല്ലാഹു അനുഗ്രഹിക്കുമാറാകട്ടെ.

പ്രസാധകർ

بسم الله الرحمن الرحيم

# ഖുർആനും അഞ്ചുനേര നമസ്കാരവും

വിശുദ്ധഖുർആൻ മനുഷ്യർക്ക് നല്കപ്പെട്ടിരിക്കുന്നത് അവർ അതിലെ അദ്ധ്യാപനങ്ങൾ ഗ്രഹിച്ച്, അതനുസരിച്ചു പ്രവർത്തിക്കുവാനും അങ്ങനെ അല്ലാഹുവിന്റെ ഇഷ്ടാനുവർത്തികളായ സജ്ജനമായിത്തീരുവാനും വേണ്ടിയത്രേ. ആയതിനാൽ ആ വിശുദ്ധഗ്രന്ഥത്തിലെ പാഠങ്ങൾ എന്തെല്ലാമെന്ന് മനസ്സിലാക്കി ജീവിതത്തെ ക്രമപ്പെടുത്തേണ്ടത് ഓരോ മുസ്ലിമിന്റേയും ഒഴിച്ചുകൂടാത്ത കടമയാണ്. അപ്പോൾ ഖുർആനിൽനിന്ന് വ്യക്തമാകുന്ന ഏതൊരു സംഗതിയും സ്വീകരിക്കുക എന്നത് ആദരണീയവും അനുകരണീയവുമാകുന്നു.

എന്നാൽ, ഖുർആൻ ഏറ്റവുമധികം ഗ്രഹിച്ചത് ആ വിശുദ്ധഗ്രന്ഥം ആർക്കിറങ്ങിയോ ആ ദിവ്യാത്മാവാണ്, എന്നതിൽ പക്ഷാന്തരത്തിന്നവകാശമില്ല. അതിനാൽ, ആ സത്യാത്മാവ് തന്റെ നിരന്തരമായ പ്രവർത്തനം മുഖേന വിശുദ്ധഖുർആന്റെ പാഠമെന്താണെന്ന് മനസ്സിലാക്കിത്തന്നിട്ടുള്ളതിനെ അവഗണിക്കാൻ ആർക്കും അവകാശമില്ല.

നമസ്കാരസമയത്തേയും അതിന്റെ ക്രമത്തേയും സംബന്ധിച്ചുള്ള വാദങ്ങളുടെ യാഥാർത്ഥ്യം ഗ്രഹിക്കുന്നതിന് മൗലി

കമായ മൂന്ന് സംഗതികളെ സംബന്ധിച്ച് ചിന്തിക്കേണ്ടിയിരിക്കുന്നു.

1. നമസ്കാരത്തെക്കുറിച്ച് വിശുദ്ധഖുർആൻ പറയുന്നതെന്താണ്?

2. മതപരമായ എല്ലാ കാര്യവും വിശുദ്ധഖുർആനിൽനിന്ന് നാം മനസ്സിലാക്കി നല്കുന്ന വ്യാഖ്യാനമനുസരിച്ച് വ്യക്തമായി തെളിയുമോ?

3. നബിതിരുമേനി(സ)യെ അനുസരിക്കണമെന്ന് ഖുർആൻ ആവർത്തിച്ചാവർത്തിച്ച് പറയുന്നതിന്റെ താൽപര്യമെന്ത്?

വിശുദ്ധഖുർആൻ തനിക്ക് അല്ലാഹുവിൽനിന്ന് ലഭിച്ച ദിവ്യവചനമാണെന്നു പറഞ്ഞുകൊണ്ട് നബിതിരുമേനി(സ) ലോകത്തോട് പ്രബോധിച്ച ഒരു ഗ്രന്ഥമാണെന്നുള്ളത് മുസ്‌ലിംകൾക്ക് എന്നല്ല അമുസ്‌ലിംകൾക്കുപോലും നിഷേധിക്കാനാവാത്ത ഒരു പരമാർത്ഥമാണ്. വിശുദ്ധഖുർആൻ ദൈവപ്രോക്തമാണെന്ന് അമുസ്‌ലിംകൾ സമ്മതിക്കുകയില്ലെങ്കിലും ദൈവപ്രോക്തമാണെന്ന് പറഞ്ഞുകൊണ്ട് നബി(സ)തിരുമേനി ലോകത്തിന് പ്രദാനം ചെയ്ത ഒരു ഗ്രന്ഥമാണതെന്ന് അവർ സമ്മതിക്കുകതന്നെ ചെയ്യുന്നു. അതിന് കാരണം അത് അഖണ്ഡമായ പാരമ്പര്യം വഴി സിദ്ധിച്ച ഒരു ഗ്രന്ഥം ആണെന്നുള്ളതാണ്. അത് നബി(സ) തന്റെ ശിഷ്യഗണത്തോട് ഉപദേശിച്ച് രേഖപ്പെടുത്തി പിന്നീട് ഗ്രന്ഥരൂപത്തിൽ എഴുതപ്പെട്ടു. അനന്തരം അതേരൂപത്തിൽ ഇന്നുവരെ അത് പകർത്തപ്പെട്ടുപോരുന്നു. ഇങ്ങനെ അനിഷേധ്യമായ തരത്തിൽ പരമ്പരാഗതമായി അത് നമ്മൾക്ക് സിദ്ധിച്ചു. ഇത് നബി(സ)തിരുമേനി പ്രബോധിച്ച ഗ്രന്ഥമല്ല, അഞ്ചോ, എട്ടോ, പത്തോ, നൂറ്റാണ്ടുകൾക്ക് മുമ്പേ ആരോ എഴുതി ഉണ്ടാക്കി തിരുമേനിയുടെ പേരിൽ വെച്ചുകെട്ടി പ്രചരിപ്പിച്ചിട്ടുള്ളതാണ് എന്ന് ആരെങ്കിലും പറയുകയാണെങ്കിൽ വിവേകവും നീതിബോധവുമുള്ള ആരും അത് സമ്മതിച്ചു കൊടുക്കുകയില്ല. എന്തെന്നാൽ, നബി(സ)തിരുമേനിയുടെ കാലം മുതൽ ഇതേവരെ ജീവിച്ചുപോന്ന മുസ്‌ലിംകൾ അഖണ്ഡമായ പാരമ്പര്യം വഴി അത് ആ മഹാത്മാവ് ഉപദേശിച്ച അതേ ഗ്രന്ഥമാണെന്ന് വിശ്വസിച്ചും പ്രമാണിച്ചും വരികയാണ്. ഈ പാരമ്പര്യം അറ്റുപോയ ഒരു നൂറ്റാണ്ട് പോകട്ടെ ഒരു കൊല്ലമോ ഒരു മാസമോ ഒരു ദിവസമോ ഒരു മണിക്കൂറെങ്കിലുമോ കഴിഞ്ഞിട്ടുണ്ടായിരുന്നില്ല. അതുകൊണ്ട്, ഈ അഖണ്ഡമായ പാരമ്പര്യത്തെ നിഷേധിക്കുകയെന്നത് രണ്ടും രണ്ടും നാലാണെന്ന സത്യത്തെ നഷേധിക്കുന്നതിന് തുല്യമായിരിക്കും. ആയതിനാലാണ് ഖുർആൻ ദൈവപ്രോക്തമാണെന്ന് വിശ്വസിക്കാത്ത അമുസ്‌ലിംകൾപോലും ആ ദിവ്യഗ്രന്ഥത്തെക്കുറിച്ച് അത് നബി(സ)തിരുമേനി പ്രബോധിച്ച ഗ്രന്ഥം തന്നെയാണെന്ന് സമ്മതിച്ചുപറയുന്നത്. യഥാർത്ഥത്തിൽ നബി(സ)തിരുമേനി ദൈവപ്രോക്തമാണെന്ന് പറഞ്ഞുകൊണ്ട് പ്രബോധനം ചെയ്തിട്ടുള്ള ഉപദേശസംഹിത തന്നെയാണ് വിശുദ്ധഖുർആൻ. അല്ലാതെ ഇടയ്ക്ക് മറ്റാരെങ്കിലും നിർമ്മിച്ച് ആ മഹാത്മാവിന്റെ പേരിൽ വെച്ച്കെട്ടിയതല്ല എന്നതിലേക്ക് തെളിവ് ഈ പാരമ്പര്യംതന്നെയാണ്.



ഇപ്രകാരംതന്നെ നബി(സ)തിരുമേനിയുടെ കാലം മുതൽ ഇതുവരെയുള്ള അവിഘ്നവും സർവ്വസമ്മതവുമായ പാരമ്പര്യം മുഖേന തെളിഞ്ഞ ഒരു പരമാർത്ഥമാണ്, ആ മഹാത്മാവും ശിഷ്യഗണങ്ങളും അനന്തരഗാമികളും പില്ക്കാലത്തുള്ള എല്ലാവരും ഫർസ് നമസ്കാരം അഞ്ചുനേരം അനുഷ്ഠിച്ച് പോന്നു എന്നുള്ളതും. ഈ പാരമ്പര്യശൃംഖല ഖണ്ഡിക്കപ്പെട്ടുപോയ ഒരു മണിക്കൂർപോലും മുസ്‌ലിം ലോകത്ത് കഴിഞ്ഞിരുന്നില്ല. മുസ്‌ലിംകളുടെ ഇടയിൽ പലപല വിഷയങ്ങളെക്കുറിച്ചും ആദികാലംമുതൽതന്നെ ഭിന്നാഭിപ്രായം ഉണ്ടായിട്ടുണ്ട്. മുസ്‌ലിംലോകത്ത് നടന്നിട്ടുള്ള എല്ലാ പ്രധാന കാര്യങ്ങളും ചരിത്രത്താളുകളിൽ രേഖപ്പെട്ടു കിടക്കുന്നുമുണ്ട്. എന്നാൽ, നബി (സ)തിരുമേനിയും ശിഷ്യഗണവും രണ്ടോ മൂന്നോ നേരം മാത്രമാണ് **ഫർള്** നമസ്കാരം അനുഷ്ഠിച്ചുപോന്നിരുന്നതെന്നും അനന്തരം ഇന്നകാലം മുതൽ പിൻഗാമികൾ അഞ്ച് നേരമായി വർദ്ധിപ്പിച്ചു എന്നുമുള്ളതിലേക്ക് യാതൊരു രേഖയും കാണു

കയില്ല. മറിച്ച്, നബി(സ)തിരുമേനിയുടെ കാലം മുതൽ ഇന്നു വരെ അഭിപ്രായവ്യത്യാസമില്ലാതെ ഫർസ് നമസ്കാരം അഞ്ചാണെന്ന് മുസ്ലിംലോകം വിശ്വസിക്കുകയും പ്രവർത്തി മുഖേന തെളിയിച്ചു വരികയുമാണ് ചെയ്തിരിക്കുന്നത്. ഇതിനുകാരണം നബി(സ)തിരുമേനി അങ്ങനെ നമസ്കരിക്കുകയും ശിഷ്യരെ കൊണ്ട് നമസ്കരിപ്പിക്കുകയും ചെയ്തു എന്നതല്ലാതെ മറ്റൊന്നുമല്ല. അങ്ങനെ ആ അനുഗൃഹീതകാലം മുതൽ ഇതഃപര്യന്തം ഒരു മണിക്കൂറിന്റെ ബന്ധംപോലും അറ്റുപോകാത്തവിധം, അഖണ്ഡമായുള്ള പാരമ്പര്യം മുഖേന തെളിഞ്ഞ ഈ പരമാർത്ഥം നീതിബോധമുള്ള ആർക്കും നിഷേധിക്കാനാവില്ല. നബി(സ)തിരുമേനി മുതൽ നാളിതുവരെയുള്ള മുസ്ലിംകൾ ഫർസ്, നമസ്കരിച്ചത് അഞ്ച് നേരമല്ല എന്ന് പറയുന്നവർ ഈ അനിഷേധ്യപരമായ പരമാർത്ഥത്തെയും അഖണ്ഡചരിത്രസാക്ഷ്യത്തേയും നിരാകരിക്കുകയാണ് ചെയ്യുന്നത്. ഈ സത്യത്തെ ഒരാൾ ഏതൊരു ന്യായത്തിന്മേൽ നിരാകരിക്കുവാൻ മുതിരുന്നുവോ അതേ ന്യായപ്രകാരം, മറ്റൊരാൾക്ക് വിശുദ്ധഖുർആൻ നബി(സ)തിരുമേനി പ്രബോധിച്ച ഗ്രന്ഥമല്ലെന്നും നിഷേധിക്കാവുന്നതാണ്. എന്തെന്നാൽ, രണ്ടിനേയും തെളിയിക്കുന്ന പാരമ്പര്യവും ചരിത്രസാക്ഷ്യവും ഒരേനിലയിലുള്ളതാണ്. ഒന്ന് നബി(സ)തിരുമേനിയുടെ പ്രബോധനത്തേയും മറ്റേത് ആ മഹാത്മാവിന്റെ കർമ്മത്തേയും സംബന്ധിച്ചുള്ളതാണെന്ന വ്യത്യാസം മാത്രമേയുള്ളൂ.

ഇസ്ലാമിന്റെ ബദ്ധവൈരികൾക്കൂടി ഖുർആൻ മുഹമ്മദുനബി (സ) ഉപദേശിച്ച അതേഗ്രന്ഥമാണെന്ന് സമ്മതിക്കുന്നതു പോലെതന്നെ, ആ മഹാത്മാവും ശിഷ്യഗണവും എല്ലാം നമസ്കരിച്ചത് അഞ്ചുനേരം തന്നെയാണെന്നും സമ്മതിക്കുന്നു. ഇത് അഖണ്ഡമായ ഈ പാരമ്പര്യത്തെ അടിസ്ഥാനമാക്കിത്തന്നെയാണ്. അതിനാൽ, ഇടതടവില്ലാതെ ഈ പാരമ്പര്യത്തിനും ചരിത്രസാക്ഷ്യത്തിനും എതിരായി ഖുർആൻ, നബി(സ)തിരുമേനി ഉപദേശിച്ചതല്ല എന്നൊരാൾ വാദിക്കുകയാണെങ്കിൽ അത് എത്രകണ്ട് സത്യവിരുദ്ധവും യുക്തിഹീനവുമായിരിക്കുമോ



അത്രതന്നെ സത്യവിരുദ്ധവും യുക്തിഹീനവുമായിരിക്കും നബി (സ)തിരുമേനിയും ശിഷ്യഗണവും അനന്തരഗാമികളുമെല്ലാം ഫർസ് നമസ്കാരം അനുഷ്ഠിച്ചത് ദിവസേന അഞ്ചുനേരമല്ല, മൂന്ന് നേരമായിരുന്നു എന്നു പറയുന്നതും.

ഖുർആൻ കൂടുതൽ ഗ്രഹിച്ചത് നബി(സ)തിരുമേനി ആണെങ്കിൽ ആ ദിവ്യാത്മാവ് അഞ്ചുനേരം നമസ്കരിച്ചിട്ടുള്ളത് ഖുർആന്റെ പാഠം അത് ആയതുകൊണ്ടും നമസ്കരിക്കേണ്ടത് അങ്ങനെയാണെന്ന് അല്ലാഹു അദ്ദേഹത്തെ ധരിപ്പിച്ചതുകൊണ്ടുംതന്നെ. നബി(സ)തിരുമേനി നമുക്ക് പൂർണ്ണമാതൃകയാണെന്നും അദ്ദേഹത്തെ നാം അനുകരിക്കേണ്ടതാണെന്നും പ്രസ്താവിച്ചുകൊണ്ട് ഖുർആൻ നമ്മെ ഉദ്ബോധിപ്പിച്ചിരിക്കുന്നതിന്റെ തത്ത്വം, ആ ദിവ്യാത്മാവ് പ്രവർത്തിച്ചു കാണിച്ചതെല്ലാം നാം അനുകരിക്കണമെന്നതാണല്ലോ. അല്ലാഹുവിന്റെ തിരുദൂതർ തന്റെ ദൗത്യകാലമത്രയും തെളിയിച്ചിട്ടുള്ളത് നമസ്കാരം അഞ്ചു നേരംതന്നെ എന്നതാണ്.

ഈ യാഥാർത്ഥ്യം നീതിബോധമുള്ളവർക്ക് നിഷേധിക്കാനാവുകയില്ല. അതുപോലെതന്നെ ആ ദിവ്യാത്മാവിന്റെ പ്രവൃത്തി വിശുദ്ധഖുർആന്റെ അദ്ധ്യാപനത്തിന് എതിരായിരുന്നുവെന്ന് ഹൃദയമുള്ളവർക്കാർക്കും പറയാവതല്ല. അപ്പോൾ ഫർസ് നമസ്കാരം അഞ്ച് നേരമുണ്ടെന്നുതന്നെയാണ് ഖുർആന്റെ അദ്ധ്യാപനവും എന്ന് സമ്മതിക്കുവാനേ ആ പവിത്രഗ്രന്ഥത്തിലും തിരുനബിയിലും വിശ്വാസമുള്ളവർക്ക് നിർവ്വാഹമുള്ളൂ.

മുസ്ലിംകൾ അഞ്ചുനേരം നമസ്കരിച്ചു തുടങ്ങിയത് ബുഖാരി മുസ്ലിം തുടങ്ങിയ ഹദീസ് ഗ്രന്ഥങ്ങളിൽ അങ്ങനെ പ്രസ്താവിക്കപ്പെട്ട് കാണുകയാലാണെന്നും ആ ഹദീസുകൾ യഹൂദികൾ കെട്ടിയുണ്ടാക്കിയവയാണെന്നും പറയുകയാണെങ്കിൽ ഇമാം ബുഖാരിയും ഇമാം മുസ്ലിമും നബി(സ)തിരുമേനിയുടെ വചനങ്ങളെന്ന് പറഞ്ഞ് യഹൂദരുടെ നിവേദനങ്ങളെ ക്രോഡീകരിച്ചുള്ള ഗ്രന്ഥങ്ങൾ എഴുതിയുണ്ടാക്കിയപ്പോൾ അതുവരെ ഖുർആന്റെ അധ്യാപനമനുസരിച്ച് മൂന്നുനേരം നമസ്ക

രിച്ചുപോന്ന മുസ്ലിംകൾ പെട്ടെന്നത് മാറ്റി അഞ്ചുനേരമാക്കി നമസ്കാരം തുടങ്ങിയെന്നാണോ നാം വിശ്വസിക്കേണ്ടത്? ഇസ്ലാംചരിത്രവും പൂർവ്വമുസ്ലിംകളുടെ നിലപാടും മനസ്സിലാക്കിയ നീതിബോധവും വിവേകജ്ഞാനവുമുള്ള ആരെങ്കിലും ഇങ്ങനെ പറയുവാൻ തയ്യാറാകുമോ? ആദിമകാലത്തെ യഥാർത്ഥ മുസ്ലിംകൾ നബി(സ)തിരുമേനിക്ക് ശേഷം രണ്ടര നൂറ്റാണ്ട് കാലംവരെ ഫർസ് നമസ്കാരം വെറും മൂന്ന് നേരം മാത്രം അനുഷ്ഠിച്ചുപോന്നതിനുശേഷം ബുഖാരി, മുസ്ലിം മുതലായവർ യഹൂദികളുടെ കൃത്രിമ നിവേദനങ്ങളെ സമാഹരിച്ച് ഗ്രന്ഥങ്ങളാക്കിയതിനോടുകൂടി നബി(സ)തിരുമേനിയും ശിഷ്യഗണവും അതുവരെയുള്ള മുസ്ലിംകളും അനുഷ്ഠിച്ചുപോന്ന നമസ്കാരക്രമം യാതൊരു പ്രതിഷേധവും കൂടാതെ അപ്പടി തള്ളിക്കൊണ്ട് മുസ്ലിംലോകം ആകമാനം ആ കള്ളനിവേദനങ്ങളെ സ്വീകരിച്ചു, എന്നാണോ നാം വിശ്വസിക്കേണ്ടത്? പൂർവ്വമുസ്ലിംകളെക്കുറിച്ച് ഇപ്രകാരം വിചാരിക്കാൻ നീതിബോധമുള്ള ഒരു മുസ്ലിമെങ്കിലും ഒരുമ്പെടുമോ?

ഇസ്ലാമികചരിത്രത്തിൽ ചെറുതും വലുതുമായ സംഭവങ്ങൾ രേഖപ്പെടുത്തപ്പെട്ടിട്ടുണ്ടെന്നത് ഒരു പരമാർത്ഥമല്ലേ? എന്നാൽ, രണ്ടരനൂറ്റാണ്ടുവരെ മൂന്ന് സമയം നമസ്കാരം അനുഷ്ഠിച്ചിരുന്നവർ യഹൂദന്മാരുടെ റിപ്പോർട്ടനുസരിച്ച് ബുഖാരി, മുസ്ലിം രേഖപ്പെടുത്തിയപ്പോൾ അവരെല്ലാം അഞ്ചിലേക്ക് മാറിയെന്നതിന് ഒരു സൂചനയായിട്ടെങ്കിലും ഇന്നുവരെ വല്ല ചരിത്രസാക്ഷ്യങ്ങളുമുണ്ടോ? ഇല്ല എന്നതാണ് സത്യം.

നമസ്കാരം മൂന്നുനേരമാണെന്ന് വാദിക്കുന്നവരുടെ വാദത്തിലേക്ക് അവർ ഖുർആനിൽ കാണിക്കുന്ന ആ നിരർത്ഥക വ്യാഖ്യാനമല്ലാതെ മറ്റ് യാതൊരു തെളിവുമില്ലെന്നത് തീർച്ചയാണ്. സുവ്യക്തമായ പാരമ്പര്യത്തേയും അതിന്റെ ജീവൽവ്യാഖ്യാനമായ നബി(സ)തിരുമേനിയുടെ ചര്യയേയും ഇന്നുവരെ തുടർന്നുവരുന്ന പാരമ്പര്യത്തേയും അനിഷേധ്യമായ ചരിത്രസാക്ഷ്യത്തേയും നിഷേധിക്കുന്ന ഒരാൾക്ക് പിന്നെ ഏത് ചരിത്രസംഭവത്തെയാണ് നിഷേധിച്ചുകൂടാത്തത്?



നബി(സ)തിരുമേനിയുടെ ജീവിതം, നാല് ഖലീഫമാരുടെ ജീവിതം, ആദിമ മുസ്ലിംകളിൽ കഴിഞ്ഞ സംഭവപരമ്പര ഇവയെല്ലാം ചരിത്രസാക്ഷ്യം മുഖേന തെളിയുന്നവയാകയാൽ അത് ബുദ്ധിജീവികൾക്ക് നിഷേധിക്കാനാവുകയില്ല. അതുപോലെതന്നെയുള്ള ചരിത്രവസ്തുതയാണ് നബിതിരുമേനിയും പുണ്യ ഖലീഫമാരും ആദിമമുസ്ലിംകളും ഫർസ് നമസ്കാരം അഞ്ച്നേരം അനുഷ്ഠിച്ചുപോന്നു എന്നതും. ആ പാരമ്പര്യം ഇടമുറിയാതെ നടന്നുവരുന്നതുമാണ്. ഇടക്കാലത്തൊന്നും ഉത്ഭവിച്ചതുമല്ല. ഇടക്കാലത്തുണ്ടായതാണെന്ന ഒരു ചരിത്രവുമില്ല.

അപ്പോൾ ഫർസ് നമസ്കാരം മൂന്നാണെന്ന് പറയുന്നവർ നമസ്കാരത്തെ സംബന്ധിച്ച ഖുർആനിക അധ്യാപനം നബി(സ)തിരുമേനിക്ക് മനസ്സിലായില്ലെന്ന് വരുത്തുകയാണ് ചെയ്യുന്നത്. ബുഖാരി, മുസ്ലിം മുതലായവർ തങ്ങൾക്കു മുമ്പേയുള്ള മുസ്ലിംകൾ നബി(സ)തിരുമേനിയുടെ നടപടിക്രമത്തേയും പ്രബോധനത്തേയും അവലംബമാക്കി ആചരിച്ചുപോന്ന കാര്യങ്ങൾക്കും അവരുടെയിടയിൽ നടന്ന സംഭവങ്ങൾക്കും രേഖകളായി തങ്ങൾക്ക് ലഭിച്ച പരമ്പരാഗതമായുള്ള നിവേദനങ്ങളായ വായ്മൊഴികളേയും പൂർവ്വമുസ്ലിംകളുടെ നടപടിക്രമങ്ങളേയും ശേഖരിച്ചു രേഖപ്പെടുത്തുക മാത്രമാണ് ചെയ്തിട്ടുള്ളത്. അല്ലാതെ അവരുടെ കാലംവരെ മുസ്ലിംകൾ സ്വീകരിച്ചുപോന്ന അനുഷ്ഠാനക്രമത്തിന് വിപരീതമായി യഹൂദരുടെ നിവേദനങ്ങളെ അംഗീകരിച്ചുകൊണ്ട് ഒരു നൂതനകർമ്മ മാതൃക നടപ്പാക്കുകയല്ല ചെയ്തത്. ജൂതനിവേദനങ്ങളെ അടിസ്ഥാനമാക്കി, നബി(സ)തിരുമേനിയിൽനിന്ന് പരമ്പരാഗതമായി സിദ്ധിച്ച അനുഷ്ഠാനക്രമത്തെ അപ്പടി തള്ളിക്കളയാൻ മുതിരുന്നവർ ആയിരുന്നില്ല ആ ആദിമ മുസ്ലിംകൾ. അതുപോലെതന്നെ നബി(സ)തിരുമേനിയുടെ നടപടിയിലും ഉപദേശത്തിൽനിന്നും മനസ്സിലാകുന്ന യാഥാർത്ഥ്യത്തിന് വിപരീതമായ ഒരു വ്യാഖ്യാനം ഖുർആന് നല്കുവാൻ ഒരുമ്പെടുന്നവരുമായിരുന്നില്ല ആ ആദിമ മുസ്ലിംകൾ. ഫർസ് നമസ്കാരം അഞ്ചുനേരമാണെന്ന് നബി(സ)തിരുമേനി ഉൾപ്പെടെയുള്ള മുസ്ലിം

ലോകം അന്ന് തൊട്ടിന്നുവരെ അനുഷ്ഠിച്ചുവന്നിരിക്കുന്ന ഒരു കാര്യമാണെന്നുള്ളത് ആർക്കാണ് അറിഞ്ഞുകൂടാത്തത്? സ്പഷ്ട മായ ഈ സത്യത്തെയാണ് എത്രയും ധൈര്യത്തോടെ ചിലർ നിഷേധിക്കുന്നത്.

ആയതിനാൽ നമസ്കാരത്തെ സംബന്ധിച്ച് ഖുർആനിക പാഠമെന്താണെന്ന് നമുക്ക് പരിശോധിക്കാം.

വിശുദ്ധഖുർആൻ ആവർത്തിച്ചാവർത്തിച്ച് ശാസിക്കുന്നതും നബി(സ)തിരുമേനി അനുസ്യൂതമായി പ്രവർത്തിച്ചിട്ടുള്ളതുമായ ഒരാരാധനാ കർമ്മത്തിനാണ് മുസ്‌ലിംകളായ നാം നമ്മുടെ ഭാഷ യിൽ നമസ്കാരം എന്നു പറയുന്നത്. ഇതിന് വിശുദ്ധഖുർആ നിൽ പല സ്ഥലങ്ങളിലും പ്രയുക്തമായിരിക്കുന്നത് 'സ്വലാത്ത്' എന്ന പദമാണ്. സ്വലാത്തിന്റെ ശബ്ദാർത്ഥം പ്രാർത്ഥന, അനു ഗ്രഹം മുതലായവയാണെന്ന് മുഫ്റദാത്ത്, നിഹായ, ഖാമൂസ്, മുഖ്താർ, മിസ്ബാഹ് മുതലായ എല്ലാ നിഘണ്ടുക്കളിലും പ്രസ്താവിച്ചുകാണാം. നാം അനുഷ്ഠിക്കുന്ന നമസ്കാരത്തിന് 'സ്വലാത്ത്' എന്ന് പറയുന്നത് ഇസ്‌ലാമിലെ ഒരു സാങ്കേതിക സംജ്ഞയാണ്. പല നിഘണ്ടുകർത്താക്കളും ഈ യാഥാർത്ഥ്യം വ്യക്തമായി പ്രസ്താവിച്ചിട്ടുണ്ട്. മേൽപറഞ്ഞ നിഘണ്ടുക്ക ളിൽനിന്ന് ഇത് മനസ്സിലാക്കാം. കേരള മുസ്‌ലിംകൾ ഈ ആരാ ധനാകർമ്മത്തിന് നമസ്കാരം എന്നു പറയുന്നത് അവരുടെ സ്വന്തം പ്രയോഗമത്രേ. എന്തെന്നാൽ, ഈ പദം ഇസ്‌ലാമിന്റെ ആവിർഭാവത്തിന് മുമ്പേതന്നെ സംസ്കൃത ഭാഷയിലുള്ളതാ ണ്. അമുസ്‌ലിംകൾ ഇന്നും ഈ വാക്ക് ഉപയോഗിച്ചുവരുന്നു. അത് മുസ്‌ലിംകൾ അനുഷ്ഠിക്കുന്ന ആരാധനക്കല്ലെന്നത് സ്പഷ്ടമാണ്. എന്നാൽ, ഒരു മുസ്‌ലിം 'ഞാൻ നമസ്കരിച്ചു' എന്ന് പറഞ്ഞാൽ ഖുർആൻ നിർദ്ദേശിക്കുകയും നബി(സ)തിരു മേനി പ്രവർത്തിച്ചുകാണിക്കുകയും ചെയ്ത ആ പ്രത്യേകതര ത്തിലുള്ള ആരാധനാകർമ്മമായിരിക്കും അയാൾ അതുകൊണ്ട് വിവക്ഷിച്ചിരിക്കുക. 'സ്വലാത്ത്' ശബ്ദം ഖുർആനിൽ ഈ ആരാ ധനയ്ക്ക് പുറമെ മറ്റർത്ഥത്തിലും പ്രയുക്തമായിട്ടുണ്ട്. നോക്കുക:-



***ഉലായിക്ക അലയ്ഹിം സ്വലവാത്തുമ്മിർറബ്ബിഹിം വ റഹ്മത്തുൻ***

''അവരുടെ നാഥങ്കൽനിന്നുള്ള സ്വലാത്തുകളും കാരു ണ്യവും ഉണ്ടായിട്ടുള്ളവർ അവരത്രെ" (2:158).

***സ്വല്ലി അലയ്ഹിം ഇന്നസ്സ്വലാത്തക്ക സകനുൻല്ലഹും***

"നീ അവർക്കുവേണ്ടി സ്വലാത്ത് ചെയ്യുക. നിശ്ചയമായും നിന്റെ സ്വലാത്ത് അവർക്ക് ആശ്വാസദായകമാണ്"(9:104).

وَلَوْلَا دَفْعُ اللّٰهِ النَّاسَ بَعْضَهُمْ بِبَعْضٍ لَّهُدِّمَتْ
صَوَامِعُ وَبِيَعٌ وَّصَلَوٰتٌ وَّ مَسٰجِدُ

"അല്ലാഹു ചിലരെ മറ്റു ചിലരെക്കൊണ്ട് നിരോധിച്ചില്ലെ ങ്കിൽ സന്യാസിമഠങ്ങളും, കനീസകളും, സ്വലാത്തുകളും (ദേ വാലയങ്ങൾ), പള്ളികളും തകർക്കപ്പെട്ടുപോകുമായിരുന്നു" (22:41).

هُوَ الَّذِىْ يُصَلِّىْ عَلَيْكُمْ وَمَلٰٓئِكَتُهٗ لِيُخْرِجَكُمْ
مِّنَ الظُّلُمٰتِ اِلَى النُّوْرِ

''നിങ്ങളെ അന്ധകാരങ്ങളിൽനിന്ന് പ്രകാശത്തിലേക്ക് കൊണ്ടുവരുന്നതിന് അവൻ തന്നെയാണ് നിങ്ങൾക്കായി സ്വലാത്ത് ചെയ്യുന്നത്. അവന്റെ മലക്കുകളും. (33:44)

اِنَّ اللّٰهَ وَمَلٰٓئِكَتَهٗ يُصَلُّوْنَ عَلَى النَّبِىِّ ۚ يٰٓاَيُّهَا الَّذِيْنَ اٰمَنُوْا
صَلُّوْا عَلَيْهِ وَسَلِّمُوْا تَسْلِيْمًا ﴿٥٦﴾

"നിശ്ചയമായും അല്ലാഹുവും അവന്റെ മലക്കുകളും നബി ക്കായി സ്വലാത്ത് ചെയ്യുന്നു. അല്ലയോ വിശ്വാസികളേ, നിങ്ങളും

അദ്ദേഹത്തിനായി സ്വലാത്ത് ചെയ്യുകയും ശരിയായ നിലയിൽ സലാം ചെയ്യുകയും ചെയ്യുവിൻ'' (33:56). ഇവിടെ ഒരു സ്ഥലത്തും സ്വലാത്തുകൊണ്ടുള്ള വിവക്ഷിതം മുസ്‌ലിംകൾ ദിനേന അനുഷ്ഠിക്കാൻ അല്ലാഹു ആജ്ഞാപിച്ചതും തിരുനബി (സ) പ്രവർത്തിച്ചുകാണിച്ചതുമായ പ്രത്യേകതരത്തിലുള്ള ആരാധനയല്ലെന്നത് സുവ്യക്തമാണ്. ഇങ്ങനെ സ്വലാത്ത് ശബ്ദത്തിന് മറ്റർത്ഥങ്ങളുമുണ്ടെന്ന് മനസ്സിലാക്കിത്തരുന്ന വിശുദ്ധ ഖുർആൻ തന്നെയാണ് നമസ്കരിക്കാൻ ആവർത്തിച്ചാവർത്തിച്ച് നമ്മോട് ശാസിക്കുന്നത്. എന്നാൽ, ആ നമസ്കാരത്തിന്റെ പൂർണ്ണരൂപക്രമവും വിശുദ്ധഖുർആൻ വ്യക്തിമാക്കിത്തരുന്നില്ല. അത് വ്യക്തമാക്കിത്തരുന്നുണ്ടെന്ന് വാദിക്കുന്ന ആരും ഖുർആൻ വാക്യങ്ങളുടെ അനുപദതർജമ മാത്രം ഉദ്ധരിച്ചുകൊണ്ട് നമസ്കാരത്തിന്റെ രൂപക്രമങ്ങൾ പൊതുജനങ്ങളെ ഗ്രഹിപ്പിക്കട്ടെ. ഖുർആൻ തഫ്സീർ (വ്യാഖ്യാനം) ആവശ്യമില്ലെന്നും സർവ്വസംഗതികളും അത് വ്യക്തമാക്കിത്തന്നിട്ടുണ്ടെന്നുമാണല്ലൊ ചിലരുടെ വാദം. എന്നാൽ, ഖുർആന്റെ പ്രസ്താവന കൊണ്ടുമാത്രം നമസ്കാരത്തിന്റെ രൂപവും ക്രമവും കാട്ടിത്തരാൻ ആർക്കുംതന്നെ സാധ്യമാകയില്ല. അതിന്റെ വിവരണം തിരുനബിയുടെ കർമ്മമാതൃക മുഖാന്തരം മാത്രമെ നമുക്ക് മനസ്സിലാക്കാനാവുകയുള്ളൂ. ഇങ്ങനെ നമസ്കാരത്തിന്റെ പൂർണ്ണമായ രൂപവും ക്രമവും മനസ്സിലാക്കാൻ സാധിക്കുമാറാകുന്നത് തിരുനബിയുടെ മാതൃകാരൂപേണയാണെന്ന് വരുമ്പോൾ, ആ നമസ്കാരവും ഇത്രനേരമുണ്ടെന്ന് തിരുമേനിയുടെ മാതൃക മുഖേന മാത്രമേ അറിയുകയുള്ളൂ.

'**സ്വലാത്ത്** പദത്തിന് നാമനുഷ്ഠിക്കുന്ന നമസ്കാരം എന്ന അർത്ഥത്തിന് പുറമെ വേറെയും അർത്ഥങ്ങളുണ്ടെന്ന് ഭാഗ്യവശാൽ പലരും സമ്മതിച്ചിട്ടുണ്ട്. '**സ്വലാത്ത്**' എന്ന പദത്തിന് **ദുആ**, **ദിക്ർ** എന്ന അർത്ഥമുണ്ട്. '**സ്വലാത്ത്**' എന്നത് **ഖിയാം**, **റുകൂഅ്**, **സുജൂദ്**, **ഖുഊദ്** ഈ വകകളിൽ ഏതെങ്കിലും ഇനത്തിൽ മാത്രം ചെയ്യുന്ന പ്രാർത്ഥനയ്ക്കും അനുഗ്രഹത്തിനും പറയാമെങ്കിലും ഖുർആൻ അധികസ്ഥലങ്ങളിലും മേൽപറഞ്ഞ



എല്ലാ ഇനങ്ങളും ഉൾപ്പെടുത്തിയിട്ടുള്ള ഒരു പ്രത്യേകതരം പ്രാർത്ഥനക്കാണ് പറഞ്ഞിട്ടുള്ളത്. എന്നാൽ, **ഖിയാം, റുകൂഅ്, സുജൂദ്, ഖുഊദ്** എന്നീ എല്ലാ അവസ്ഥാന്തരങ്ങളും സമ്മിളിതമായ രൂപത്തിൽ ചെയ്യപ്പെടുന്ന ഒരു പ്രാർത്ഥനക്കാണ് ഖുർആനിൽ സ്വലാത്ത് എന്ന വാക്ക് അധികസ്ഥലങ്ങളിലും പ്രയുക്തമായിരിക്കുന്നതെന്നും, അത് ഈ ക്രമത്തിലാണ് അനുഷ്ഠിക്കേണ്ടതെന്നുമുള്ള സംഗതി വിശുദ്ധഖുർആനിൽനിന്ന് തെളിയുമോ? ആദ്യമായി നില്ക്കുക, പിന്നെ കുനിയുകയും അനന്തരം കുമ്പിടുകയും അതിൽപിന്നെ ഇരിക്കുകയും ചെയ്തുകൊണ്ടുള്ള ക്രമത്തിലാണ്, നമസ്കാരം അനുഷ്ഠിക്കേണ്ടതെന്ന് വ്യക്തമാക്കിത്തരുന്ന ഖുർആൻ വാക്യങ്ങളുടെ തർജമ മാത്രം ആരെങ്കിലും ഉദ്ധരിക്കട്ടെ. തിരുനബിയുടെ മാതൃകയേയും അനുഷ്ഠാനക്രമത്തേയും പരിത്യജിക്കുന്നവർക്ക് ഈ നമസ്കാരക്രമം വിശുദ്ധഖുർആനിൽനിന്നുമാത്രം സിദ്ധിക്കുകയില്ലെന്ന് സ്പഷ്ടമാണ്. തന്നെയുമല്ല, റുകൂഅ്, സുജൂദ് തുടങ്ങിയ പദങ്ങൾക്ക് കൈത്തലങ്ങൾ കാല്മുട്ടുകളിന്മേൽ വെച്ചുകൊണ്ട് കുനിയുക, നെറ്റി നിലംതൊടുവിച്ച് കുമ്പിടുക തുടങ്ങിയ അർത്ഥം മാത്രമല്ല, വേറേയും പല അർത്ഥങ്ങളുമുണ്ടെന്ന് അറബിനിഘണ്ടുക്കൾ പറഞ്ഞുതരുന്നു. ഖാമൂസ്, മുഫറദാത്ത്, നിഹായ മുതലായ എല്ലാ നിഘണ്ടുക്കളിൽനിന്നും ഈ വസ്തുത ഗ്രഹിക്കാവുന്നതാണ്. അപ്പോൾ നമസ്കാരത്തിൽ റുകൂഅ്, സുജൂദ് എന്നിവ ചെയ്യണമെന്നത് എപ്രകാരം ഖുർആനിൽനിന്ന് വ്യക്തമാകുന്നില്ലയോ അപ്രകാരംതന്നെ റുകൂഅ്, സുജൂദ് എന്നിവയുടെ അർത്ഥം കുനിയുകയും കുമ്പിടുകയും ചെയ്യുക എന്നത് മാത്രമാണെന്നും വ്യക്തമാകയില്ല. നമസ്കാരക്രമം തിരുനബിയുടെ സുന്നത്ത് മുഖാന്തരം മാത്രം മനസ്സിലാക്കാൻ സാധിക്കുന്നതുപോലെതന്നെ, റുകൂഅ്, സുജൂദ് എന്നിവയുടെ വിവക്ഷിതം നമസ്കാരത്തിലെ ഈ പ്രത്യേക നിലകളാണെന്നതും നബിതിരുമേനിയുടെ മാതൃക മുഖേന മാത്രമേ മനസ്സിലാക്കാനാവുകയുള്ളൂ. അല്ലാതെ, തിരുമാതൃകയെ പരിത്യജിച്ചുകൊണ്ട് സ്വലാത്ത്, റുകൂഅ്, സുജൂദ് ആദിയായ ശബ്ദങ്ങൾക്ക് അറബിഭാഷയിലുള്ളതും നിഘണ്ടുകർത്താക്കൾ എടത്തുകാണിച്ചതുമായ

അർത്ഥം മാത്രം ആധാരമാക്കുന്നവർക്ക്, സ്വലാത്ത് ഒരു പ്രത്യേ കരീതിയിലുള്ള ആരാധനയോ, റുകൂഅ്, സുജൂദ് എന്നിവ കൊണ്ടുള്ള വിവക്ഷിതം കുനിയുകയും കുമ്പിടുകയും ചെയ്യു കയോ അല്ലെന്നും പറഞ്ഞ് നിഘണ്ടുക്കളിലെ അർത്ഥം മാത്രം അവലംബമാക്കി പ്രവർത്തിക്കാവുന്നതാണ്. ***ഫർസ് നമസ്കാരം അഞ്ചുനേരമല്ലായെന്ന് വാദിക്കുന്ന എല്ലാ ഓരോരുത്തരേയും ഞാൻ ആഹ്വാനം ചെയ്യുന്നു, അല്ലാ ഞാൻ വെല്ലുവിളിക്കു ന്നു, അവർ സത്യവാന്മാരാണെങ്കിൽ വിശുദ്ധഖുർആ നിൽനിന്ന് നമസ്കാരത്തിന്റെ ക്രമത്തെ എടുത്തുകാണി ക്കട്ടെയെന്ന്. അതവർക്ക് ഒരിക്കലും ഒരിക്കലും സാധ്യമല്ല. നമസ്കാരം എങ്ങനെയാണ് അനുഷ്ഠിക്കേണ്ടത് എന്നതാ ണല്ലൊ ഒന്നാമത്തെ പ്രശ്നം. അതെത്ര നേരമാണെന്നത് അതിനുശേഷം ഉത്ഭവിക്കുന്ന രണ്ടാമത്തെ പ്രശ്നമാണ്. ഒന്നാമത്തേതുതന്നെ തിരുനബിയുടെ പ്രവൃത്തി മുഖേന മാത്രം മനസ്സിലാകുന്നതാണെന്ന് വരുമ്പോൾ രണ്ടാമത്തെ സംഗതിക്ക് നബിതിരുമേനിയുടെ പ്രവർത്തിമാതൃക സ്വീകാ ര്യമല്ലെന്ന് പറയുന്നത് നീതിയോ, യുക്തിയോ ആവുന്നതെ ങ്ങനെ?***

നമസ്കാരം മൂന്നുനേരം മാത്രമാണെന്ന് വരുത്തുവാൻ ചിലർ കാണിക്കുന്ന ഒന്നാമത്തെ ആയത്തുതന്നെ നമസ്കാരം അഞ്ചുനേരമാണെന്നാണ് മനസ്സിലാക്കിത്തരുന്നത്.

حٰفِظُوْا عَلَى الصَّلَوٰتِ وَالصَّلٰوةِ
الْوُسْطٰى ۚ وَقُوْمُوْا لِلّٰهِ قٰنِتِيْنَ ﴿٢٣٩﴾

ഇതിന്റെ അർത്ഥം നമസ്കാരങ്ങളേയും മദ്ധ്യമനമസ്കാര ത്തേയും നിങ്ങൾ കൃത്യമായി അനുഷ്ഠിക്കുവിൻ; ഭയഭക്തിയു ള്ളവരായി അല്ലാഹുവിനുവേണ്ടി നില്ക്കുകയും ചെയ്യുവിൻ'' (2:239). ഈ ആയത്തിലെ ബഹുവചനം മൂന്നിനെ എന്നപോലെ



നാലിനേയും അതിലധികത്തേയും കുറിക്കുന്നുവെന്നും അതി നോട് ചേർത്ത് പറഞ്ഞത്– അതിലുൾപ്പെട്ടത് തന്നെയാണെന്നും തെളിയിക്കുന്ന ഖണ്ഡിതമായ രേഖയില്ലെങ്കിൽ– അതിന് പുറ മേയുള്ളത് തന്നെയായിരിക്കുമെന്നുമുള്ളത് അറബിഭാഷയിലെ വ്യക്തമായ ഒരു നിയമമാണ്. ആ സ്ഥിതിക്ക് ബഹുവചനം മൂന്നിനെ മാത്രമെ കുറിക്കുന്നുള്ളൂ എന്നും അതോട് ചേർത്തു പറഞ്ഞത് അതിലുൾപ്പെട്ടത് മാത്രമെ ആയിരിക്കുകയുള്ളൂ എന്നും അറബിഭാഷാ നിയമത്തിന് നിരക്കാത്തതും നബി(സ) തിരുമേനി സ്വമാതൃകയാൽ കാണിച്ചുതന്ന വിവരണത്തിന് വിപ രീതവുമാണ്. ഒരു വാചകത്തോടു ചേർത്ത് മറ്റൊരു വാചകം പറയുകയാണെങ്കിൽ അത് ഏത് ഭാഷയിലും ആദ്യത്തെ വാച കാർത്ഥത്തെ ഉൾക്കൊണ്ട കാര്യമായിരിക്കയില്ല, അത് മറ്റൊരു കാര്യത്തെ കുറിക്കുന്നത് തന്നെയായിരിക്കും. രണ്ടാമത്തെ വാച കാർത്ഥം ആദ്യവാചകാർത്ഥ കാര്യത്തിൽതന്നെ ഉൾപ്പെട്ടതാ ണെന്ന് തെളിയിക്കുന്ന ഖണ്ഡിതമായ രേഖ ഉണ്ടെങ്കിൽ മാത്രമെ അങ്ങനെ കരുതിക്കൂടൂ. പ്രസ്തുത ആയത്തിൽ 'മദ്ധ്യമനമ സ്കാരം' എന്നുള്ളത് ആദ്യം പറഞ്ഞ നമസ്കാരങ്ങൾ എന്ന തിൽ ഉൾപ്പെട്ടതാണെന്ന് തെളിയിക്കുന്ന രേഖയൊന്നുമില്ലെന്ന് മാത്രമല്ല, ഒരു സൂചനപോലും ഇല്ല. മറിച്ച്, അതിലുൾപ്പെട്ടത ല്ലെന്ന് തെളിയിക്കുന്നതിലാണ് രേഖയുള്ളത്. അതുപോലെ തന്നെ നമസ്കാരങ്ങൾ എന്നിവിടെ പറഞ്ഞതിന്റെ താൽപര്യം മൂന്ന് നമസ്കാരം മാത്രമാണ് എന്നുള്ളതിലേക്കും യാതൊരു സൂചനയുമില്ല. മറിച്ച്, അത് നാല് നമസ്കാരമാണെന്നാണ് ഈ ആയത്ത് മനസ്സിലാക്കിത്തരുന്നത്. എന്തെന്നാൽ, നമസ്കാര ങ്ങൾ എന്നതിന്റെ വിവക്ഷിതം മൂന്ന് നമസ്കാരമാണെന്ന് പറ യുന്നപക്ഷം അതിനോട് ചേർത്തുപറഞ്ഞ 'മദ്ധ്യമനമസ്കാരം' മദ്ധ്യത്തിലേത് ആവുകയില്ല. നാലാണെങ്കിൽ മാത്രമേ അത് മദ്ധ്യ ത്തിൽ വരികയുള്ളൂ. 'നമസ്കാരങ്ങൾ' എന്നതിന്റെ വിവക്ഷിതം 'മൂന്ന് നമസ്കാരം ആണെന്ന് കല്പിക്കുന്നപക്ഷം 'മദ്ധ്യമനമ സ്കാരം' എന്നത് മദ്ധ്യത്തിലാവുകയില്ല; ഒരുഭാഗത്ത് ഒന്നും മറ്റേ ഭാഗത്ത് രണ്ടും ആയിരിക്കും. ആകയാൽ, മദ്ധ്യമനമ സ്കാരം എന്നുള്ളതിന് മൂന്ന് നമസ്കാരങ്ങൾ എന്ന് പറഞ്ഞ

തിൽനിന്ന് ആ നമസ്കാരങ്ങൾ നാലാണെന്ന് മനസ്സിലാക്കേണ്ടിയിരിക്കുന്നു. അങ്ങനെ ആ 'മദ്ധ്യമനമസ്കാരം' ആ നാല് നമസ്കാരങ്ങളുടെ മദ്ധ്യത്തിലായിത്തീരുന്നു. അപ്പോൾ ഈ ആയത്തുകൊണ്ട് നമസ്കാരം അഞ്ചുനേരമാണെന്നാണ് സ്പഷ്ടമാകുന്നത്. ഇങ്ങനെ ഒരു കാര്യത്തോട് ചേർത്തുപറഞ്ഞ മറ്റൊരു കാര്യം ആദ്യത്തേതിൽ ഉൾപ്പെട്ടതായിരിക്കയില്ലെന്ന സാമാന്യനിയമവും, 'മദ്ധ്യമനമസ്കാര'മെന്നത് മദ്ധ്യത്തിലാവണമെങ്കിൽ 'നമസ്കാരങ്ങൾ' എന്നത് നാല് നമസ്കാരങ്ങളായിരിക്കണമെന്നുള്ള ഗണനയും നബി(സ)തിരുമേനിയുടെ മാതൃകയുമെല്ലാം വ്യക്തമാക്കിത്തരുന്നത് ഫർസ് നമസ്കാരം മൂന്നല്ല, അഞ്ചാണെന്ന് തന്നെയാണ്.

പ്രസ്തുത ആയത്തിൽ പറഞ്ഞ 'സ്വലാത്തുൽവുസ്ത്വാ' എന്നതിന് 'ഉൽക്കൃഷ്ടനമസ്കാരം' എന്നാണ് ചിലർ വിവക്ഷിച്ചിരിക്കുന്നത്. 'വുസ്ത്വാ' എന്നത് 'ഔസത്വ്' ശബ്ദത്തിന്റെ സ്ത്രീലിംഗരൂപമാണ് എന്നും, അതിന്റെ സാക്ഷാൽഅർത്ഥം 'മദ്ധ്യേ' എന്നാണെന്നുമുള്ള സംഗതി ഏത് അറബിനിഘണ്ടു നോക്കിയാലും അറിയാൻ സാധിക്കും. മുൻപ്രസ്താവിച്ച നിഘണ്ടുക്കളിൽനിന്നെല്ലാം ഈ യാഥാർത്ഥ്യം സുഗ്രാഹ്യമാണ്. മദ്ധ്യത്തിലുള്ളത് ശ്രേഷ്ഠമായതാണെന്ന ന്യായേനയാണ്, ശ്രേഷ്ഠമായതിന് ചിലപ്പോൾ '**വസ്ത്വ്**', '**ഔസത്വ്**', '**വുസ്ത്വാ**' എന്നിങ്ങനെയുള്ള പദങ്ങൾ ഉപയോഗിക്കാറുള്ളത്. ശ്രേഷ്ഠമായതിന് ഉപയോഗിക്കപ്പെടുന്നതുപോലെതന്നെ ഈ പദം ഉൽക്കൃഷ്ടമോ, നികൃഷ്ടമോ അല്ലാത്ത മദ്ധ്യതരത്തിലുള്ള വല്ലതിനും ഉപയോഗിക്കപ്പെടാവുന്നതാണെന്ന സംഗതി അറബിഭാഷാശാസ്ത്രത്തിൽനിന്ന് സ്പഷ്ടമാകുന്ന ഒരു പരമാർത്ഥമാണ്. നിഘണ്ടുക്കളിൽനിന്നുള്ള ഉദ്ധാരണങ്ങൾ ദൈർഘ്യഭയത്താൽ ഇവിടെ ചേർക്കുന്നില്ല. അതിനാൽ, 'വുസ്ത്വാ' ശബ്ദത്തിന്റെ സാക്ഷാൽ അർത്ഥത്തെ കേവലം അഗണ്യമാക്കി 'ഉൽക്കൃഷ്ടം' എന്ന് മാത്രം അതിന് അർത്ഥം പറയണമെങ്കിൽ അതിലേക്ക് സ്പഷ്ടമായ തെളിവുണ്ടായിരിക്കണം. അതില്ലെങ്കിൽ അതിന്റെ അർത്ഥം 'മദ്ധ്യ' എന്ന് തന്നെയായിരിക്കുന്നതാണ്. അതുപോലെതന്നെ, 



അതിന് 'ഉൽക്കൃഷ്ട'മെന്ന് അർത്ഥം പറയുന്നതും അത് മദ്ധ്യത്തിലായത് കൊണ്ടുതന്നെയാണെന്ന് സമ്മതിക്കേണ്ടിയിരിക്കുന്നു. അതിനാൽ, നമസ്കാരങ്ങൾ എന്നതിന്റെ വിവക്ഷിതം മൂന്ന് നമസ്കാരം മാത്രമാണെന്നും **സ്വലാത്തുൽവുസ്ത്വാ** എന്നത് ആ മൂന്നിൽ ഉൾപ്പെട്ടത് തന്നെയാണെന്നുമുള്ള ചിലരുടെ വ്യാഖ്യാനം അബദ്ധമാണ്. 'വുസ്ത്വാ' എന്നതിന് 'മദ്ധ്യേ' എന്ന അർത്ഥമുണ്ടെന്ന് ചിലർ സമ്മതിച്ചിട്ടുണ്ട്. അവർ പറയുകയാണ് 'വുസ്ത്വാ' എന്ന പദത്തിന് മദ്ധ്യം എന്നും ഉൽക്കൃഷ്ടം എന്നും ഖുർആനും ഡിക്ഷണറിയും സമ്മതിക്കുന്നുണ്ട്. 'നമസ്കാരങ്ങൾ' എന്ന ബഹുവചനത്തിൽ മദ്ധ്യമനമസ്കാരമെന്നോ, നടുനമസ്കാരമെന്നോ അതുമല്ലെങ്കിൽ ഉൽക്കൃഷ്ട നമസ്കാരമെന്നോ അവർ സമ്മതിക്കുന്നുണ്ട്.

അഞ്ച് നമസ്കാരങ്ങളിൽ ഏതെങ്കിലും ഒരു നമസ്കാരമാണ് 'സ്വലാത്തുൽ വുസ്ത്വാ' എന്നത് ഏത് നമസ്കാരവും മദ്ധ്യമനമസ്കാരമായിത്തീരും. മേലുദ്ധരിച്ച ആയത്ത് നമസ്കാരം അഞ്ചുതന്നെയാണെന്ന് മനസ്സിലാക്കിത്തരുന്നുണ്ടെങ്കിലും, മദ്ധ്യമനമസ്കാരം ഏതാണെന്ന് അത് വ്യക്തമാക്കിത്തരുന്നില്ല. എന്തെന്നാൽ, എല്ലാ ഓരോ നമസ്കാരവും സന്ദർഭോചിതം നമസ്കാരമായിത്തീരുന്നു. അതുകൊണ്ട് മനുഷ്യർക്ക് അവരുടെ ലൗകിക വ്യവഹാരത്തിരക്കുകൾക്ക് ഇടയ്ക്ക് നമസ്കരിക്കേണ്ടിവരുന്ന ഏത് നമസ്കാരവും മദ്ധ്യമനമസ്കാരമായിത്തീരും. ഒരിക്കൽ ശത്രുക്കളുടെ പ്രതിരോധം നിമിത്തം, അസ്വ്ർ നമസ്കാരം മുടങ്ങിയപ്പോൾ മദ്ധ്യമനമസ്കാരത്തിന് നമ്മെ ശത്രുക്കൾ തടഞ്ഞുകളഞ്ഞു എന്ന് തിരുനബി(സ) അരുൾചെയ്ത സ്വഹീഹായ നിവേദനത്തിനും ഈ അർത്ഥം സിദ്ധിക്കുന്നുണ്ട്.

وَأَقِمِ الصَّلَوٰةَ طَرَفَيِ النَّهَارِ وَزُلَفًا مِّنَ الَّيْلِ

"പകലിന്റെ രണ്ട് ഭാഗങ്ങളിലും രാവിന്റെ ആദ്യഭാഗങ്ങളിലും നമസ്കാരം നിലനിറുത്തുക" (11:115). നമസ്കാരം അഞ്ചുനേരമാണെന്നതിലേക്കാണ് ഈ വചനം പ്രമാണമായിരിക്കുന്നത്. മാത്രമല്ല, നബി(സ) തിരുമേനി തന്റെ അന്ത്യശ്വാസംവരെയുള്ള

നിരന്തരമായ കർമ്മസാക്ഷ്യം മുഖേന വ്യക്തമാക്കിതന്നിട്ടുള്ളതും നമസ്കാരം അഞ്ചുനേരംതന്നെ എന്നാണ്. ഇതിനെ സംബന്ധിച്ച് നമുക്ക് നിഷ്പക്ഷമായി പ്രതിപാദിക്കാം.

വിശുദ്ധഖുർആൻ ആർക്കിറങ്ങിയോ, അതിനെ ലോകത്തിന് വ്യാഖ്യാനിച്ച് കൊടുക്കുവാൻ ആര് ദൈവനിയുക്തനായോ, ആ നബി(സ) തിരുമേനി ഈ ആയത്തിന്റെ സാക്ഷാൽ അർത്ഥം ഗ്രഹിച്ചിരുന്നു. ആ മഹാത്മാവും ശിഷ്യഗണങ്ങളും ഫർസ് നമസ്കാരം അനുഷ്ഠിച്ചുപോന്നത് അഞ്ചുനേരം തന്നെയാണെന്നുള്ളത് ഇസ്ലാം ചരിത്രത്തിലെ ഒരു അഖണ്ഡ്യവസ്തുതയാണ്. സത്യനിഷ്ഠയും നീതിബോധവും അല്പമാകിലുമുള്ള ആർക്കുംതന്നെ ഈ യാഥാർത്ഥ്യം നിഷേധിക്കാനാവില്ല. നിഷേധിക്കുന്നപക്ഷം ഇസ്ലാംചരിത്രവും ആ മഹാത്മാവിന്റെ ജീവിതചര്യയും മുഖേന തെളിയുന്ന ഏത് സംഗതിയും ഇതിലുമെളുപ്പത്തിൽ നിരാകരിക്കാവുന്നതാണ്. എന്തെന്നാൽ, ഈ വസ്തുത അത്രയും അഖണ്ഡ്യവും അനിഷേധ്യവുമായുള്ള ഒരു പാരമ്പര്യമത്രെ. ആ ദിവ്യാത്മാവ് മനുഷ്യരാശിക്ക് മാതൃകയായിരിക്കാൻ അല്ലാഹു നിയോഗിച്ചയച്ച തിരുദൂതനാണെന്നും, വിശുദ്ധഖുർആൻ ആ സത്യാത്മാവിന് നല്കപ്പെട്ട ദിവ്യഗ്രന്ഥമാണെന്നും വിശ്വസിക്കുന്നുവെന്ന് അവകാശപ്പെടുന്നവർതന്നെ, ആ സത്യാത്മാവ് ഖുർആനിൽനിന്ന് ഗ്രഹിച്ചതനുസരിച്ച് പ്രവർത്തിച്ചു കാണിച്ചുതന്നിട്ടുള്ളതിനേയും ഉപദേശിച്ചിട്ടുള്ളതിനേയും അപ്പടി നിഷേധിക്കുകയും, ആ പവിത്രാത്മാവിന്റെ നേരെ ഈ കടന്ന ധിക്കാരവും ധാർഷ്ട്യവും കാട്ടുകയും ചെയ്യുന്നുവല്ലോ എന്നോർത്ത് ഞാൻ പലപ്പോഴും ഹൃദയവ്യഥ അനുഭവിക്കാറുണ്ട്. മേൽആയത്തിന്റെ അർത്ഥം എന്താണെന്ന് പരിശോധിക്കാം.

'**നഹാർ**' (പകൽ) എന്നത് ഇസ്ലാമിക ശാസ്ത്രമനുസരിച്ച് പ്രഭാതം മുതൽ സൂര്യാസ്തമയം വരെയുള്ള സമയത്തിനാണ് പറയപ്പെടുന്നത്. ഇത് ഇസ്ലാമിക ശാസ്ത്രമനുസരിച്ചുള്ള ഒരു പ്രയോഗമാണ്. **മുഫ്റദാത്ത്** എന്ന നിഘണ്ടുവിൽ എഴുതിയിരിക്കുന്നത് ശരീഅത്ത് പ്രകാരം പ്രഭാതം മുതൽ സൂര്യാസ്ത



മയം വരെയുള്ള സമയമാകുന്നു. **മൂസ്** എന്ന നിഘണ്ടുവിൽ പ്രഭാതം മുതൽ അസ്തമയം വരെയുള്ള പ്രകാശത്തിനാണ് **നഹാർ** എന്നു പറയുന്നത്. അറബികൾ വെളിച്ചം ആരംഭിക്കുന്നത് മുതൽ അസ്തമയം വരെയുള്ള സമയത്തിന് **നഹാർ** എന്നു പറയുന്നു. സാധാരണ ഉപയോഗപ്രകാരം സൂര്യോദയം മുതൽ അസ്തമയം വരെയുള്ള സമയമാണ് **നഹാർ** (മിസ്ബാഹ്). പ്രഭാതം മുതൽ സൂര്യാസ്തമയം വരെയുള്ള സമയത്തിന് **നഹാർ** എന്നു പറയുന്നു. ***ശറഹ്*** പ്രകാരം പുലർച്ച മുതൽ അസ്തമയംവരെയുള്ള സമയമാണ്. നിഘണ്ടുക്കളിലെ ഈ വിവരണത്തിൽനിന്ന് സുവ്യക്തമാകുന്നത് ഉദയത്തിന് മുമ്പേയുള്ള പ്രഭാതത്തിന് പകൽ എന്ന് പറയാമെങ്കിലും പ്രഭാതം മുതൽക്കുള്ള സമയത്തിന് പകൽ എന്ന് പറയുന്നത് ശരീഅത്തിലെ ഒരു പ്രത്യേക പ്രയോഗമാണെന്ന്കൂടിയും **മുഫ്റദാത്ത്**, **മുൻജിദ്** തുടങ്ങിയുള്ള നിഘണ്ടുക്കൾ വ്യക്തമാക്കിത്തന്നിരിക്കുന്നു. '**ലയ്ൽ**' എന്നാൽ, സൂര്യൻ അസ്തമിച്ചത് മുതൽ പ്രഭാതംവരെ (ഖാമൂസ്). "സൂര്യനസ്തമിച്ചത് മുതൽ പ്രഭാതം വരെയുള്ള സമയമാണ് **ലയ്ൽ**" (മിസ്ബാഹ്). "സൂര്യാസ്തമയം തുടങ്ങി പ്രഭാതംവരെ **ലയ്ൽ** (മുൻജിദ്). '**ത്വറഫ്**' എന്ന പദത്തിന് 'അറ്റം' എന്ന് മാത്രമല്ല 'ഭാഗം' എന്നും 'അംശം' എന്നും അർത്ഥമുണ്ട്. നിഘണ്ടുക്കൾ അതിന് നല്കുന്ന അർത്ഥം ഇങ്ങനെയാണ്. ''**അന്നാഹിയത് വത്തായിഫതു മിനശ്ശയ്**– ഭാഗം, ഒരു സാധനത്തിന്റെ അംശം" (ഖാമൂസ്). "**ത്വറഫുശ്ശയ് ജാതിബഹു**– ഒരു വസ്തുവിന്റെ ത്വറഫ് അതിന്റെ ഭാഗമാണ്" (മുഫ്റദാത്). ''**അത്ത്വറഫു അന്നാഹിയതു– ത്വറഫ്** എന്നാൽ, ഭാഗം എന്നർത്ഥം (മിസ്ബാഹ്). **അത്ത്വറഫു– അന്നാഹിയതു വതായിഫതുമിനശ്ശയ്– ത്വറഫ്** എന്നാൽ ഭാഗം, ഒരു വസ്തുവിന്റെ അംശം" (മുഖ്താർ) ''**ത്വർഫുശ്ശയി വ നിഹായതുഹു, അത്താഹിയതു, തായിഫതുൻ മിനശ്ശയ്**– ഒരു വസ്തുവിന്റെ അറ്റം, ഭാഗം; ഒരു വസ്തുവിന്റെ അംശം" (അഖ്റബുൽ മവാരിദ്) "**മുൻതഹാ കുല്ലിശയ്യിൻ**, **അത്താഹിയതു**, **തായിഫതുൻ മിനശ്ശയ്**– ഒരു വസ്തുവിന്റെ അറ്റം, ഭാഗം; ഒന്നിന്റെ അംശം" (മുൻജിദ്) "**ഖിത്അതുൻ വ ജാനിബുൻ**– അംശം,

ഭാഗം'' (നിഹായ) നിഘണ്ടുക്കളിലെ ഈ അർത്ഥ വിവരണത്തിൽനിന്ന് സൂര്യപ്രകാശംപോലെ സ്പഷ്ടമാകുന്നത്, 'ത്വറഫ' ശബ്ദത്തിന് അറ്റം എന്ന് മാത്രമല്ല, ഭാഗം, അംശം എന്നിങ്ങനെയും അർത്ഥമുണ്ടെന്നാണ്. ത്വറഫ് എന്നതിന് ഭാഗം എന്നും അംശം എന്നും അർത്ഥമുണ്ടെന്ന് നിഘണ്ടുക്കൾ വ്യക്തമാക്കിത്തരുന്നു. ആ അർത്ഥമെടുക്കുമ്പോൾ മുകളിലെ ആയത്തിൽനിന്ന് നമസ്കാരം അഞ്ചുനേരമാണെന്ന് നബി(സ) തിരുമേനി മനസ്സിലാക്കി അനുഷ്ഠിച്ചുപോന്നത് ശരിയാണെന്ന് വ്യക്തമാണ്.

വിശുദ്ധഖുർആൻ മനസ്സിലാക്കിത്തരുന്നത് 'ത്വറഫ' എന്നതിന് അംശം, ഭാഗം എന്നിങ്ങനെ അർത്ഥമുണ്ടെന്നാണ്. മാത്രമല്ല, ഈ അർത്ഥത്തിൽ തന്നെയാണ് ഖുർആനിൽ മറ്റു പല സ്ഥലങ്ങളിലും പ്രസ്തുത പദം പ്രയുക്തമായിരിക്കുന്നതും. ഖുർആനിൽ പറയുന്നു: '**ലിയഖ്തഅ ത്വറഫൻ മിനല്ലദീനകഫറൂ**''– അവിശ്വസിച്ചവരിൽനിന്ന് ഒരു ഭാഗത്തെ ഛേദിച്ചുകളയുന്നതിന് (3:128). ''***നൻകസുഹാ മിൻ അത്്റാഫിഹാ***– നാം ഭൂമിയെ അതിന്റെ ചുറ്റുഭാഗങ്ങളിൽനിന്ന് ചുരുക്കുന്നു'' (13:42). ''**വ അത്്റാഫന്നഹാരി**– പകലിന്റെ അംശങ്ങളിലും" (20:131). '**ത്വറഫ**' എന്നതിന്റെ ബഹുവചനമാണ് '**അത്്റാഫ്**'. ഈ വാക്യങ്ങളിലൊന്നിലും '**ത്വറഫ്**' എന്ന പദത്തിന് 'അറ്റം' എന്ന അർത്ഥം വിവക്ഷിക്കാവതല്ലെന്നത് വ്യക്തമാണ്. അപ്പോൾ 'ത്വറഫ്' എന്നതിന് ഖുർആനും നിഘണ്ടുക്കളും മനസ്സിലാക്കിത്തരുന്ന പ്രധാന അർത്ഥം ഭാഗം എന്നും അംശം എന്നും തന്നെയാണെന്നു വ്യക്തമാകുന്നു. മേലുദ്ധരിച്ച ആയത്തിൽ പ്രയുക്തമായ മറ്റൊരു പദം '**സുലഫുൻ**' എന്നതാണ്. '**സുലഫുൻ മിനല്ലയ്ലി**' എന്നതിന് രാത്രിയിൽനിന്നുള്ള അടുത്ത ഭാഗങ്ങൾ എന്നാണർത്ഥം. ഈ ധാതുവിൽനിന്നുല്പന്നമായ പല രൂപത്തിലുള്ള പദങ്ങളും വിശുദ്ധഖുർആനിൽ പല സ്ഥലങ്ങളിലായി പ്രയുക്തമായിട്ടുണ്ട്. അവിടങ്ങളിലെല്ലാം അടുപ്പം, സാമീപ്യം, പദവി എന്നീവിധ അർത്ഥത്തിൽ മാത്രമാണ് അതുപയുക്തമായിരിക്കുന്നത്. ദൈർഘ്യഭയത്താൽ ഖുർആനിൽനിന്ന് ഉദ്ധാരണങ്ങൾ ചേർക്കുന്നില്ല. (67:27, 34:37, 39:4) മുതലായ ആയത്തുകൾ നോക്കുക. 'സുലഫുൻ' എന്നാൽ, രാത്രിയുടെ ആദ്യാംശങ്ങളും പകലിന്റെ ആദ്യാംശങ്ങളും (ഖാമൂസ്) 'സുൽഫതുൻ' എന്നാൽ രാത്രിയുടെ ആദ്യാംശം. ഇതിന്റെ ബഹുവചനമാണ് '**സുലഫുൻ**' എന്നത് (മുഖ്താർ). ''രാത്രിയുടെ ഭാഗം, പകലോടടുത്ത രാത്രിസമയം" (മുൻജിദ്). "സുൽഫതുൻ എന്നാൽ, രാത്രിയുടെ ആദ്യഭാഗം, പകലോടടുത്ത രാത്രിയുടെ അംശം" (അഖ്റബുൽ മവാരിദ്). നിഘണ്ടുക്കൾ തുറന്ന് പ്രസ്തുത പദത്തിന് നല്കപ്പെട്ട അർത്ഥങ്ങളിലേക്ക് ഒന്ന് കണ്ണോടിക്കട്ടെ. അതുപോലെത്തന്നെ വ്യത്യസ്ത രൂപങ്ങളിലായി വിശുദ്ധഖുർആനിൽ പ്രയുക്തമായിട്ടുള്ള ഈ പദത്തെപ്പറ്റി ചിന്തിച്ചുനോക്കുകയും ചെയ്യട്ടെ.



എന്നാൽ, നബി(സ) തിരുമേനിയുടെ കർമ്മമാതൃകയെ മുൻനിറുത്തി ചിന്തിക്കുന്നതായാൽ ഫർസ് നമസ്കാരം അഞ്ചുതന്നെയാണെന്ന് ഈ ആയത്തിൽനിന്ന് ഗ്രഹിക്കാവുന്നതാണ്. ഈ ആയത്തുകളുടെ വെളിച്ചത്തിൽ നബി(സ) തിരുമേനിയുടെ കർമ്മമാതൃകയെ അവലംബിച്ചു ചിന്തിക്കുമ്പോൾ ആ മഹാത്മാവിനെ പരിപൂർണ്ണമാതൃകയായി കൈക്കൊള്ളുന്നവർക്ക് നമസ്കാരം അഞ്ച് നേരമാണെന്ന് ഗ്രഹിക്കാൻ പ്രയാസമില്ല.

**ത്വറഫ്** എന്നതിന് അംശം, ഭാഗം എന്നീ അർത്ഥമുള്ളതായി വിശുദ്ധഖുർആനും നിഘണ്ടുക്കളും സ്പഷ്ടമാക്കിത്തരുന്നു. ഏതൊന്നിനേയും പ്രധാനമായിട്ട് രണ്ടായിട്ട് ഭാഗിക്കാമല്ലൊ. അപ്പോൾ പകലിനെ നമുക്ക് രണ്ട് ഭാഗമായി അംശിക്കാവുന്നതാണ്. അതിന്റെ ഓരോ ഭാഗത്തിനും '**ത്വറഫ്**' എന്ന് പറയാമെന്ന് ഖുർആനും നിഘണ്ടുക്കളും മനസ്സിലാക്കിത്തരുന്നു. മദ്ധ്യാഹ്നത്തിനു മുമ്പേയുള്ള ഭാഗം പകലിന്റെ ഒരു 'ത്വറഫും', മദ്ധ്യാഹ്നത്തിനുശേഷം അസ്തമയം വരെയുള്ളത് രണ്ടാമത്തെ ത്വറഫും ആയിരിക്കും. പകലിന്റെ ഈ രണ്ട് ഭാഗങ്ങളിലും നമസ്കരിക്കണമെന്നാണ് പ്രസ്തുത ഖുർആൻ വാക്യം '**ത്വറഫയിന്നഹാരി**' എന്ന പദം മുഖേന മനസ്സിലാക്കിത്തന്നിരിക്കുന്ന

ത്. ഒന്നാമത്തെ ഭാഗത്തിൽ എത്ര നമസ്കാരം നിർബന്ധമാണെന്ന് വിശുദ്ധഖുർആനിലെ മറ്റ് ആയത്തുകൾ സൂചിപ്പിക്കുകയും, നബി(സ) തിരുമേനി പ്രവർത്തിച്ചു കാണിച്ചുതരികയും ചെയ്തിരിക്കുന്നുവോ അത് ഒന്നാമത്തെ ത്വറഫിൽ ഉൾപ്പെടും. വിശുദ്ധഖുർആൻ മറ്റ് ആയത്തുകളിൽ പറഞ്ഞുതന്നിരിക്കുന്നതും നബി(സ) തിരുമേനി സ്വമാതൃകയാൽ കാണിച്ചുതന്നിരിക്കുന്നതും ആ ഒന്നാമത്തെ ഭാഗത്തിൽ ഒരു നമസ്കാരം- സുബ്ഹി നമസ്കാരം- മാത്രമെ നിർബന്ധമുള്ളൂ എന്നാണ്. രണ്ടാമത്തെ ഭാഗത്തിൽ, ഇത്ര നമസ്കാരമാണ് നിർബന്ധമാക്കിയിട്ടുള്ളതെന്ന് മനസ്സിലാക്കിത്തരുന്നതും ഖുർആനിലെ മറ്റായത്തുകളും തിരുനബിയുടെ കർമ്മരൂപമായ വ്യാഖ്യാനവും തന്നെയാണ്. അതിൽ രണ്ട് നമസ്കാരം- സുഹ്റും അസ്വ്റും- ഉൾപ്പെടുന്നു.

'**ത്വറഫയിന്നഹാരി**' എന്നതിന്റെ വിവക്ഷിതം 'പകലിന്റെ രണ്ട് ഭാഗം എന്നാണെന്ന് തിരുനബി(സ) മനസ്സിലാക്കുകയും അതിനനുസരിച്ച് പ്രവർത്തിക്കുകയും ചെയ്തുപോന്നു. എന്തെന്നാൽ 'ത്വറഫ്' എന്നതിന് 'അറ്റം' എന്ന അർത്ഥത്തേക്കാൾ അംശം, ഭാഗം എന്നീ അർത്ഥങ്ങളാണ് നിഘണ്ടുക്കളും ഖുർആനും കൂടുതൽ വ്യക്തമാക്കിത്തന്നിരിക്കുന്നത്. '**സുലഫൻമിനല്ലയ്ലി**' എന്നതിന്റെ അർത്ഥം രാത്രിയുടെ ആദ്യാംശങ്ങൾ എന്ന് മാത്രമാണ്. രാത്രിയുടെ ആദ്യാംശങ്ങളിൽ അനുഷ്ഠിക്കപ്പെടുന്ന മഗ്രിബും ഇശായും മാത്രമാണ് അതുകൊണ്ട് വിവക്ഷിക്കപ്പെട്ടിരിക്കുന്നത്. അങ്ങനെ, പ്രസ്തുത ആയത്തിൽ പ്രയുക്തമായ നഹാർ, ത്വറഫ്, സുലഫ് എന്നീ പദങ്ങൾക്ക് വിശുദ്ധഖുർആനും നിഘണ്ടുക്കളും വ്യക്തമാക്കിത്തരുന്ന അർത്ഥം സ്വീകരിക്കുമ്പോൾ നബി(സ) തിരുമേനി സ്വമാതൃകയാൽ കാണിച്ചുതന്നവണ്ണം അഞ്ചുനേര നമസ്കാരമാണ് അതുകൊണ്ട് വിവക്ഷിക്കപ്പെട്ടിരിക്കുന്നത് എന്ന് സമ്മതിക്കേണ്ടതായിവരുന്നു. ഈ ആയത്തിൽ സൂക്ഷ്മരൂപേണ അടങ്ങിയിരിക്കുന്ന അർത്ഥത്തെ തിരുനബി(സ) സ്വമാതൃകയും ഉപദേശവും മുഖാന്തരം വിശദീകരിച്ചുതന്നിരിക്കുന്നു. മറ്റുള്ളവരുടെ വ്യാഖ്യാന



ത്തേക്കാൾ സ്വീകാര്യമായിരിക്കേണ്ടത് തിരുനബി(സ)യുടെ വിശദീകരണം തന്നെയാണല്ലോ.

اَقِمِ الصَّلٰوةَ لِدُلُوۡكِ الشَّمۡسِ اِلٰى غَسَقِ الَّيۡلِ وَقُرۡاٰنَ الۡفَجۡرِ

സൂര്യൻ മദ്ധ്യാഹ്നത്തിൽനിന്ന് തെറ്റുന്ന സമയം മുതൽ രാത്രി ഇരുട്ടാകുംവരെ നമസ്കാരം കൃത്യമായി അനുഷ്ഠിക്കുക, പ്രഭാതവേളയിലെ ഖുർആൻ പാരായണവും (അനുഷ്ഠിക്കുക) (17:79). '**ദുലൂക്**' എന്നാൽ, മദ്ധ്യാഹ്നത്തിൽനിന്ന് തെറ്റുക, നിറം മങ്ങുക, അസ്തമിക്കുക എന്നിങ്ങനെയാണ് പദത്തിന്റെ അർത്ഥം. സുഹ്ർ, അസ്വ്ർ, മഗ്രിബ് എന്നീ മൂന്ന് സമയങ്ങളാണ് ഇതുകൊണ്ട് സൂചിപ്പിക്കുന്നത്. രാത്രി ഇരുട്ടാകുക എന്നതുകൊണ്ട് ഇശാഅ് നമസ്കാരത്തിന്റെ സമയവും പ്രഭാതവേളയിലെ ഖുർആൻപാരായണം എന്നതുകൊണ്ട് സുബ്ഹി നമസ്കാരവും വിവക്ഷിതമാകുന്നു. അങ്ങനെ ഈ സൂക്തത്തിൽത്തന്നെ വിശുദ്ധഖുർആൻ അഞ്ചുനേര നമസ്കാരവും ഉൾപ്പെടുത്തിയിരിക്കുന്നു.

'**ദുലൂക്കുശ്ശംസ്**' എന്നതിന്റെ അർത്ഥം താഴെ വിവരിക്കും പ്രകാരമാണ് നിഘണ്ടുക്കളിൽ പറഞ്ഞുകാണുന്നത്.

1. 'സൂര്യൻ ദുലൂക് ചെയ്തു' 'ആകാശത്തിന്റെ മദ്ധ്യത്തിൽ നിന്ന് നീങ്ങി. അസ്തമയത്തിനും പറയപ്പെടുന്നു.* (നിഘണ്ടു മിസ്ബാഹ്)

2. **ദുലൂക്കുശ്ശംസ്**- സൂര്യൻ മദ്ധ്യാഹ്നത്തിൽനിന്ന് നീങ്ങുക, അസ്തമിക്കുക എന്നും അർത്ഥമുണ്ട്.

3. **ദലക്കത്തിശ്ശംസ്**- 'സൂര്യൻ മദ്ധ്യത്തിൽനിന്ന് നീങ്ങി (നിഘണ്ടു അദുർറുന്നസ്വീർ). ഈ അർത്ഥത്തിലാണ് ***അഖിമിസ്വ***

* ഡിക്ഷണറി ഖാമൂസ്, അറബിമലയാളം: 951-ാം പേജിൽ ദലക= സൂര്യൻ മദ്ധ്യാഹ്നത്തിൽനിന്ന് തെറ്റുക/ അസ്തമിക്കാറാകുക. ദലക= ഉച്ച, അസ്തമയം, സന്ധ്യാസമയം. ഡിക്ഷണറി 'അൽമൻഹൽ': അറബ് മലയാളം പേജ് 230-ൽ ദലക്= അസ്തമിക്കാറാകുക, മദ്ധ്യാഹ്നരേഖയിൽനിന്ന് തെറ്റുക; ദലകുൻ= സൂര്യാസ്തമയ സമയം, പേ-230 (സമ്പാദകൻ)

***ലാത്ത ലിദുലൂക്കിശ്ശംസി*** എന്ന ആയത്തിലെ പ്രയോഗം. ദുലൂക്കിന്റെ അർത്ഥം അസ്തമിക്കൽ എന്നാണെന്നും പറയപ്പെട്ടിട്ടുണ്ട് (മുഖ്താർ).

4. **ദുലൂക്കുശ്ശംസ്**- എന്നാൽ, സൂര്യനസ്തമിക്കുക, അഥവാ വെയിലിന്റെ ഉഗ്രത കുറയുക, അല്ലെങ്കിൽ സൂര്യൻ മദ്ധ്യത്തിൽനിന്ന് ചായുക അഥവാ ആകാശമദ്ധ്യത്തിൽനിന്ന് നീങ്ങുക (ഖാമൂസ്, അഖ്റബുൽമവാരിദ്).

5. **ദുലൂക്കുശ്ശംസ്** എന്നാൽ, സൂര്യൻ അസ്തമിക്കുന്നതിനുവേണ്ടി ചായുക.

നിഘണ്ടുക്കളുടെ ഈ അർത്ഥവിവരണത്തിൽ (മുഫ്റദാത്ത്, മുൻജിദ്)നിന്ന് വെളിവാകുന്നത്, **ദുലൂക്കുശ്ശംസ്** എന്നതിന് സൂര്യൻ അസ്തമിക്കുക എന്ന ഒരർത്ഥം മാത്രമല്ല, സൂര്യൻ മദ്ധ്യാഹ്നത്തിൽനിന്നു നീങ്ങുക, വെയിലിന്റെ ഉഗ്രത കുറയുക, അസ്തമിക്കുക എന്നീ മൂന്നർത്ഥവും ഉണ്ടെന്നാണ്. തന്നെയുമല്ല, അതിന്റെ ശബ്ദാർത്ഥം 'സൂര്യന്റെ ചായൽ' എന്നാകയാൽ 'സൂര്യൻ മദ്ധ്യാഹ്നത്തിൽനിന്ന് ചായുക' എന്നാണ് അതിന്റെ പ്രഥമാർത്ഥം എന്നു കൂടിയും നിഘണ്ടുകർത്താക്കൾ വ്യക്തമാക്കിത്തന്നിരിക്കുന്നു. സൂര്യന്റെ ചായൽ ആരംഭിക്കുന്നത് മദ്ധ്യാഹ്നത്തിൽനിന്ന് അത് നീങ്ങുന്നതോടുകൂടിയാണെങ്കിൽ, അതവസാനിക്കുന്നത് അസ്തമയത്തോടുകൂടിയാണ്. അതിനാൽ മദ്ധ്യാഹ്നത്തിൽനിന്ന് സൂര്യൻ നീങ്ങുന്നത് മുതൽ അസ്തമിക്കുന്നതുവരെയുള്ള മൂന്ന് പ്രധാന ഘട്ടങ്ങൾക്കും 'ദുലൂക്ക്' എന്ന് പറയപ്പെടുന്നു എന്ന് നിഘണ്ടുകർത്താക്കൾ പ്രസ്താവിച്ചിരിക്കുന്നു. അതുകൊണ്ട് അഗാധജ്ഞനായ അല്ലാഹു ഈ മൂന്ന് സമയത്തെയും കുറിക്കുന്ന ഒരൊറ്റ വാക്കുപയോഗിച്ച് മൂന്ന് നമസ്കാരസമയത്തെയാണ് ഇവിടെ പറഞ്ഞുതന്നിരിക്കുന്നത്.

1. സൂര്യൻ മദ്ധ്യാഹ്നത്തിൽനിന്ന് നീങ്ങിയാൽ (2) വെയിലിന്റെ ഉഗ്രത കുറഞ്ഞാൽ (3) സൂര്യനസ്തമിച്ചാൽ. ഈ യാഥാർത്ഥ്യം ആ സർവ്വജ്ഞൻ വിശുദ്ധഖുർആൻ ആർക്കിറക്കികൊടുത്തുവോ ആ പവിത്രാത്മാവിന് മനസ്സിലാക്കിക്കൊടുക്കുകയും തദനുസരണം ആ ദിവ്യാത്മാവ് അന്ത്യശ്വാസംവരെ പ്രവർത്തിച്ചുകാണിക്കുകയും ചെയ്തുപോന്നു. ഇങ്ങനെ ഒരേ പദംകൊണ്ട് മൂന്ന് നമസ്കാരസമയത്തേയും സൂചിപ്പിച്ചിരിക്കുന്നത് ഖുർആന്റെ ഒരു വൈശിഷ്ട്യം തന്നെയാണെന്നതിന് യാതൊരു സംശയവുമില്ല.



'**ദുലൂക്ക്**' എന്നതിന്റെ അർത്ഥം 'അസ്തമയം' എന്നാണെന്ന് ചില സ്വഹാബിമാരും ചില പണ്ഡിതന്മാരും പറഞ്ഞിട്ടുണ്ടെങ്കിലും, ഭൂരിപക്ഷം സ്വഹാബിമാരും താബിഈങ്ങളും പറഞ്ഞിരിക്കുന്നത് അതിന്റെ അർത്ഥം 'മദ്ധ്യാഹ്നത്തിൽ നിന്ന് തെറ്റുക' എന്നാണെന്നും, അറബിഭാഷപ്രകാരം '**ദുലൂക്കി**'ന്റെ ശബ്ദാർത്ഥം 'ചായുക' എന്നാണെന്ന് ഭാഷാപണ്ഡിതന്മാർ പറഞ്ഞിട്ടുണ്ടെന്നും, അതുകൊണ്ടാണ് സൂര്യൻ മദ്ധ്യാഹ്നത്തിൽനിന്ന് തെറ്റിയാലും അസ്തമിച്ചാലും അതിന് '**ദാലിക്കത്തുൻ**' എന്ന് പറയപ്പെടുന്നതെന്ന് അറബിഭാഷയുടെ പ്രചാരണപുരുഷന്മാരായ അസ്ഹരി, ഖഫ്ഫാൽ മുതലായ ഇമാമുകൾ പറഞ്ഞിരിക്കുന്നതെന്നും, അല്ലാമ റാസി തന്റെ ഖുർആൻ ഭാഷ്യത്തിൽ പ്രസ്താവിച്ചിരിക്കുന്നു. (മഫാതീഹുൽ ഗയ്ബ്, ജിൽദ് 5, ഭാ-427). മാത്രമല്ല തിരുനബി(സ) മദ്ധ്യാഹ്നത്തിനുശേഷം സുഹ്ർ നമസ്കാരമനുഷ്ഠിക്കുകയും തത്സമയം സൂര്യൻ ദുലൂക്കായ സമയമാണെന്ന് ആ മഹാത്മാവ് അരുൾചെയ്യുകയും ചെയ്തു എന്ന് പ്രസ്താവിക്കുന്ന ഒരു നിവേദനം പല ഹദീസ് ഗ്രന്ഥങ്ങളിലും കാണാവുന്നതുമാണ്. ആ സ്ഥിതിക്ക്, 'ദുലൂക്കുശ്ശംസ്' എന്നതിന് 'സൂര്യൻ മദ്ധ്യാഹ്നത്തിൽനിന്ന് നീങ്ങുക' എന്നാണർത്ഥമെന്ന് ആ സത്യാത്മാവ് മനസ്സിലാക്കിയത് അറബിഭാഷയ്ക്ക് എതിരാണെന്ന് ഒരിക്കലും കരുതാവുന്നതല്ല.

'**ദുലൂക്കി**'ന്റെ അർത്ഥം 'മദ്ധ്യാഹ്നത്തിൽനിന്ന് നീങ്ങുക' എന്നാണ്. ഈ അർത്ഥത്തിലാണ് ഖുർആനിൽ ഈ പദം പ്രയുക്തമായിരിക്കുന്നത്. ഈ അർത്ഥം വിവരിച്ചതിനെ തുടർന്ന്, 'അസ്തമയം' എന്നും അതിന്നർത്ഥമുള്ളതായി പറയപ്പെടുന്നു എന്ന് പ്രസ്താവിച്ചുകൊണ്ട് അതിന്റെ പ്രഥമവും പ്രധാനവു

മായ അർത്ഥം 'സൂര്യൻ മദ്ധ്യാഹ്നത്തിൽനിന്ന് നീങ്ങുക' എന്ന് തന്നെയാണെന്ന് നിഘണ്ടു മുഖ്താർ വ്യക്തമാക്കിത്തന്നിരിക്കുന്നു. **ദുലൂക്കുശ്ശംസ്** എന്നതിന്റെ അർത്ഥം 'സൂര്യൻ മദ്ധ്യാഹ്നത്തിൽനിന്ന് തെറ്റുക എന്നാണെന്നപോലെതന്നെ, '**കബ്ദുസ്സമാഇൽ**'നിന്ന് സൂര്യൻ തെറ്റുക എന്നതിന്റെ അർത്ഥം സൂര്യൻ ആകാശത്തിൽനിന്ന് നീങ്ങുക എന്നാണെന്നും പല നിഘണ്ടുകർത്താക്കളും വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ '**കബ്ദി**'ന്റെ അർത്ഥം '**വസ്തുശ്ശയ്**' (ഒരു വസ്തുവിന്റെ മദ്ധ്യം) എന്നും '**കബദുസ്സമാഇ**' എന്നതിന്റെ അർത്ഥം '**വസ്തുസ്സമാഇ**' (ആകാശമദ്ധ്യം) എന്നുമാണെന്ന് അവർ വ്യക്തമായി പ്രസ്താവിച്ചിട്ടുമുണ്ട്. ഖാമൂസ്, മുഫറദാത്, മിസ്ബാഹ് മുതലായ നിഘണ്ടുക്കൾ നോക്കുന്നവർക്ക് ഈ യാഥാർത്ഥ്യം മനസ്സിലാക്കാം.

'ദുലൂക്കിന്റെ സാക്ഷാൽ അർത്ഥം സൂര്യൻ മദ്ധ്യാഹ്നത്തിൽ നിന്ന് ചായുക' എന്നാകയാൽ, '**അഖിമിസ്സ്വലാത്ത ലിദുലൂക്കിശ്ശംസി**' (സൂര്യൻ മദ്ധ്യാഹ്നത്തിൽനിന്ന് തെറ്റിയ സമയത്ത് നമസ്കരിക്കുക) എന്നുള്ള ദൈവകല്പന പ്രകാരം, നിർബന്ധമായിത്തീരുന്ന നമസ്കാരത്തിൽ ഉൾപ്പെടുന്ന ഒന്നാമത്തെ നമസ്കാരം 'സുഹ്ർ' ആണ്. നിഘണ്ടുകർത്താക്കൾ പ്രസ്തുത പദത്തിന് കൊടുത്തിരിക്കുന്ന രണ്ടാമത്തെ അർത്ഥം 'വെയിലിന്റെ ഉഗ്രത കുറയുക എന്നാകയാൽ പ്രസ്തുത കല്പനയിൽ ഉൾപ്പെടുന്ന രണ്ടാമത്തെ നമസ്കാരം അസ്വ്ർ ആകുന്നു. മൂന്നാമത്തെ അർത്ഥം 'അസ്തമിക്കുക' എന്നാകയാൽ, അതുകൊണ്ട് വിവക്ഷിക്കപ്പെട്ട മൂന്നാമത്തെ നമസ്കാരം മഗ്രിബുമാണ്. ഇങ്ങനെ മൂന്ന് നമസ്കാരമാണ് ഈ ഒരേ വാക്കുകൊണ്ടുദ്ദേശിക്കപ്പെട്ടിട്ടുള്ളത്. ഈ മൂന്നർത്ഥം അതിന്നുള്ളതായി നമുക്ക് വ്യക്തമാക്കിത്തന്നിരിക്കുന്നത് അറബി നിഘണ്ടുക്കൾ തന്നെയാണ്.

പ്രസ്തുത വാചകത്തെ തുടർന്ന് വിശുദ്ധഖുർആൻ പറഞ്ഞിരിക്കുന്നത് '***ഇലാ ഗസഖില്ലയ്ലി***' എന്നാണ്. അതായത്, രാത്രി ഇരുൾമുറ്റുന്നതുവരെ എന്ന്. '***ഗസഖ്***' എന്ന പദത്തിന് രാത്രിയുടെ ആദ്യത്തിലുള്ള അന്ധകാരം, അന്ധകാരം നിറയുക, മുറ്റിയഇരുൾ, അസ്തമയാനന്തരമുള്ള മുഴുവൻ പ്രകാശവും മറഞ്ഞതിനുശേഷമുള്ള ഇരുൾ എന്നിങ്ങനെയാണ് അർത്ഥം കൊടുക്കപ്പെട്ടിരിക്കുന്നത്. നിഘണ്ടുക്കൾ നോക്കുന്ന ആർക്കും ഈ വസ്തുത ഗ്രഹിക്കാവുന്നതാണ്. 'ഇരുൾമുറ്റുന്നതുവരെ' എന്ന ഈ വാചകം ഇശാ നമസ്കാരത്തെയാണ് കുറിക്കുന്നത്. എന്തെന്നാൽ, അസ്തമയത്തിനുശേഷമുള്ള പ്രകാശം തികച്ചും നീങ്ങി അന്ധകാരം വ്യാപിച്ചാലാണ് ഇശാനമസ്കാരം. ഇങ്ങനെ, സൂര്യൻ മദ്ധ്യാഹ്നത്തിൽനിന്ന് നീങ്ങിയത് മുതൽ രാത്രി അന്ധകാരം പൂർണ്ണമായനിലയിൽ വ്യാപിക്കുന്നതുവരെ നമസ്കരിക്കുക എന്ന് പ്രസ്താവിച്ചുകൊണ്ട് മദ്ധ്യാഹ്നത്തിന് ശേഷം മുതൽ ഇശാഅ്വരെ നബി(സ) തിരുമേനി അനുഷ്ഠിച്ചു കാണിച്ചിട്ടുള്ള നാല് നമസ്കാരത്തെയാണ് മേൽപറഞ്ഞ ആയത്ത് പറഞ്ഞുതന്നിരിക്കുന്നത്. അതിൽ തുടർന്ന് പറയുന്നത് '***വ ഖുർആനുൽ ഫജ്രി***' (പ്രഭാതത്തിലെ ഖുർആനെയും) എന്നാണ്. ഈ വാചകം കുറിക്കുന്നത് **ഫജ്ർ** അഥവാ സുബ്ഹി നമസ്കാരത്തെയാണ്. ഇങ്ങനെ ഈ ആയത്തിൽ അഞ്ചുനേര നമസ്കാരത്തെക്കുറിച്ചാണ് പ്രസ്താവിക്കപ്പെട്ടിരിക്കുന്നത്. '**ദലൂക്ക്**' പദത്തിന്റെ പ്രഥമവും പ്രധാനവുമായ അർത്ഥം സൂര്യൻ മദ്ധ്യാഹ്നത്തിൽനിന്ന് നീങ്ങുക എന്നും 'ഗസഖ്' എന്നതിന്റെ അർത്ഥം 'തികഞ്ഞ ഇരുൾ' എന്നും ആണെന്നത് നിഘണ്ടുക്കൾ വ്യക്തമാക്കിത്തരുന്നു. എന്നാൽ, സൂര്യൻ മദ്ധ്യാഹ്നത്തിൽനിന്ന് നീങ്ങിയത് മുതൽ അന്ധകാരം പരക്കെ വ്യാപിച്ച് രാത്രി ശരിക്കും അന്ധകാരപൂർണ്ണമായിത്തീരുന്നതുവരെ നീണ്ടുനില്ക്കുന്ന ഒരു നമസ്കാരമാണ് ഇതുകൊണ്ട് വിവക്ഷിക്കപ്പെട്ടിരിക്കുന്നത് എന്ന് വിചാരിക്കാൻ തീരെ നിവൃത്തിയില്ല.

'**ദുലൂക്**' പദത്തിന്നുള്ളതായി നിഘണ്ടുക്കൾ വ്യക്തമാക്കിത്തരുന്ന മേല്പറഞ്ഞ മൂന്ന് ഘട്ടങ്ങളിൽ വരുന്ന മൂന്ന് നമസ്കാരവും ഇരുൾമുറ്റിയ സമയത്ത് അനുഷ്ഠിക്കാനുള്ള നാലാമത്തെ നമസ്കാരവും, പ്രഭാതസമയത്തെ അഞ്ചാമത്തെ നമസ്കാരവും കൂടി അഞ്ച് നമസ്കാരമാണ് ഈ ആയത്തിൽനിന്ന് തിരുന

ബി(സ) മനസ്സിലാക്കിയിരിക്കുന്നത്. അതുകൊണ്ട്, നബി(സ) തിരുമേനി തന്റെ അന്ത്യശ്വാസംവരെ പ്രവർത്തിച്ചുകാണിച്ചിട്ടുള്ള ആ കർമ്മമാതൃകയെ നാം തുടരുകയേ നിവൃത്തിയുള്ളൂ.

ഇങ്ങനെ, പ്രസ്തുത ആയത്തിൽനിന്ന് മനസ്സിലാകുന്ന അഞ്ചുനേര നമസ്കാരം തന്നെയാണ്

حٰفِظُوْا عَلَى الصَّلَوٰتِ وَالصَّلٰوةِ الْوُسْطٰى ۗ وَقُوْمُوْا لِلّٰهِ قٰنِتِيْنَ ﴿٢٣٩﴾

''നമസ്കാരങ്ങളേയും മദ്ധ്യമനമസ്കാരത്തേയും നിങ്ങൾ അനുഷ്ഠിക്കുവിൻ'' (2:239) എന്ന് ഖുർആൻ പറഞ്ഞിരിക്കുന്നത്. എന്തെന്നാൽ, ഒരു നമസ്കാരം മദ്ധ്യത്തിലായി വരണമെങ്കിൽ 'നമസ്കാരങ്ങൾ' എന്ന് പറഞ്ഞത് കുറഞ്ഞപക്ഷം, നാലായിരിക്കണം. മൂന്നാവുകയാണെങ്കിൽ 'മദ്ധ്യമനമസ്കാരം' എന്നത് മദ്ധ്യത്തിൽ ആവുകയില്ല. ഈ വസ്തുത തന്നെയാണ്

وَاَقِمِ الصَّلٰوةَ طَرَفَيِ النَّهَارِ وَزُلَفًا مِّنَ الَّيْلِ

''പകലിന്റെ രണ്ടംശങ്ങളിലും രാത്രിയുടെ ആദ്യഭാഗങ്ങളിലും നമസ്കാരത്തെ നിലനിറുത്തുക'' (11:115) എന്ന ആയത്തും മനസ്സിലാക്കിത്തരുന്നത്. പകലിന്റെ രണ്ട് ഭാഗങ്ങളിൽ ഒന്നാമത്തേതിൽ ഒരു നമസ്കാരവും രണ്ടാമത്തേതിൽ രണ്ട് നമസ്കാരവും, രാത്രിയുടെ ആദ്യ ഭാഗങ്ങളിൽ രണ്ട് നമസ്കാരവും ആണെന്ന് തിരുനബി(സ) ഈ ആയത്തിന് അർത്ഥം കല്പിച്ചുകൊണ്ട് ഈ മൂന്ന് ആയത്തുകളിലും പ്രസ്താവിക്കപ്പെട്ടിരിക്കുന്നത് അഞ്ചുനേര നമസ്കാരം തന്നെയാണെന്ന് നമുക്ക് മനസ്സിലാക്കിത്തന്നിരിക്കുന്നു. ഈ വ്യാഖ്യാനം നിഘണ്ടു അർത്ഥങ്ങൾക്ക് തികച്ചും അനുയോജ്യവും തന്നെ.

ഈ ആയത്തിൽ ഒരൊറ്റ നമസ്കാരത്തെക്കുറിച്ചു മാത്രമെ പറയുന്നുള്ളൂവെങ്കിൽ '**ദുലൂക്**' പദത്തിന് നിഘണ്ടുക്കളിലുള്ള



പ്രഥമവും പ്രധാനവുമായ അർത്ഥപ്രകാരം, സൂര്യൻ മദ്ധ്യാഹ്നത്തിൽ നിന്ന് നീങ്ങിയത് മുതൽ ഇരുൾമുറ്റുന്നതുവരെ നീണ്ടുനില്ക്കുന്ന ഒരു നമസ്കാരമാണ് അത് എന്ന് പറയേണ്ടിവരും. അല്ലെങ്കിൽ ആ നീണ്ട സമയത്തിന്നിടയിൽ അനുഷ്ഠിക്കേണ്ടുന്ന പല നമസ്കാരങ്ങളാണ് ഇവിടെ പ്രസ്താവിക്കപ്പെട്ടിരിക്കുന്നതെന്ന് സമ്മതിക്കേണ്ടിയിരിക്കുന്നു. '**ദുലൂക്**', '**ഗസഖ്**' എന്നീ പദങ്ങൾക്ക് നിഘണ്ടുക്കളിൽനിന്ന് മനസ്സിലാകുന്ന അർത്ഥവും, തിരുനബി(സ) സ്വകർമ്മത്തിലൂടെ അവയ്ക്ക് നല്കിയ വ്യാഖ്യാനവും സ്പഷ്ടമാക്കിത്തിരുന്നത്, പ്രസ്തുത സമയപരിധിക്കുള്ളിൽ നാല് നമസ്കാരമാണ് അനുഷ്ഠിക്കേണ്ടത് എന്നത്രെ. പ്രസ്തുത വാചകം ഒരൊറ്റ നമസ്കാരത്തെ മാത്രമെ കുറിക്കുന്നുള്ളൂവെങ്കിൽ, കുറഞ്ഞപക്ഷം സൂര്യാസ്തമയം മുതൽ ഇരുട്ട് പൂർണ്ണമായി വ്യാപിക്കുന്നതുവരെ ആ ഒരു നമസ്കാരം നീണ്ടുനില്ക്കേണ്ടതാണെന്ന് സമ്മതിക്കേണ്ടതായിവരും. ഏതെങ്കിലുമൊരു നമസ്കാരം ഇത്ര സമയത്തിനകം നമസ്കരിച്ചുതീർക്കണമെന്ന് ഖുർആനിലെവിടെയും പറഞ്ഞിട്ടില്ല. എന്നാൽ, പ്രസ്തുത ആയത്തിൽ സൂര്യൻ മദ്ധ്യാഹ്നത്തിൽനിന്ന് തെറ്റിയത് മുതൽ ഇരുൾമുറ്റുന്നതുവരെ നമസ്കരിക്കുക എന്ന് പറഞ്ഞിരിക്കുന്നതുതന്നെ, ഈ സമയത്തിന്നിടയിൽ ഒരു നമസ്കാരം മാത്രമല്ല, പല നമസ്കാരങ്ങളും അനുഷ്ഠിക്കേണ്ടതാണെന്നതിലേക്ക് മതിയായ സാക്ഷ്യമാണ്.

فَسُبْحٰنَ اللّٰهِ حِيْنَ تُمْسُوْنَ وَحِيْنَ تُصْبِحُوْنَ ﴿١٨﴾
وَلَهُ الْحَمْدُ فِى السَّمٰوٰتِ وَالْاَرْضِ وَعَشِيًّا وَّحِيْنَ تُظْهِرُوْنَ ﴿١٩﴾

നിങ്ങൾ സന്ധ്യാസമയത്തായിരിക്കുമ്പോഴും പ്രഭാതവേളയിലായിരിക്കുമ്പോഴും അല്ലാഹുവിന്റെ പരിശുദ്ധതയെ കീർത്തനം ചെയ്യുവിൻ. ആകാശങ്ങളിലും ഭൂമിയിലുമുള്ള സർവ്വസ്തുതിയും അവനുള്ളതാണ്. വൈകുന്നേരവും നിങ്ങൾ മദ്ധ്യാഹ്നത്തിലാകുമ്പോഴും. (നിങ്ങളവന്റെ പരിശുദ്ധതയെ വാഴ്ത്തുക) (30:18,19).

'**സുബ്ഹാന**' എന്ന പ്രയോഗംതന്നെ അതിന്നു മുമ്പിൽ ഒരു ക്രിയാപദം അസ്പഷ്ടമായിരിക്കുന്നുണ്ടെന്ന് മനസ്സിലാക്കിത്തരുന്നു. ആ ക്രിയാശബ്ദം ഏതായിരിക്കണമെന്ന് '**സുബ്ഹാന**' എന്ന ക്രിയാനാമംതന്നെ വ്യക്തമാക്കിത്തരുന്നുണ്ട്. കർത്താവാരാണെന്നത് തുടർന്നുള്ള '**തുംസൂന**' എന്നും '**തുസ്ബിഹൂന**' എന്നുമുള്ള പദങ്ങൾ സ്പഷ്ടമാക്കിത്തരുന്നുമുണ്ട്. '**സുബ്ഹാന**' എന്നത് '**തസ്ബീഹ്**' ശബ്ദത്തിന്റെ നാമരൂപമാണ്. അതിന്റെ അർത്ഥം ശുദ്ധീകരിക്കുക, പരിശുദ്ധതയെ ഏറ്റുപറയുക, ന്യൂനതകളിലും അപൂർണ്ണതകളിലും പങ്കാളിത്തസങ്കല്പത്തിലുംനിന്ന് അല്ലാഹു പരിശുദ്ധനാണെന്ന് വാഴ്ത്തുക എന്നെല്ലാമാണ്. '**സുബ്ഹാനല്ലാഹി**' എന്ന പദത്തിന്റെ മുമ്പിൽ ഒരു ക്രിയാപദം അസ്പഷ്ടമായിരിക്കുന്നതുകൊണ്ടാണ് അതിലെ അന്ത്യാക്ഷരമായ 'ന' എന്നതിന് അകാരം വന്നിരിക്കുന്നത്. അങ്ങനെ അതിനു മുമ്പിൽ '**സബ്ബിഹ്**' (നിങ്ങൾ പരിശുദ്ധതയെ പ്രകീർത്തിപ്പിൻ) എന്ന ക്രിയാപദം അസ്പഷ്ടമായിട്ടുണ്ടെന്നു വന്നു. ഈ വസ്തുത അറബിഭാഷാഭിജ്ഞന്മാർക്ക് അറിഞ്ഞുകൂടാത്തതല്ല. അതുകൊണ്ട് പ്രസ്തുത ആയത്തിന്റെ അർത്ഥം നിങ്ങൾ സന്ധ്യാസമയത്തായിരിക്കുമ്പോഴും പ്രഭാതവേളയിലായിരിക്കുമ്പോഴും അല്ലാഹുവിന്റെ പരിശുദ്ധതയെ പ്രകീർത്തനം ചെയ്യുവിൻ എന്നായിരിക്കാനെ പാടുള്ളൂ.

''ആകാശങ്ങളിലും ഭൂമിയിലുമുള്ള സ്തോത്രം അവനുള്ളതാണ്. സായാഹ്നവേളയിലും മദ്ധ്യാഹ്നസമയത്തും നിങ്ങൾ അവനെ സ്തോത്രം ചെയ്യുവിൻ'' എന്നാണ്. '**വ അശിയ്യൻ**' എന്ന പദം ഈ യാഥാർത്ഥ്യം മനസ്സിലാക്കിത്തരുന്നുണ്ട്. ഈ വാക്ക് മറ്റൊരു ക്രിയാപദത്തോട് ബന്ധപ്പെട്ടതായിരിക്കാനേ നിവൃത്തിയുള്ളൂ. ''ആകാശങ്ങളിലും ഭൂമിയിലുമുള്ള സ്തോത്രം അവനുള്ളതാണ്'' എന്ന വാചകം ഒരു ക്രിയയുമല്ല; '**വ അശിയ്യൻ**' എന്നതുമായി ബന്ധപ്പെട്ടതുമല്ല. ആ വാചകം '**തുസ്ബിഹൂന**' എന്ന ക്രിയയുമായിട്ടാണ് ബന്ധപ്പെട്ടിരിക്കുന്നത്. അതുകൊണ്ടുതന്നെയാണ് അവിടെ '**വ അശിയ്യൻ**' എന്ന് പ്രയുക്തമായിരിക്കുന്നതും.



പ്രസ്തുത ആയത്ത് പറഞ്ഞുതരുന്നത് ചില പ്രത്യേക സമയങ്ങളിൽ മാത്രം അല്ലാഹു പരിശുദ്ധനാണെന്നല്ല. ചില നിശ്ചിത സമയങ്ങളിൽ അവന്റെ പരിശുദ്ധതയെ കീർത്തനം ചെയ്യണമെന്നതാണ്.

പ്രസ്തുത ആയത്തുകളുടെ പരിഭാഷ ഇപ്രകാരമാണ്– "നിങ്ങൾ സന്ധ്യാസമയത്തായിരിക്കുമ്പോഴും പ്രഭാതവേളയിലായിരിക്കുമ്പോഴും അല്ലാഹുവിന്റെ പരിശുദ്ധതയെ ഏറ്റുപറയുവിൻ. ആകാശങ്ങളിലും ഭൂമിയിലുമുള്ള സ്തോത്രം അവന്നത്രെ; സായാഹ്നസമയത്തും നിങ്ങൾ മദ്ധ്യാഹ്നത്തെ പ്രാപിക്കുമ്പോഴും (അവന്റെ പരിശുദ്ധതയെ ഏറ്റുപറയുവിൻ). ഈ ആയത്തുകളിൽനിന്ന് ചില നിർണ്ണിത സമയങ്ങളിൽ അല്ലാഹുവിന്റെ പരിശുദ്ധതയെ നാം കീർത്തനം ചെയ്യേണ്ടത് നമ്മുടെ ധർമ്മമാണെന്ന് സ്പഷ്ടമാകുന്നുണ്ട്. നമസ്കാരമല്ലാതെ ചില ക്ലിപ്തസമയങ്ങളിൽ അല്ലാഹുവിന്റെ പരിശുദ്ധതയെ പ്രകീർത്തിക്കാനുള്ള ഒരു വ്യവസ്ഥിതി ഇസ്ലാമിൽ ഇല്ലെന്നത് ഏവർക്കും സമ്മതിക്കാതെ തരമില്ല. എന്നാൽ, നമസ്കാരം ചില നിർണ്ണിതസമയങ്ങളിൽ നിർവ്വഹിക്കേണ്ടതാണെന്ന് ഖുർആൻ ശാസിക്കുന്നുണ്ട്. അത് പ്രത്യേകമായിട്ട് നിശ്ചിത സമയങ്ങളിൽ അനുഷ്ഠിക്കപ്പെടേണ്ടതുമാണ്. മേൽപറഞ്ഞ ആയത്തുകളിലാകട്ടെ ചില ക്ലിപ്ത സമയങ്ങളിൽ അല്ലാഹുവിന്റെ പരിശുദ്ധതയെ ഏറ്റുപറയണമെന്ന് ഖുർആൻ ശാസിക്കുന്നുമുണ്ട്. എന്നാൽ, നമസ്കാരത്തിന് പുറമെ ചില നിശ്ചിതസമയങ്ങളിൽ അല്ലാഹുവിനെ കീർത്തനം ചെയ്യുവാൻ പ്രത്യേകതരത്തിലുള്ള ഒരു വ്യവസ്ഥിതി ഇസ്ലാമിൽ ഇല്ലാത്തതിനാൽ, നമസ്കാരത്തെക്കുറിച്ചെന്നപോലെത്തന്നെ ചില നിശ്ചിത സമയങ്ങളിൽ ദൈവസ്തോത്രം ചെയ്യേണ്ടതാണെന്ന് പറഞ്ഞുകാണുന്നതും, ആ നമസ്കാരത്തെക്കുറിച്ചല്ലാതെ മറ്റേതെങ്കിലും തരത്തിലുള്ള നിർബന്ധാനുഷ്ഠാനത്തെക്കുറിച്ചായിരിക്കാവതല്ലെന്ന് മനസ്സിലാക്കേണ്ടിയിരിക്കുന്നു. നമസ്കാരത്തിലാകട്ടെ മനസ്സുകൊണ്ടും നാവുകൊണ്ടും ദേഹംകൊണ്ടും അല്ലാഹുവിന്റെ മഹത്വത്തേയും പരിശുദ്ധതയേയും ഏറ്റുപറയുകയാണ് ചെയ്യുന്നത്. നബി(സ)

തിരുമേനി നമസ്കരിക്കുമ്പോൾ 'റുക്കൂഇലും' സുജൂദിലും' '**സുബ്ഹാനറബ്ബിയൽഅസീം**' '**സുബ്ഹാന റബ്ബിയൽ അഅ്ലാ**' എന്നും മറ്റുമുള്ള ദൈവകീർത്തനങ്ങൾ ഉച്ചരിക്കുകയും, അങ്ങനെ നമസ്കാരത്തിൽ കീർത്തനങ്ങൾ ചൊല്ലുവാൻ നിർദ്ദേശിക്കുകയും ചെയ്തിട്ടുള്ളത് അതുകൊണ്ടുതന്നെയാണ്. ചില ക്ലിപ്ത സമയങ്ങളിൽ അല്ലാഹുവിന്റെ മഹത്ത്വത്തെ പ്രകീർത്തിക്കുകയും, അവന്റെ പരിശുദ്ധതയെ ഏറ്റുപറയുകയും ചെയ്യണമെന്ന് ആജ്ഞാപിക്കപ്പെട്ടിരിക്കുന്നതിനാൽ, ആ സമയങ്ങളിൽ മാത്രമാണ് അല്ലാഹു സ്തുത്യർഹനായിരിക്കുന്നത് എന്നും അവനെ മനുഷ്യർ സ്തുതിച്ചില്ലെങ്കിൽ അവൻ സ്തുത്യർഹനാകുന്നില്ലെന്നും ധരിച്ചുപോകാതിരിക്കുന്നതിനായിട്ടാണ്, സന്ധ്യാസമയത്തും പ്രഭാതസമയത്തും അവന്റെ പരിശുദ്ധതയെ കീർത്തിക്കാൻ പറഞ്ഞിരിക്കുന്നത്. ''ആകാശങ്ങളിലും ഭൂമിയിലുമുള്ള സ്തോത്രം അവനുള്ളതാണ്'' എന്നുകൂടി പറഞ്ഞിരിക്കുന്നു. ഇതിൽനിന്ന്, നാം അവനെ പ്രകീർത്തിച്ചാലും ഇല്ലെങ്കിലും അവൻ എന്നും പരിശുദ്ധനും സർവ്വസ്തുത്യർഹനുമായിരിക്കുന്നവനാണെന്നും, നാം ചില പ്രത്യേക സമയങ്ങളിൽ അവനെ പ്രകീർത്തിക്കാൻ ആജ്ഞാപിക്കപ്പെട്ടിരിക്കുന്നത് നമ്മുടെ ആത്മീയോന്നതിക്ക് വേണ്ടിയാണെന്നും മനസ്സിലാകുന്നു.

ഇനി നാം ചിന്തിക്കേണ്ടിയിരിക്കുന്നത് '**സുബ്ഹാന**' എന്നും '**തസ്ബീഹ്**' എന്നും മറ്റുമുള്ള പദങ്ങൾ നമസ്കാരം എന്ന അർത്ഥത്തിലും '**സബ്ബഹ**' എന്ന പദം '**സ്വല്ലാ**' (നമസ്കരിച്ചു) എന്ന അർത്ഥത്തിലും ഉപയോഗിക്കപ്പെടുന്നുണ്ടോ എന്നാണ്. 'സ്വലാത്ത്' ശബ്ദത്തിന്റെ ധാത്വാർത്ഥം 'പ്രാർത്ഥന' എന്നാണെന്നും, നമസ്കാരത്തിൽ പ്രാർത്ഥന ഉൾക്കൊണ്ടിരിക്കുന്നതിനാലാണ് അതിന് '**സ്വലാത്ത്**' എന്ന് പറയുന്നത് എന്നും ഏറെക്കുറെ എല്ലാ അറബി നിഘണ്ടുകർത്താക്കളും രേഖപ്പെടുത്തിയിട്ടുണ്ട്. അതായത്, ഒരു വസ്തുവിൽ ഉൾച്ചേർന്ന ഘടകങ്ങളിൽ ഒന്നിന്റെ പേർ ആ വസ്തുവിനുതന്നെ നല്കപ്പെട്ടിരിക്കുന്നു എന്നാണ് അവർ പറഞ്ഞിരിക്കുന്നത്. ഈ ന്യായേന



യാണ് നമസ്കാരത്തിന് '**തസ്ബീഹ്**' എന്ന് പറയപ്പെട്ടിരിക്കുന്നത്. അതായത് ഒരേസമയത്ത് മനസ്സുകൊണ്ടും നാവുകൊണ്ടും ദേഹംകൊണ്ടും അല്ലാഹുവിന്റെ മഹത്ത്വത്തേയും പരിശുദ്ധതയേയും ഉല്ലേഖനം ചെയ്യുന്ന ഒരു കർമ്മമാണ് നമസ്കാരം. അതുകൊണ്ട് അതിനെ തസ്ബീഹ് എന്നും പറയപ്പെടുന്നു. കൂടാതെ, '**സുബ്ഹാനല്ലാഹ്**' എന്ന് പ്രത്യേകിച്ചു ചൊല്ലുക എന്ന വാക്കും കർമ്മവും അതിലുൾപ്പെട്ടിരിക്കുന്നുണ്ട്. അതിനാൽ, നമസ്കാരത്തിൽ പ്രാർത്ഥന അടങ്ങിയിരിക്കുന്നതുകൊണ്ട് അതിന് സ്വലാത്ത് എന്ന് പേർ പറയപ്പെടുന്നപോലെതന്നെ, അല്ലാഹുവിന്റെ പരിശുദ്ധതയെ കീർത്തനം ചെയ്യുക എന്ന ഘടക കർമ്മവും അതിൽ വളരെയധികം ഉൾക്കൊണ്ടിരിക്കുന്നതുകൊണ്ട് തന്നെയാണ് മേൽപറഞ്ഞ ആയത്തിൽ 'നമസ്കരിക്കുവിൻ' എന്നതിന് പകരം 'അല്ലാഹുവിന്റെ പരിശുദ്ധതയെ കീർത്തനം ചെയ്യുവിൻ' എന്ന് പറഞ്ഞിരിക്കുന്നത്. നിശ്ചിതമായ സമയങ്ങളിൽ നമസ്കരിക്കണമെന്നല്ലാതെ, പ്രത്യേകമായ നിലയിൽ ദൈവത്തെ പ്രകീർത്തനം ചെയ്യണമെന്നല്ല ഈ ആയത്തിൽ ശാസിക്കപ്പെട്ടിരിക്കുന്നതെന്ന് തിരുനബി(സ) തന്റെ നിരന്തരമായ കർമ്മമാതൃകയാൽ മനസ്സിലാക്കിത്തന്നിരിക്കുന്നു. 'തസ്ബീഹ്' എന്നാൽ അല്ലാഹുവിന്റെ ദിക്ർ എന്നാണെന്നെല്ലാവരും സമ്മതിക്കുന്നുവല്ലൊ. 'തസ്ബീഹ്' എന്നതിന് 'ദിക്ർ' എന്നും സ്വലാത്ത് എന്നും നിഘണ്ടുക്കൾതന്നെ അർത്ഥം പറഞ്ഞിട്ടുമുണ്ട്. മാത്രമല്ല, പ്രസ്താവത്തിലുള്ള ആയത്തിൽ 'സുബ്ഹാനല്ലാഹി' എന്നതുകൊണ്ട് വിവക്ഷിക്കപ്പെട്ടിരിക്കുന്നത് നമസ്കാരമാണെന്നുകൂടിയും നിഘണ്ടുക്കളിൽ പറയപ്പെട്ടിട്ടുണ്ട്. കൂടാതെ ഖുർആൻ 37-ാം അധ്യായം, 143-ാം വാക്യത്തിൽ '**മുസബ്ബിഹീൻ**' (തസ്ബീഹ് ചെയ്യുന്നവർ) എന്ന് പറഞ്ഞിട്ടുള്ളതിന്റെ താൽപര്യം '**മുസല്ലീൻ**' (നമസ്കരിക്കുന്നവർ) എന്നാണെന്നും നിഘണ്ടുകർത്താക്കൾ പ്രസ്താവിച്ചിട്ടുണ്ട്. '**മിസ്ബാഹ്**', '**മുഫ്റദാത്ത്**', '**ഖാമൂസ്**' മുതലായ നിഘണ്ടുക്കൾ നോക്കുക. ഈ വിവരണത്തിൽനിന്ന് വ്യക്തമാകുന്നത്, തസ്ബീഹ് ശബ്ദം 'സ്വലാത്ത്' എന്ന അർത്ഥത്തിൽ ഉപയോഗിക്കപ്പെടുന്നുണ്ടെന്നും ഉപയോഗിക്കപ്പെടാമെന്നും തന്നെയാണ്. 'സ്വലാത്ത്'

പദത്തിന് 'ദുആ' എന്നും 'ദിക്റ്' എന്നും അർത്ഥമുണ്ടെന്ന് എല്ലാവരും സമ്മതിക്കുന്നു. നമസ്കാരത്തിൽ ദിക്ർ അടങ്ങിയിരിക്കുന്നതുകൊണ്ടാണ് അതിന് 'ദിക്ർ' എന്ന് പറയപ്പെടുന്നത്. '**അഖിമിസ്സ്വലാത്ത ലിദിക്ർരി**' (എന്റെ ദിക്റിനായിട്ട് നമസ്കരിക്കുക എന്ന ഖുർആൻ വാക്യം 20:14) ഈ യാഥാർത്ഥ്യം മനസ്സിലാക്കിത്തരുന്നുമുണ്ട്. നിഘണ്ടുകർത്താക്കളും ഈ സംഗതി പ്രസ്താവിക്കുന്നുണ്ട്. ഉദാഹരണത്തിന് 'മിസ്ബാഹ്' നോക്കുക. അല്ലാഹുവിന്റെ ദിക്റിൽ പ്രധാനമായ ഒന്നാണല്ലൊ അവന്റെ പരിശുദ്ധതയെ ഏറ്റുപറയുക എന്ന തസ്ബീഹ്. നമസ്കാരത്തിൽ 'ദുആ' അടങ്ങിയിരിക്കുന്നതുകൊണ്ട് അതിന് 'സ്വലാത്ത്' എന്നും, 'ദിക്ർ' എന്നും പറയപ്പെടുന്നതുപോലെത്തന്നെ, അതിൽ തസ്ബീഹ് ഉൾക്കൊണ്ടിരിക്കുന്നതുകൊണ്ട് അതിന് 'തസ്ബീഹ്' എന്നും പറയാമെന്ന് മനസ്സിലാകുന്നു. അതുകൊണ്ടുതന്നെയാണ് നിഘണ്ടുകർത്താക്കളെല്ലാം 'തസ്ബീഹ്' എന്നതിന് 'സ്വലാത്ത്' എന്നും 'സബ്ബഹ' എന്നതിന് 'സ്വല്ലാ' എന്നും, 'മുസബ്ബിഹ്' എന്നതിന് 'മുസല്ലി' എന്നുംകൂടി അർത്ഥമുണ്ടെന്ന് പ്രസ്താവിച്ചിരിക്കുന്നത്.

നമസ്കാരമാകുന്ന ആരാധനയിൽ ഉൾപ്പെടുന്ന ഏതെങ്കിലും ഒരു വിഭാഗത്തിനുള്ള പേര് നമസ്കാരത്തിനും നല്കപ്പെടുന്നുണ്ടെന്നുള്ള വസ്തുത വിശുദ്ധഖുർആൻ മറ്റൊരുപ്രകാരത്തിലും മനസ്സിലാക്കിത്തരുന്നുണ്ട്. ഖുർആൻ പറയുന്നു:

وَمِنَ الَّيْلِ فَاسْجُدْ لَهُ وَسَبِّحْهُ لَيْلًا طَوِيْلًا ﴿٢٧﴾

രാത്രിസമയത്ത് നീ അവന്നായി സുജൂദ് ചെയ്യുക; രാത്രി നീണ്ടസമയത്തോളം അവന്റെ പരിശുദ്ധിയെ കീർത്തനം ചെയ്യുക" (76:27). ഇവിടെ 'സുജൂദ്' എന്നും 'തസ്ബീഹ്' എന്നും പറയപ്പെട്ടിരിക്കുന്നത് നമസ്കാരത്തെക്കുറിച്ചുതന്നെയാണ്. കാരണം രാത്രി നമസ്കരിക്കുവാനല്ലാതെ സുജൂദ് മാത്രം ചെയ്യാനും തസ്ബീഹ് മാത്രം ചെയ്യാനുമുള്ള ഒരു പ്രത്യേക കല്പന ഇല്ല. കൂടാതെ 96-ാം അധ്യായം, 20-ാം വാക്യത്തിലുള്ള '**ഉസ്ജിദ്**' (നീ സുജൂദ് ചെയ്യുക) എന്നതിന് 'നമസ്കരിക്കുക'



എന്നും അർത്ഥം കൊടുത്തിട്ടുണ്ട്. ഇങ്ങനെ നമസ്കാരത്തിൽ ഉൾക്കൊണ്ട ഒരു ഘടകത്തിന്റെ പേരുതന്നെ നമസ്കാരത്തിനും കൊടുക്കാവുന്നതാണെന്നു വ്യക്തമാകുന്നു.

ചുരുക്കത്തിൽ മേൽപറഞ്ഞ ആയത്തിൽ '**ഫ സുബ്ഹാനല്ലാഹി**' എന്നുള്ളതിന്റെ അർത്ഥം 'നിങ്ങൾ അല്ലാഹുവിന്റെ പരിശുദ്ധതയെ കീർത്തനം ചെയ്യുവിൻ' എന്നാണെന്നും, അതിന്റെ വിവക്ഷിതം 'നമസ്കരിക്കുവിൻ' എന്നാണെന്നും ഈ പദം നമസ്കരിക്കുക എന്ന അർത്ഥത്തിൽ ഉപയോഗിക്കപ്പെടാമെന്നും സ്പഷ്ടമാക്കിയിരിക്കുന്നു. അങ്ങനെ അല്ലാഹുവിന്റെ പരിശുദ്ധതയെ കീർത്തനം ചെയ്യുക എന്ന് പറഞ്ഞിരിക്കുന്നതിന്റെ വിവക്ഷിതം 'നമസ്കരിക്കുവിൻ' എന്നായതുകൊണ്ടാണ് അതിനെ തുടർന്ന് അത് ഏതേത് സമയങ്ങളിലാണ് അനുഷ്ഠിക്കേണ്ടതെന്ന് നിർണ്ണയിച്ചു പറഞ്ഞിരിക്കുന്നത്.

ഇനി പ്രസ്തുത ആയത്തിൽ നിർദ്ദിഷ്ടമായ സമയങ്ങളെക്കുറിച്ച് നമുക്ക് ചിന്തിക്കാം. ആദ്യത്തെ ആയത്തിൽ പ്രയുക്തമായിരിക്കുന്ന 'തുംസൂന' എന്നും 'തുസ്ബിഹൂന' എന്നുമുള്ള പദങ്ങൾ അനുക്രമം 'മസാഉൻ', 'സബാഹുൻ' എന്നീ പദങ്ങളിൽനിന്നുൽപ്പന്നമായവയാണ്. 'മസാഅ്' എന്നാൽ, സാമാന്യേന സന്ധ്യാസമയത്തിനാണ് പറയപ്പെടുന്നത്. 'സബാഹ്' എന്നത് പ്രഭാതത്തിനും. അപ്പോൾ 'തുംസൂന' എന്നതിന് 'നിങ്ങൾ സന്ധ്യയിൽ പ്രവേശിക്കുമ്പോൾ എന്നും 'തുസ്ബിഹൂന' എന്നതിന് 'നിങ്ങൾ പ്രഭാതത്തിൽ പ്രവേശിക്കുമ്പോൾ' എന്നും അർത്ഥമായി. സന്ധ്യാശബ്ദം അസ്തമയത്തിനുശേഷം മൂന്ന് നാഴിക വരെയുള്ള സമയത്തിന് പറയപ്പെടുന്നതുപോലെതന്നെ 'മസാഅ്' എന്ന അറബിപദവും സൂര്യൻ അസ്തമിച്ചതിനുശേഷം കുറേനേരത്തോളമുള്ള സമയത്തിന് പറയപ്പെടുന്നതാണ്. അപ്പോൾ 'തുംസൂന' എന്ന വാക്കിൽ മഗ്രിബ് നമസ്കാരത്തിന്റേയും ഇശാനമസ്കാരത്തിന്റേയും സമയം ഉൾപ്പെടുന്നു. 'തുസ്ബിഹൂന' അഥവാ നിങ്ങൾ പ്രഭാതത്തിൽ പ്രവേശിക്കുമ്പോൾ എന്ന് പറഞ്ഞിരിക്കുന്നത് 'സുബ്ഹ്' നമസ്കാരസമയത്തെക്കുറിച്ചുമാണ്. തിരുനബി(സ) ജീവിച്ചിരുന്ന കാല

മത്രയും സ്വപ്രവൃത്തി മുഖേന മേൽവാക്യത്തിന് നല്കിയ വ്യാഖ്യാനം ഇതുതന്നെയാണ്. തുടർന്നുള്ള ആയത്തിൽ പ്രയുക്തമായ 'അശിയ്യ്' എന്നതിന്റെ അർത്ഥം 'സായാഹ്നം' എന്നത്രെ. ഈ പദം വൈകുന്നേരത്തെയാണ് കുറിക്കുന്നത്. അപ്പോൾ അത് അസ്വ്ർ നമസ്കാരമായി. അവസാനമായി അവിടെ പ്രയുക്തമാക്കിയിരിക്കുന്നത് 'തുള്ഹിറൂന' എന്നാണ്. അതായത് നിങ്ങൾ 'സുഹ്ർ' സമയത്തെ പ്രാപിക്കുമ്പോൾ എന്ന്. മദ്ധ്യാഹ്നം മുതൽ സൂര്യതാപത്തിന്റെ ഉഗ്രത നിലനില്ക്കുന്നത് വരെയുള്ള സമയമാണത്. ആ സമയത്താണ് 'സുഹ്ർ നമസ്കാരം' എന്നു പറയുന്ന ഒരു നമസ്കാരം. തിരുനബി(സ) തന്റെ ജീവിതാന്ത്യംവരെയുള്ള ആചരണം മുഖേന ഈ സമയക്രമത്തെ നമുക്ക് സ്ഥിരീകരിച്ചു തന്നിരിക്കുകയാണ്. ഇങ്ങനെ ഇവിടെത്തന്നെ അഞ്ചുനേരവുമുള്ള നമസ്കാരത്തെക്കുറിച്ച് പ്രസ്താവിക്കപ്പെട്ടിരിക്കുകയാണ്. ഞാൻ മുമ്പേയുദ്ധരിച്ച ഖുർആൻ വാക്യങ്ങളും തിരുനബിയുടെ കർമ്മമാതൃകയും ഈ യാഥാർത്ഥ്യം തന്നെയാണ് സ്പഷ്ടമാക്കിത്തരുന്നത്.

ചില നിശ്ചിത സമയങ്ങളിൽ നമസ്കാരമനുഷ്ഠിക്കാൻ വിശുദ്ധഖുർആൻ പറഞ്ഞിരിക്കുന്നതിന്റെ ആന്തരമായ താൽപര്യമെന്താണെന്ന് നമുക്ക് മനസ്സിലാക്കാൻ സാധിച്ചില്ലെന്ന് വന്നാലും, അതിൽ ചില തത്ത്വരഹസ്യങ്ങൾ അന്തർഭവിച്ചിരിക്കുന്നുണ്ട് എന്നുള്ളത് സംശയാതീതമാണ്. ആയത് ഈ ഭൂഗോളത്തിന്റെ കറങ്ങൽ നിമിത്തം നാം സൂര്യനുമായി അടുക്കുകയും അകലുകയും ചെയ്യുന്നതുമൂലം നമ്മുടെ പരിസ്ഥിതിക്ക് ചില മാറ്റങ്ങളെല്ലാം സംഭവിക്കുന്നു. ആ പരിവർത്തനത്തെ അടിസ്ഥാനമാക്കി നാം ചില പ്രത്യേക ഘട്ടങ്ങളിൽ അല്ലാഹുവിനെ ഒരു പ്രത്യേക രീതിയിൽ ആരാധിക്കുവാൻ– അവന്റെ മഹത്ത്വത്തേയും പരിശുദ്ധതയേയും ഏറ്റുപറഞ്ഞ് അവനോട് പ്രാർത്ഥിക്കുവാൻ– ശാസിക്കപ്പെട്ടിരിക്കുന്നു. ഈ സംഗതി പ്രസ്തുത ആയത്തുകളിൽ കുറേക്കൂടി വ്യക്തമാക്കപ്പെട്ടിട്ടുണ്ട്. ഒന്നാമതായി പറഞ്ഞത് നിങ്ങൾ സന്ധ്യാസമയത്തിൽ പ്രവേശിക്കുമ്പോൾ അതായത്, പ്രകാശത്തിൽനിന്ന് അന്ധകാരത്തിലേക്ക് പ്രവേശിക്കുമ്പോൾ



അല്ലാഹുവിനെ ആരാധിക്കണമെന്നാണ്. 'മഗ്രിബ്' അന്ധകാരം ആരംഭിക്കുകയും 'ഇശാഅ്'അന്ധകാരം മുറ്റുകയും ചെയ്യുന്ന വേളയാണല്ലൊ. രണ്ടാമതായി പറഞ്ഞിരിക്കുന്നത് പ്രഭാതസമയത്ത് നമസ്കരിക്കുന്നതിനായിട്ടാണ്. അത് അന്ധകാരത്തിൽനിന്ന് പ്രകാശത്തിലേക്കുള്ള ഘട്ടമാണ്. മനുഷ്യർക്ക് ഈ ലോകത്ത് ഇങ്ങനെയുള്ള ചില സ്ഥിതിഗതികളെല്ലാം സംഭവിക്കാറുണ്ട്. ആ അവസ്ഥകളിലെല്ലാം നമ്മുടെ ലക്ഷ്യവും അവലംബവും അല്ലാഹു മാത്രമാണ്. ആകയാൽ, ഏതവസ്ഥാന്തരത്തിലും നാം നമ്മുടെ ലക്ഷ്യത്തെ വിസ്മരിക്കാതെ അല്ലാഹുവുമായുള്ള ബന്ധത്തെ സുദൃഢമാക്കിത്തീർക്കാൻ എപ്പോഴും കരുതലുള്ളവരായിരിക്കണമെന്നാണ് ഈ ആയത്ത് നമ്മെ ഉദ്ബോധിപ്പിക്കുന്നത്. അടുത്ത് പറഞ്ഞിരിക്കുന്ന 'അശിയ്യ്' എന്നത് സൂര്യന്റെ ഉഷ്ണം കുറഞ്ഞ് ക്ഷീണാവസ്ഥ പോലുള്ള ഒരു നില അതിന്നുണ്ടായിത്തീരുന്ന സമയമാണ്. മനുഷ്യർക്കും താദൃശമായ സ്ഥിതിഗതികൾ സംഭവിക്കാറുണ്ട്. അപ്പോഴും അവർ തങ്ങളുടെ പരമലക്ഷ്യത്തെ വിസ്മരിക്കരുതെന്നാണ് ഇതുകൊണ്ട് സൂചിതമായിരിക്കുന്നത്. ഒടുവിൽ പറഞ്ഞിരിക്കുന്നത്, പ്രകാശം അതിന്റെ മൂർദ്ധന്യത്തെ പ്രാപിച്ച് തിളങ്ങിക്കൊണ്ടിരിക്കുന്ന സമയത്തെയാണ്. മനുഷ്യർക്കും ഉന്നതമായ നില സിദ്ധിച്ച അവസരമുണ്ടാകും. അപ്പോഴും അവർ ആ സർവ്വാധിനാഥനെ മറക്കുകയോ അവനെ ആരാധിക്കുന്നതിൽ വിമുഖത കാണിക്കുകയോ അരുതെന്നുമാണ് ഇത് കാണിക്കുന്നത്. ഇങ്ങനെ മനുഷ്യർക്ക് അവരുടെ ജീവിതത്തിൽ നേരിടുന്ന അവസ്ഥാന്തരങ്ങളിലെല്ലാം, അല്ലാഹുവിനെ സ്മരിക്കുകയും ആരാധിക്കുകയും അവൻ മാത്രമാണ് സർവ്വോപരി പരിശുദ്ധനും ആരാധനക്കർഹനുമായുള്ളവൻ എന്ന പരമസത്യത്തെ ഏറ്റു പറഞ്ഞുകൊണ്ടിരിക്കുകയും വേണമെന്നത്രെ ഈ ആയത്തുകൾ വ്യക്തമാക്കിത്തരുന്നത്. ഈ ആയത്തുകളുടെ വ്യാഖ്യാനമെന്തെന്ന് തിരുനബി(സ) സ്വപ്രവൃത്തികൊണ്ട് തെളിയിച്ചുകാണിച്ചു. അതായത്, ആ സത്യാത്മാവ് ദിവസേന അഞ്ചുനേരവും മനസാ വാചാ കർമ്മണാ അല്ലാഹുവിന്റെ മഹത്ത്വത്തേയും പരിശുദ്ധതയേയും പ്രകീർത്തിച്ചുകൊണ്ട് നമസ്കരിച്ചുകൊണ്ടിരുന്നു.

ഇവിടെ '**സുബ്ഹാനല്ലാഹി**' എന്നതുകൊണ്ടുള്ള വിവക്ഷിതം നമസ്കരിച്ചുകൊണ്ട് അല്ലാഹുവിന്റെ പരിശുദ്ധതയെ ഏറ്റുപറയുകതന്നെയാണെന്നും, ചില പ്രത്യേക ഘട്ടങ്ങളെ നിർണയിച്ചുപറഞ്ഞിരിക്കുന്നത് അതുകൊണ്ടു തന്നെയാണെന്നും, വേറെ ചില ആയത്തുകളും നമുക്ക് മനസ്സിലാക്കിത്തരുന്നുണ്ട്. അല്ലാഹു പറയുന്നു:

فَاصْبِرْ عَلَىٰ مَا يَقُولُونَ وَسَبِّحْ بِحَمْدِ رَبِّكَ
قَبْلَ طُلُوعِ الشَّمْسِ وَقَبْلَ غُرُوبِهَا ۖ
وَمِنْ آنَاءِ اللَّيْلِ فَسَبِّحْ وَأَطْرَافَ النَّهَارِ
لَعَلَّكَ تَرْضَىٰ ﴿١٣٠﴾

"അവർ ആക്ഷേപിച്ചുപറയുന്നതിനെക്കുറിച്ച് നീ ക്ഷമിക്കുക. സൂര്യോദയത്തിന് മുമ്പേയും അസ്തമയത്തിന് മുമ്പേയും നീ നിന്റെ നാഥനെ സ്തുതിക്കുന്നതോടുകൂടി അവന്റെ പരിശുദ്ധതയെ ഏറ്റുപറയുക; രാത്രി സമയങ്ങളിലും അവന്റെ പരിശുദ്ധതയെ കീർത്തിക്കുക; പകലിന്റെ അംശങ്ങളിലും; നീ സന്തുഷ്ടനാവുന്നതിനുതന്നെ" (20:130). ഈ ആയത്തിൽ 'തസ്ബീഹ്' ചെയ്യുവാൻ നിർദ്ദിഷ്ടമായ സമയങ്ങൾ സൂര്യോദയത്തിനു മുമ്പേ, അസ്തമയത്തിനു മുമ്പേ, രാത്രി സമയങ്ങൾ, പകലിന്റെ അംശങ്ങൾ എന്നിങ്ങനെയാണ്. സൂര്യോദയത്തിന് മുമ്പേയുള്ള 'തസ്ബീഹ്' എന്നതിന്റെ വിവക്ഷിതം 'ഫജ്ർ' നമസ്കാരമാണെന്നത് തർക്കമറ്റതാണ്. അല്ലാതെ പ്രഭാതത്തിൽ ഫജ്ർ നമസ്കാരം വേറെയും തസ്ബീഹ് വേറെയുമായിട്ട്, നിർബന്ധമായ രണ്ട് പ്രത്യേകാരാധനാകർമ്മങ്ങൾ ഇല്ലല്ലൊ. സൂര്യാസ്തമയത്തിന് മുമ്പേ എന്നു പറഞ്ഞത് 'മഗ്രിബ്' ആവാൻ നിവൃത്തിയില്ല. 'മഗ്രിബ്' നമസ്കാരം അസ്തമയത്തിന് ശേഷമാണല്ലൊ. അസ്തമയത്തിന് മുമ്പേയുള്ളത് അസ്വ്ർ നമസ്കാരമാണ്. സുഹ്ർ നമസ്കാരവും അസ്തമയത്തിന് മുമ്പേയായതുകൊണ്ട്



അതും ഇപ്പറഞ്ഞതിൽ ഉൾപ്പെടുന്നുണ്ട്. രാത്രിസമയങ്ങളിലെ തസ്ബീഹ് കൊണ്ടുള്ള വിവക്ഷിതം മഗ്രിബ്, ഇശാഅ് എന്നീ രണ്ട് നമസ്കാരമാണ്. എന്തെന്നാൽ, അവ അനുഷ്ഠിക്കപ്പെടുന്നത് രാത്രിയിലാണ്. തഹജ്ജുദ് നമസ്കാരവും രാത്രിയിൽത്തന്നെയെങ്കിലും അതിന്റെ അനുഷ്ഠാനം അഞ്ചുനേര നമസ്കാരത്തെപ്പോലെ നിർബന്ധമായിട്ടുള്ളതല്ല. ഈ വസ്തുത നബി(സ) തിരുമേനി മാത്രമല്ല, വിശുദ്ധഖുർആനും നമുക്ക് മനസ്സിലാക്കിത്തന്നിരിക്കുന്നു. ഈ സംഗതിയെക്കുറിച്ച് പിറകെ പ്രതിപാദിച്ചുകൊള്ളാം. ഇങ്ങനെ അഞ്ചുനേരത്തെ നമസ്കാരം ഉൾപ്പെടുന്ന സമയപരിധികളെക്കുറിച്ച് പ്രസ്താവിച്ചതിനു ശേഷം തുടർന്നുകൊണ്ട് 'പകലിന്റെ അംശങ്ങളിലും' എന്ന് പറഞ്ഞിരിക്കുന്നത് ബാഹ്യവീക്ഷണത്തിൽ ഒരാവർത്തനമാണെന്ന് തോന്നിയേക്കാം. വാസ്തവത്തിൽ അതൊരു ആവർത്തനമല്ല. അതാകട്ടെ, ആ നമസ്കാരങ്ങളെ നിഷ്കൃഷ്ടമായി അനുഷ്ഠിക്കുന്നതിന് വേണ്ടി ഊന്നിപ്പറഞ്ഞിട്ടുള്ളതാണ്. ഫജ്ർ നമസ്കാരം സുഖനിദ്രയെ ഉപേക്ഷിച്ച് ചെയ്യേണ്ട ഒന്നായതുകൊണ്ടും, പകൽ ജോലിസമയമാകയാൽ നമസ്കാര കാര്യത്തിൽ അശ്രദ്ധയും അലസതയും കാണിക്കാൻ ഇടയുള്ളതുകൊണ്ടും ആണ് 'പകലിന്റെ അംശങ്ങളിലും' എന്ന് ആവർത്തിച്ചുപറഞ്ഞിരിക്കുന്നത്. ജോലിസമയമായതുകൊണ്ട് പകൽ നമസ്കരിക്കേണ്ടതില്ലെന്നാണല്ലൊ ചിലരുടെ വാദം. ഈ മിഥ്യാവാദത്തിന് ഖണ്ഡനമായിട്ടുമാണ് 'പകലിന്റെ അംശങ്ങളിലും' എന്നിവിടെ പറഞ്ഞിരിക്കുന്നത്. അങ്ങനെ പ്രസ്തുത ആയത്തും നമുക്ക് വ്യക്തമാക്കിത്തന്നിരിക്കുന്നത്, സൂര്യോദയത്തിന് മുമ്പേയും അസ്തമയത്തിന് മുമ്പേയും രാത്രിയും പകലുമെല്ലാം നാം അല്ലാഹുവിനെ കീർത്തനം ചെയ്തുകൊണ്ടുള്ള ആരാധന നടത്തിപ്പോരണം എന്നാണ്. മറ്റൊരു ആയത്തിൽ അല്ലാഹു ഇങ്ങനെ പറയുന്നു:

فَاصْبِرْ عَلَىٰ مَا يَقُولُونَ وَسَبِّحْ بِحَمْدِ رَبِّكَ قَبْلَ طُلُوعِ الشَّمْسِ
وَقَبْلَ الْغُرُوبِ ﴿٣٩﴾ وَمِنَ اللَّيْلِ فَسَبِّحْهُ وَأَدْبَارَ السُّجُودِ ﴿٤٠﴾

''അവർ ആക്ഷേപിച്ചു പറയുന്നതിനെക്കുറിച്ച് നീ ക്ഷമിക്കുക. നിന്റെ നാഥന്റെ സ്തുതിയോടെ നീ അവന്റെ പരിശുദ്ധതയെ കീർത്തിക്കുക. സൂര്യോദയത്തിന് മുമ്പേയും അസ്തമയത്തിന് മുമ്പേയും രാത്രിസമയത്തും നീ അവന്റെ പരിശുദ്ധതയെ പ്രകീർത്തിക്കുക; സുജൂദിനുശേഷവും" (50:40-41). ഈ ഖുർആൻ വാക്യവും നമസ്കാരം അഞ്ചുനേരം തന്നെയാണെന്ന് മനസ്സിലാക്കിത്തരുന്നു. 'സബ്ബിഹ്' അഥവാ 'പരിശുദ്ധതയെ കീർത്തിക്കുക' എന്ന് പറഞ്ഞതിന്റെ വിവക്ഷിതം നമസ്കരിച്ചുകൊണ്ട് അല്ലാഹുവിന്റെ പരിശുദ്ധതയേയും മഹത്ത്വത്തേയും ഏറ്റുപറയുക എന്നാണെന്ന് ഞാൻ മുമ്പേ വിവരിച്ചിട്ടുണ്ട്. അങ്ങനെ ചെയ്യേണ്ടത് സൂര്യോദയത്തിന് മുമ്പേയും സൂര്യാസ്തമയത്തിന് മുമ്പേയും ആണെന്നത്രെ ഇവിടെയും പറഞ്ഞിരിക്കുന്നത്. സൂര്യോദയത്തിന് മുമ്പേയുള്ളത് ഫജ്ർ നമസ്കാരമല്ലാതെ മറ്റൊന്നുമല്ല. അസ്തമയത്തിന് മുമ്പേ എന്ന് പറഞ്ഞത് മഗ്രിബുമല്ല. അതുകൊണ്ട് ആ നമസ്കാരം മദ്ധ്യാഹ്നം മുതൽ അസ്തമയംവരെയുള്ള സമയത്തിന്നിടയിൽ അനുഷ്ഠിക്കപ്പെടുന്ന സുഹ്റും അസ്റും ആണെന്ന് സിദ്ധിക്കുന്നു. തുടർന്ന്, രാത്രി സമയത്തും അല്ലാഹുവിന്റെ പരിശുദ്ധതയെ വാഴ്ത്തുക എന്ന് പറഞ്ഞിരിക്കുന്നത് മഗ്രിബ് നമസ്കാരത്തെക്കുറിച്ചാണ്. അത് സൂര്യൻ അസ്തമിച്ച് രാത്രി ആരംഭിച്ചതിനുശേഷമാണ് അനുഷ്ഠിക്കപ്പെടുന്നത്. അതുകൊണ്ടാണ് അതിനെക്കുറിച്ച് 'രാത്രി സമയത്തും' എന്ന് പറഞ്ഞിരിക്കുന്നത്. അവസാനമായി പ്രസ്താവിച്ചത് 'സുജൂദിനുശേഷവും' എന്നാണ്. ഇവിടെ 'സുജൂദ്' എന്ന് പറഞ്ഞത് നമസ്കാരത്തെ കുറിച്ചുതന്നെയാണ്. അല്ലാതെ നമസ്കാരത്തിനുശേഷം സുജൂദ് മാത്രമായുള്ള ഒരു പ്രത്യേകാരാധന ഇല്ലല്ലോ. അപ്പോൾ ഏതൊരു ആരാധനാകർമ്മത്തെക്കുറിച്ച് 'തസ്ബീഹ്' എന്ന് പറഞ്ഞിരിക്കുന്നുവോ അതിനെക്കുറിച്ചുതന്നെയാണ് 'സുജൂദ്' എന്നും പറഞ്ഞിരിക്കുന്നത്. നമസ്കാരത്തിൽ 'തസ്ബീഹും' ഉൾക്കൊണ്ടിരിക്കുന്നതുകൊണ്ട് നമസ്കാരത്തിന് തസ്ബീഹ് എന്ന് പറയപ്പെടുന്നതുപോലെതന്നെ, 'സുജൂദും' ഉൾപ്പെട്ടതുകൊണ്ട് അതിന് സുജൂദ് എന്നും പറയപ്പെട്ടിരിക്കുന്നു. അങ്ങനെ, രാത്രിയുടെ



ഒന്നാമത്തെ നമസ്കാരത്തിനുശേഷവും അല്ലാഹുവിനെ കീർത്തനം ചെയ്യുക എന്ന് പറഞ്ഞതുകൊണ്ട് മഗ്രിബ് നമസ്കാരത്തിനുശേഷം മറ്റൊരു നമസ്കാരം കൂടിയുണ്ടെന്ന് മനസ്സിലായി. അതിനെക്കുറിച്ചുതന്നെയാണ് 'ഇശാഅ് നമസ്കാരത്തിന്ശേഷം' എന്ന് 24-ാം അധ്യായം, 59-ാം വാക്യത്തിൽ പ്രസ്താവിക്കപ്പെട്ടിരിക്കുന്നത്. ഇങ്ങനെ, വിശുദ്ധഖുർആനിലെ പല ആയത്തുകളും വ്യക്തമാക്കിത്തരുന്നത് നിർബന്ധ നമസ്കാരം മൂന്നോ രണ്ടോ നേരമാണെന്നല്ല, അഞ്ചുനേരമാണെന്നത്രെ. അതുതന്നെയാണ് നബി(സ) തിരുമേനി ജീവിതാന്ത്യംവരെ ഫർസ് നമസ്കാരം അഞ്ചുനേരമായി അനുഷ്ഠിച്ചുകാണിച്ചുതന്നിട്ടുള്ളത്. ഇങ്ങനെ വിശുദ്ധഖുർആനിലെ നിരവധി ആയത്തുകളും തിരുനബിയുടെ അനുസ്യൂതമായ കർമ്മമാതൃകയും ഫർസ് നമസ്കാരം അഞ്ചുനേരമാണെന്ന് മനസ്സിലാക്കിത്തരുന്നു.

മേലുദ്ധരിച്ച (30:18,19; 20:131; 50:40,41) എന്നീ ആയത്തുകളിൽ നമസ്കാരത്തെക്കുറിച്ച് തന്നെയാണ് പ്രസ്താവിക്കപ്പെട്ടിരിക്കുന്നതെന്ന വസ്തുത മറ്റൊരു പ്രകാരത്തിലും വിശുദ്ധഖുർആൻ നമുക്ക് മനസ്സിലാക്കിത്തരുന്നുണ്ട്. ഖുർആന്റെ പ്രതിപാദനരീതിയെക്കുറിച്ച് അവഗാഢം ചിന്തിച്ച് അതിലെ അദ്ധ്യാപനങ്ങളെ വേണ്ടത്ര ഗ്രഹിക്കാൻ ആഗ്രഹിക്കുന്നവർക്ക് അത് അതീവ ശ്രദ്ധാർഹമായിരിക്കുന്നതാണ്. ഖുർആൻ 2:154-ൽ ***ഇസ്തഈനു ബിസ്സ്വബ്‌രി വസ്വലാത്ത്*** ''നിങ്ങൾ ക്ഷമയും നമസ്കാരവുംമൂലം സഹായം തേടുവിൻ" എന്ന് പറഞ്ഞിരിക്കുന്നു. ഇതിൽനിന്ന് മനസ്സിലാകുന്നത് ശത്രുക്കളുടെ ഹിംസകളിലും ഉപദ്രവങ്ങളിലുംനിന്ന് രക്ഷപ്രാപിച്ച് വിജയസോപാനത്തിലേക്ക് കരേറിപോകുന്നതിന് ക്ഷമയും നമസ്കാരവും അവശ്യമാവശ്യകമായ രണ്ട് ഉപാധികളാണെന്നത്രെ! ഖുർആൻ നമസ്കാരത്തെക്കുറിച്ച് പറഞ്ഞിരിക്കുന്ന സ്ഥലത്തെല്ലാം തൊട്ടുതന്നെ, അതിൽ ശത്രുക്കളുടെ ദ്രോഹപ്രവൃത്തികളെക്കുറിച്ചും അവയിൽനിന്ന് രക്ഷപ്പെടുന്നതിനെക്കുറിച്ചും സൂചിപ്പിക്കപ്പെട്ടിട്ടുണ്ട്. ഈ വിവരണം ക്ഷമയും നമസ്കാരവുംമൂലം സഹായം തേടുവിൻ എന്നതിന്റെ ഒരു വിശദീകരണമാണെന്ന് പറയാം.

അതുപോലെതന്നെയാണ് മുൻപറഞ്ഞ ആയത്തുകളിലും പ്രസ്താവിക്കപ്പെട്ടിരിക്കുന്നത്. 30-ാം അധ്യായം 17-ാം വചനത്തിൽ ശത്രുക്കളുടെ പ്രവൃത്തികളെക്കുറിച്ചും അവയുടെ ദോഷഫലം അവർ അനുഭവിക്കേണ്ടിവരുമെന്നതിനെക്കുറിച്ചും പ്രസ്താവിച്ചതിനെ തുടർന്നാണ് ചില ക്ലിപ്ത സമയങ്ങളിൽ 'തസ്ബീഹ്' ചെയ്യാൻ കല്പിച്ചിരിക്കുന്നത്. പിന്നെ തുടർന്ന് പറയുന്നത് നിർജീവമായിത്തീർന്ന ജനസഞ്ചയത്തെ ദൈവം ഉജ്ജീവിപ്പിക്കുകയും ഭൗതികശക്തിയിൽ ഊറ്റം നടിച്ചുകൊണ്ട് സത്യത്തെ നശിപ്പിക്കുവാൻ ശ്രമിക്കുന്നവരെ പരാജയപ്പെടുത്തി നിഷ്ക്രിയരാക്കിത്തീർക്കുകയും ചെയ്യുമെന്നാണ്. ഇങ്ങനെ നമസ്കാരത്തെ സംബന്ധിച്ച പ്രസ്താവനയോട് അനുരൂപമായ നിലയിൽത്തന്നെ തസ്ബീഹിനെക്കുറിച്ചും പ്രസ്താവിച്ചുകൊണ്ട് ഖുർആൻ മനസ്സിലാക്കിത്തന്നിരിക്കുന്നത് ഇവിടെ 'തസ്ബീഹ്' എന്നതിന്റേയും വിവക്ഷിതം നമസ്കാരംതന്നെ എന്നത്രെ.20:131ലും 50:40,41ലുമാകട്ടെ ശത്രുക്കളുടെ ആക്ഷേപങ്ങളെ സഹിക്കണമെന്ന് ഉപദേശിച്ചുകൊണ്ടാണ് 'തസ്ബീഹ്' ചെയ്യുവാൻ പറഞ്ഞിരിക്കുന്നത്. ഇത് 2:154-ൽ ക്ഷമയും നമസ്കാരവുംമൂലം സഹായം തേടുവാനുള്ള കല്പനയുടെ ഒരു വിശദീകരണമാകുന്നു. ഇങ്ങനെ, പ്രസ്തുത സ്ഥലങ്ങളിലെല്ലാം 'തസ്ബീഹ്' കൊണ്ട് വിവക്ഷിക്കപ്പെട്ടിരിക്കുന്നത് നമസ്കാരം തന്നെയാണെന്ന് ഖുർആൻ തൽവിവരണരീതികൊണ്ടും മനസ്സിലാക്കിത്തന്നിരിക്കയാണ്. സവിസ്തരം പ്രതിപാദിക്കേണ്ടുന്ന ഒരു സംഗതിയാണിതെങ്കിലും ദൈർഘ്യഭീതിയാൽ ഈ സൂചനകൊണ്ടുമാത്രം ഇതിന് വിരാമമിടേണ്ടി വന്നിരിക്കുന്നു.

പകൽ ജോലി ചെയ്യേണ്ട സമയമാണെന്ന് പറഞ്ഞ ഖുർആൻ തന്നെ പകൽ നമസ്കരിക്കേണ്ടതാണെന്നും ആജ്ഞാപിക്കുന്നുണ്ട്. സൂര്യൻ മദ്ധ്യാഹ്നത്തിൽനിന്ന് നീങ്ങുമ്പോഴും, വെയിലിന്റെ ഉഗ്രത കുറയുന്ന സമയത്തും നമസ്കരിക്കേണ്ടതാണെന്ന് ഖുർആൻ സ്പഷ്ടമാക്കിത്തരുന്നുമുണ്ട്. പകലിന്റെ രണ്ടംശങ്ങളിലും നമസ്കരിക്കേണ്ടതാണെന്നും ഖുർആൻ പഠിപ്പിക്കുന്നു.



പകൽ ജോലിക്കുള്ള സമയമാണെന്ന് പറയുന്ന ഖുർആൻതന്നെ, പകൽ നമസ്കരിക്കേണ്ടതാണെന്നും കല്പിച്ചിരിക്കുന്നതുകൊണ്ട്, ജോലിത്തിരക്കുള്ള പകൽസമയം നമസ്കരിക്കേണ്ടത് ഖുർആന്റെ അദ്ധ്യാപനമനുസരിച്ച് ആവശ്യമാണെന്ന് മനസ്സിലാകുന്നു.

രാത്രി അല്ലാഹുവിനെ ആരാധിക്കുന്നത് വലിയ പുണ്യകർമ്മമാണെന്ന് മാത്രമാണ് മനസ്സിലാകുന്നത്. രാത്രി നിദ്ര ഉപേക്ഷിച്ചുകൊണ്ട് അല്ലാഹുവിനെ ധ്യാനിക്കുകയും അവനെ ആരാധിക്കുകയും ചെയ്യുന്നത് വലിയ പുണ്യകർമ്മമായതുകൊണ്ട് അതിനെക്കുറിച്ച് ഖുർആൻ പ്രസ്താവിച്ചിരിക്കുകയുമാണ്. പകൽ അല്ലാഹുവിനെ ആരാധിക്കുകയും സ്മരിക്കുകയും ചെയ്യുന്ന പലരും രാത്രി സുഖനിദ്ര ഉപേക്ഷിച്ച് അങ്ങനെ ചെയ്യാറില്ല. അതുകൊണ്ട് ആ സംഗതി ഖുർആൻ പ്രഖ്യാപിച്ചു. ഇതിൽനിന്ന് പകൽ നമസ്കരിക്കേണ്ടതില്ലെന്നല്ല തെളിയുന്നത്. മറിച്ച്, രാത്രി നമസ്കരിക്കുന്നതിനേക്കാൾ എളുപ്പം പകൽ നമസ്കരിക്കുന്നതാണെന്നാണ്. പകൽസമയം ജോലിക്കുള്ളതാണെന്ന് ഖുർആനിൽ പറയപ്പെട്ടതുകൊണ്ട്, പകൽവേളയിൽ നമസ്കരിക്കേണ്ടതില്ലെന്നാണെങ്കിൽ, അതേ ന്യായേന രാത്രി സമയത്തും നമസ്കരിക്കേണ്ടതില്ലെന്ന് അതിലേറെ ശക്തിയോടുകൂടി പറയാവുന്നതാണ്. പകൽ പ്രവൃത്തിക്കുള്ള സമയമാണെങ്കിൽ രാത്രി ഉറങ്ങാനുള്ള സമയമാണെന്നാണ് ഖുർആൻ പറഞ്ഞുതരുന്നത്. അപ്പോൾ പകൽ ജോലി ചെയ്യാനും രാത്രി ഉറങ്ങാനും ആണെന്ന് വന്നു. അതുകൊണ്ട് പകൽ ഏത് കാരണത്താൽ നമസ്കരിക്കേണ്ടതില്ലയോ അതിനേക്കാൾ പ്രബലമായ കാരണത്താൽ രാത്രിയും നമസ്കരിക്കേണ്ടതില്ലെന്ന് പറയാവുന്നതാണ്. എന്തെന്നാൽ, ജോലി സമയമായ പകൽ നമസ്കരിക്കുന്നതിനേക്കാൾ കൂടുതൽ പ്രയാസകരമാണ്, രാത്രി നിദ്രയിൽ നിന്ന് എഴുന്നേറ്റ് നമസ്കരിക്കുക എന്നത്. വിശുദ്ധ ഖുർആൻ പറയുകയാണ്.

***വ ഹുവല്ലദീ യത്തഫ്ഫാക്കും ബില്ലയ്ലി***
***വ യഅ്ലമു മാ ജറഹതും ബിന്നഹാരി***

''അവൻ തന്നെയാണ് രാത്രിയിൽ നിങ്ങളുടെ ആത്മാക്കളെ പിടിക്കുന്നത് (ഉറങ്ങുമാറാക്കുന്നത്). നിങ്ങൾ പകൽ പ്രവർത്തിക്കുന്നത് അവൻ അറിയുന്നുമുണ്ട്" (6:61).

***വ ഹുവല്ലദീ ജഅല ലക്കുമുല്ലയ്ല ലിബാസൻവ്വന്നൗമ സുബാത്തൻവ്വജഅലന്നഹാറ നുശൂറ***

''അവൻ തന്നെയാണ് രാത്രിയെ നിങ്ങൾക്ക് ഒരു വസ്ത്രമായും നിദ്രയെ വിശ്രമമായും പകലിനെ വികസനത്തിനും പുരോഗതിക്കുമുള്ള മാർഗ്ഗവും ആക്കിയിരിക്കുന്നത്'' (25:48).

***വജഅൽന നൗമക്കും സുബാത്താ- വജഅൽന്നല്ലയ്ല ലിബാസാ- വജഅൽനന്നഹാറ മആശാ***

''നാം നിങ്ങളുടെ ഉറക്കിനെ വിശ്രമമായും രാത്രിയെ നിങ്ങൾക്ക് ഒരു മറയായും പകലിനെ ഉപജീവനമാർഗ്ഗമായും ആക്കിയിരിക്കുന്നു" (78:10-12).

ഈ വാകൃങ്ങളിൽനിന്ന് മനസ്സിലാകുന്നത് പകൽ പ്രവർത്തിക്കാനുള്ളതുപോലെ രാത്രി ഉറങ്ങാനും വിശ്രമിക്കാനുമാണ് അല്ലാഹു ഏർപ്പെടുത്തിയിരിക്കുന്നതെന്നാണ്. അതിനാൽ, ഏത് കാരണംകൊണ്ട് പകൽ നമസ്കരിക്കേണ്ടതില്ലയോ അതിനേക്കാൾ പ്രബലമായ കാരണത്താൽ രാത്രിയും നമസ്കരിക്കേണ്ടതില്ലെന്ന് പറയേണ്ടിയിരിക്കുന്നു. വാസ്തവത്തിൽ പകൽ ജോലി ചെയ്തുകൊണ്ടിരിക്കെ ഇടയിൽ **വുസു** (അംഗസ്നാനം) ചെയ്ത് നമസ്കാരമനുഷ്ഠിക്കുന്നത് ഒരു പ്രകാരത്തിൽ ജോലികൊണ്ടുള്ള ക്ഷീണം തീർക്കുന്നതിനുകൂടി കാരണമായിത്തീരുന്നുണ്ട്. എന്നാൽ, പാതിരാവേളയിൽ ഉറക്കമിളച്ചുകൊണ്ട് നമസ്കരിക്കുന്നതാകട്ടെ, എത്രയും ഭാരമേറിയ ഒരു പ്രവൃത്തിയത്രെ. പകൽ ജോലി സമയമാണെന്ന് പറഞ്ഞു. പക്ഷേ, നമസ്കരിക്കേണ്ടതില്ലെന്ന് ഖുർആൻ പറഞ്ഞില്ല. മറിച്ച്, നമസ്കരിക്കണമെന്ന് കല്പിച്ചു. രാത്രി നിദ്രക്കുള്ള സമയമാണെന്ന് ഖുർആൻ പറഞ്ഞു. പക്ഷേ, രാത്രി നമസ്കരിക്കരുതെന്ന് പറഞ്ഞില്ല. രാത്രി നിദ്രയിളച്ചു നമസ്കരിക്കുന്നത് വലിയൊരു പുണ്യമാണെന്നും പറഞ്ഞു.



നബിതിരുമേനി(സ) മറ്റെല്ലാവരേക്കാളുമധികം പകൽ സമയം ഭാരിച്ച ജോലിയിൽ മുഴുകി ജീവിച്ചിരുന്ന ഒരു ദിവ്യാത്മാവായിരുന്നു. പക്ഷേ, ആ ജോലിമദ്ധ്യെതന്നെ ആ ദിവ്യാത്മാവ് 'സുഹ്റും' 'അസ്റും' നമസ്കരിച്ചുപോന്നിരുന്നു. അങ്ങനെ തന്റെ അന്ത്യശ്വാസംവരെ അതദ്ദേഹം ചെയ്തുകാണിച്ചുകൊണ്ട് പകൽ ജോലിക്കുള്ള സമയമാണെന്നതിന്റെ അർത്ഥം, പകൽ നമസ്കാരമില്ലെന്നല്ലെന്ന് വ്യക്തമാക്കിത്തന്നു. ആ പുണ്യാത്മാവിന് മദീനയിൽ താമസിച്ചകാലത്ത് ഇസ്ലാമിനേയും തന്റെ ശിഷ്യഗണത്തേയും ശത്രുക്കളുടെ ആക്രമണത്തിൽനിന്ന് രക്ഷിക്കാൻവേണ്ടി നിരവധി യുദ്ധങ്ങൾ ചെയ്യേണ്ടിവന്നിട്ടുണ്ട്. എന്നാൽ, ജോലിത്തിരക്കുള്ള ആ സമരകാലത്തുപോലും അദ്ദേഹം പകൽസമയം നമസ്കരിച്ചുകൊണ്ട് ഖുർആന്റെ അദ്ധ്യാപനത്തെ വ്യാഖ്യാനിച്ചുതന്നു.

***വമിൻ ആയാത്തിഹീ മനാമുക്കും ബില്ലയ്ലി വന്നഹാരി വബ്ത്തിഗാഉക്കുംമ്മിൻഫള്ലിഹീ***

"രാവും പകലുമുള്ള നിങ്ങളുടെ ഉറക്കവും അവന്റെ അനുഗ്രഹത്തെക്കുറിച്ചുള്ള നിങ്ങളുടെ ആഗ്രഹവും അവന്റെ ദൃഷ്ടാന്തങ്ങളിൽപ്പെട്ടവയാണ്"(30:24). ഈ വാകൃത്തിൽ രാവും പകലും ഉറങ്ങുന്നത്, അവന്റെ ദൃഷ്ടാന്തങ്ങളിൽപെട്ടതാണെന്ന് പറയപ്പെട്ടിരിക്കുന്നതുകൊണ്ട് രാവും പകലും ഉറങ്ങുകയാണ് വേണ്ടതെന്നും, അതാണ് ഖുർആന്റെ അദ്ധ്യാപനമെന്നും, അങ്ങനെ ചെയ്യാതിരിക്കുന്നത് അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങളെ അഗണ്യമാക്കുന്നതിന് തുല്യമായിരിക്കും എന്നും പറയാമല്ലോ.

എന്നാൽ, പകൽ ജോലിസമയമായതുകൊണ്ട് ആ സമയത്ത് അല്ലാഹുവിനെ ആരാധിക്കുകയോ നമസ്കരിക്കുകയോ വേണ്ട തില്ലെന്ന് ഒരു സത്യവിശ്വാസി ഒരിക്കലും പറയുകയില്ല.

അല്ലാഹുവിൽ ദൃഢമായി വിശ്വസിക്കുകയും, അല്ലാഹു വിനെ ആരാധിക്കേണ്ടത് അവന്റെ അടിമകളുടെ കർത്തവ്യമാ ണെന്ന് മനസ്സിലാക്കുകയും, ശരീരത്തിന്റെ സംപോഷണത്തിന് ആഹാരം ആവശ്യമാണെന്നതുപോലെതന്നെ ആത്മാവിന്റെ പരി പുഷ്ടിക്ക് ദൈവാരാധന ആവശ്യമാണെന്ന് കരുതുകയും ചെയ്യു ന്നവർക്ക് പകൽ മുഴുവൻ ഭൗതികനേട്ടങ്ങൾക്കായി അത്യധ്വാനം ചെയ്യുകയും ആ അധ്വാനമധ്യെ തന്റെ സ്രഷ്ടാവും രക്ഷിതാവു മായ അല്ലാഹുവിനെ ആരാധിക്കാതിരിക്കുകയും ചെയ്യാൻ സാധി ക്കുന്നതെങ്ങനെ? ഇസ്ലാമിനും മുസ്ലിംകളുടെ അഭിവൃദ്ധിക്കും വേണ്ടി രാവും പകലും അവിശ്രമപരിശ്രമം ചെയ്തുകൊണ്ടി രുന്ന തിരുനബി(സ) പകൽ നമസ്കരിച്ചുകാണിച്ചു. അദ്ദേഹ ത്തിന്റെ ശിഷ്യഗണവും ഇന്നത്തെ മുസ്ലിംകളേക്കാൾ കൂടു തൽ ജോലി ചെയ്തുകൊണ്ടിരുന്നവരായിരുന്നിട്ടും പകൽ നമ സ്കരിച്ചുകൊണ്ടിരുന്നു. അവരുടെ ജോലികൾ അവരുടെ പക ലത്തെ നമസ്കാരത്തിന് പ്രതിബന്ധമായിത്തീർന്നില്ല. ഇതിൽനിന്ന് പകൽ ജോലിസമയമായതിനാൽ, പകലത്തെ നമ സ്കാരം അനുഷ്ഠിക്കേണ്ടതില്ലെന്ന വാദം ഖുർആന്റെ അദ്ധ്യാ പനത്തിന് യോജിക്കാത്തതാണെന്ന് പറയേണ്ടതില്ലല്ലൊ.

ഇസ്ലാമിക അദ്ധ്യാപനങ്ങളിൽനിന്ന് മുസ്ലിംകൾ ദൂരപ്പെട്ട് പോയതിന്റെ ഫലമായി അവരിൽ നമസ്കരിക്കുന്നവരുടെ എണ്ണം ഇന്ന് വളരെ കുറഞ്ഞിരിക്കയാണ്. എന്നിരുന്നാലും പകൽ നമസ്കരിക്കുന്നവർ ഇന്നും മുസ്ലിംകളിൽ ധാരാളമു ണ്ട്. എന്നാൽ, അർദ്ധരാത്രി എഴുന്നേറ്റ് നമസ്കരിക്കുന്നവരാക ട്ടെ, വിരൽകൊണ്ട് എണ്ണാവുന്നത്ര വിരളമാണ്. രാത്രി എഴുന്നേറ്റ് നമസ്കരിക്കുന്നത് പകൽ നമസ്കരിക്കുന്നതിനേക്കാൾ പ്രയാ



സകരമാണെന്നാണല്ലോഇതിൽനിന്ന് മനസ്സിലാകുന്നത്. അഞ്ചു നേരത്തെ നമസ്കാരം പോലെ തഹജ്ജുദ് നമസ്കാരം നിർബ ന്ധമാണെന്ന് മുസ്ലിംകൾ വിശ്വസിക്കുന്നില്ലെങ്കിലും, അത് മഹ ത്തായ ഒരാരാധനയും പുണ്യമേറിയ നമസ്കാരവും ആത്മീ യാഭിവൃദ്ധിക്ക് നിദാനവും ആണെന്ന് അവർ വിശ്വസിക്കുന്നു ണ്ട്. എന്നിട്ടും, പകലത്തെപോലെ പാതിരാ നമസ്കാരത്തിന് മുസ്ലിംകൾ ഉണരാത്തത് പാതിരാവേളയിൽ ഗാഢനിദ്രയൊ ഴിക്കുന്നത് ഭാരമേറിയ ഒരു കൃത്യമായതിനാൽ തന്നെയാണ്.

തീർച്ചയായും പ്രഭാതത്തെ നമസ്കാരം, സുഹ്ർ, അസ്ർ നമസ്കാരങ്ങളേക്കാൾ പ്രയാസമേറിയതാണ്. അതുകൊണ്ട്, പകൽ ജോലി സമയമായതിനാൽ സുഹ്റും അസ്റും നമസ്ക രിക്കേണ്ടതില്ലെന്ന് പറയുന്നവർക്ക്, പ്രഭാത നമസ്കാരം മനു ഷ്യർ ഗാഢനിദ്രയിൽ ലയിച്ച സമയത്താകയാൽ ആ നമസ്കാ രവും ആവശ്യമില്ലാത്തതാണെന്നു പറയാവുന്നതാണ്. സൂര്യോ ദയംവരെ രാത്രി സമയമാണെങ്കിൽ, പ്രഭാതനമസ്കാരം നിദ്ര ക്കുവേണ്ടി നിശ്ചയിക്കപ്പെട്ട രാത്രിനേരത്തിലുൾപ്പെട്ടതായിത്തീ രുന്നതിനാൽ, അക്കാരണത്താലും ആ നമസ്കാരം അനാവ ശ്യമായിത്തീരുന്നുണ്ട്. ഇനി പ്രഭാതം മുതൽ പകൽ ആരംഭി ക്കുകയാണെന്നാണെങ്കിൽ, അത് ജോലി ചെയ്യാനുള്ള പകൽ സമയത്തിൽ ഉൾപ്പെടുന്നതുകൊണ്ട് പ്രഭാത നമസ്കാരവും ആവശ്യമില്ലെന്നു പറയാവുന്നതാണ്. പകൽ സമയത്ത് നമ സ്കാരമുണ്ടെന്ന് ഖുർആൻ ആയത്തുകളിൽനിന്നും വ്യക്ത മായും തെളിയുന്നുണ്ടെന്ന് ഈ ലേഖനത്തിന്റെ മുൻഭാഗങ്ങ ളിൽ പ്രതിപാദിക്കുകയുണ്ടായിട്ടുണ്ടല്ലോ. ആ ആയത്തുകൾ കൊണ്ടുമാത്രമല്ല, മറ്റു ഖുർആൻ ആയത്തുകൾകൊണ്ടും പകൽ സമയത്തെ നമസ്കാരം നിർദ്ദേശിക്കപ്പെട്ടിട്ടുണ്ടെന്ന് മനസ്സിലാ ക്കാൻ സാധിക്കും. ആ വാക്യങ്ങളെ കുറിച്ച് ചുരുക്കത്തിൽ ഞാൻ ചിലത് പ്രസ്താവിച്ചുകൊള്ളട്ടെ. അല്ലാഹു ഖുർആനിൽ ഇങ്ങനെ പറയുന്നു.

وَإِذَا ضَرَبْتُمْ فِي الْأَرْضِ فَلَيْسَ
عَلَيْكُمْ جُنَاحٌ أَن تَقْصُرُوا مِنَ الصَّلَوٰةِ
إِنْ خِفْتُمْ أَن يَفْتِنَكُمُ الَّذِينَ كَفَرُوا
إِنَّ الْكَافِرِينَ كَانُوا لَكُمْ عَدُوًّا مُّبِينًا ﴿١٠١﴾
وَإِذَا كُنتَ فِيهِمْ فَأَقَمْتَ لَهُمُ الصَّلَوٰةَ
فَلْتَقُمْ طَائِفَةٌ مِّنْهُم مَّعَكَ وَلْيَأْخُذُوا
أَسْلِحَتَهُمْ فَإِذَا سَجَدُوا فَلْيَكُونُوا مِن
وَرَائِكُمْ وَلْتَأْتِ طَائِفَةٌ أُخْرَىٰ لَمْ
يُصَلُّوا فَلْيُصَلُّوا مَعَكَ وَلْيَأْخُذُوا
حِذْرَهُمْ وَأَسْلِحَتَهُمْ وَدَّ الَّذِينَ كَفَرُوا
لَوْ تَغْفُلُونَ عَنْ أَسْلِحَتِكُمْ وَأَمْتِعَتِكُمْ
فَيَمِيلُونَ عَلَيْكُم مَّيْلَةً وَاحِدَةً

“നിങ്ങൾ ഭൂമിയിൽ സഞ്ചരിക്കുന്നതായാൽ നമസ്കാരത്തിൽനിന്ന് കുറക്കുന്നത് നിങ്ങളുടെ കുറ്റമാകയില്ല. അവിശ്വാസികൾ നിങ്ങളെ ദ്രോഹിക്കുമെന്ന് നിങ്ങൾ ഭയപ്പെടുന്നപക്ഷം, നിശ്ചയമായും അവിശ്വാസികൾ നിങ്ങൾക്ക് തുറന്നനിലയിലുള്ള ശത്രുക്കളാണ്. നീ അവരിൽ ഉണ്ടായിരിക്കുകയും അവർക്കായി നമസ്കാരത്തെ നിലനിറുത്തുകയും ചെയ്യുന്നതായാൽ അവരിൽ ഒരുവിഭാഗം നിന്നോടുകൂടി നമസ്കാരത്തിന് നില്ക്കട്ടെ.



അവർ തങ്ങളുടെ ആയുധങ്ങൾ എടുത്തുകൊള്ളുകയും ചെയ്യട്ടെ. സുജൂദ് ചെയ്തുകഴിഞ്ഞാൽ അവർ നിങ്ങളുടെ പിന്നിൽ ആയിക്കൊള്ളട്ടെ. നിന്നോടൊപ്പം നമസ്കരിച്ചിട്ടില്ലാത്ത മറ്റേ വിഭാഗം നിന്നോടുകൂടി നമസ്കരിക്കട്ടെ! അവർ കരുതലോടുകൂടിയിരിക്കുകയും ആയുധധാരികളായിരിക്കുകയും ചെയ്യേണ്ടതാണ്. അവിശ്വാസികൾ ആഗ്രഹിക്കുന്നത്, നിങ്ങൾ നിങ്ങളുടെ ആയുധങ്ങളേയും സാധനങ്ങളേയും കുറിച്ച് അശ്രദ്ധരായിരിക്കുകയാണെങ്കിൽ നിങ്ങളെ ഒന്നായി ആക്രമിക്കാനാണ്” (4:102 –103).

ഈ ആയത്തിൽ യാത്രക്കാരും ശത്രുക്കളോട് യുദ്ധം ചെയ്യാൻ പോർക്കളത്തിൽ ഇറങ്ങിയവരും നമസ്കരിക്കേണ്ടതിനെക്കുറിച്ചാണ് പറഞ്ഞിരിക്കുന്നത്. ശത്രുസൈന്യത്തിന്നെതിരിൽ പാളയമടിച്ചു യുദ്ധത്തിന്നൊരുങ്ങിയ ആ സമയത്തുകൂടി നമസ്കരിക്കേണ്ടതാണെന്നും, പക്ഷേ എല്ലാവരും ഇമാമിനെ തുടർന്ന് നമസ്കരിക്കയാണെങ്കിൽ ശത്രുക്കൾ ആക്രമിച്ചുകളയാനിടയുള്ളതുകൊണ്ട്, സൈന്യത്തിന്റെ ഒരു വിഭാഗം മാത്രം ഇമാമിന്റെ പിന്നിൽനിന്ന് ഒരു ‘റക്അത്ത്’ മാത്രം നമസ്കരിച്ച് ശത്രുക്കൾക്കെതിരിൽ അണിനിരക്കണമെന്നും അതിനുശേഷം നമസ്കരിച്ചിട്ടില്ലാത്ത രണ്ടാമത്തെ വിഭാഗം ഇമാമിന്റെ പിന്നിൽ വന്നുനിന്ന് ഒരു റക്അത്ത് നമസ്കരിക്കണമെന്നും ആണ് ഇവിടെ പറഞ്ഞിരിക്കുന്നത്. യുദ്ധം സൂര്യാസ്തമയത്തിനുശേഷവും പ്രഭാതത്തിന് മുമ്പേയുമല്ല. മറിച്ച്, പകൽ സമയത്താണ് നടക്കാറുണ്ടായിരുന്നത്. വൈദ്യുത ദീപങ്ങളോ മറ്റു പരിഷ്കൃത ഉപകരണങ്ങളോ ഇല്ലാത്ത അക്കാലത്ത് മാത്രമല്ല, ഇക്കാലത്തുകൂടി ശത്രുക്കളോട് പകൽ സമയത്ത് യുദ്ധം നടക്കുന്നു. യുദ്ധരംഗത്ത് വെച്ചായാലും നമസ്കരിക്കണമെന്നാണ് മേൽവാക്യം മുഖേന ഖുർആൻ ആജ്ഞാപിക്കുന്നത്. ഇങ്ങനെ പകൽ സമയത്ത് ശത്രുക്കളോട് സമരത്തിലേർപ്പെട്ടിരിക്കുമ്പോൾ കൂടിയും നമസ്കരിക്കണമെന്നും അതുതന്നെ ഇമാമും ജമാഅത്തുമായിട്ടായിരിക്കണമെന്നും ഖുർആൻ പറയുന്നു. നബിതിരുമേനിയും ശിഷ്യന്മാരും അങ്ങനെ ചെയ്തുകാണിച്ചു. ഇത്

ഇസ്‌ലാമിക ചരിത്രത്തിൽ മായാതെ രേഖപ്പെട്ടുകിടക്കുകയും ചെയ്യുന്നു. ഖുർആൻ ഇപ്രകാരം പഠിപ്പിക്കുന്നുണ്ടായിരുന്നിട്ടും, പകൽസമയത്ത് നമസ്കാരമില്ലെന്നും അത് ജോലി ചെയ്യാനുള്ളത് മാത്രമാണെന്നും ചിലർ പറയുന്നു.

വീണ്ടും അല്ലാഹു പറയുന്നു:

حٰفِظُوْا عَلَى الصَّلَوٰتِ وَالصَّلٰوةِ
الْوُسْطٰى ۗ وَقُوْمُوْا لِلّٰهِ قٰنِتِيْنَ ﴿٢٣٨﴾
فَاِنْ خِفْتُمْ فَرِجَالًا اَوْ رُكْبَانًا ۚ فَاِذَآ
اَمِنْتُمْ فَاذْكُرُوا اللّٰهَ كَمَا عَلَّمَكُمْ مَّا لَمْ
تَكُوْنُوْا تَعْلَمُوْنَ ﴿٢٣٩﴾

നിങ്ങൾ നമസ്കാരങ്ങളേയും മദ്ധ്യമനമസ്കാരത്തേയും കൃത്യമായി അനുഷ്ഠിക്കുവിൻ. അല്ലാഹുവിനോട് അനുസരണമുള്ളവരായിരിക്കുവിൻ; നിങ്ങൾ (ശത്രുക്കളെ) ഭയപ്പെടുന്ന പക്ഷം, നടന്നുകൊണ്ടോ വാഹനങ്ങളിൽ കയറിയനിലയിലോ നമസ്കരിക്കുവിൻ. നിങ്ങൾ സമാധാനത്തിലായാൽ അല്ലാഹുവിനെ സ്മരിക്കുവിൻ. നിങ്ങളറിയാത്തതിനെ നിങ്ങൾക്കവൻ പഠിപ്പിച്ചുതന്നതുപോലെ'' (2:239,240).

ഈ ആയത്തിൽ നമസ്കാരങ്ങളെ കൃത്യമായും അനുഷ്ഠിക്കണമെന്ന കല്പനയെ തുടർന്ന് ഒരു സ്ഥലത്ത് ഉറച്ചുനിന്നുകൊണ്ട് നമസ്കരിക്കാൻ വയ്യാത്ത വിപൽസന്ധിയിലാണെങ്കിൽ നടന്നുകൊണ്ടോ, വാഹനത്തിൽ കയറിപോകുകയാണെങ്കിൽ അങ്ങനെയോ നമസ്കരിക്കേണ്ടതാണെന്നാണ് അല്ലാഹു കല്പിച്ചിരിക്കുന്നത്. മുമ്പേ ഉദ്ധരിച്ച ആയത്തിൽ പോർക്കളത്തിലാണെങ്കിലും മുസ്‌ലിംസൈന്യം രണ്ടുവിഭാഗമായി നമസ്കരിക്കുന്നതായാൽ ശത്രുക്കളുടെ ആക്രമണത്തിൽനിന്ന് രക്ഷപ്രാപി



ക്കാൻ സാധ്യതയുള്ളതുകൊണ്ട്, അപ്രകാരം നമസ്കരിക്കണമെന്നാണ് കല്പിക്കപ്പെട്ടിരിക്കുന്നത്. ഇവിടെയാണെങ്കിൽ നടന്നുകൊണ്ടും, വാഹനങ്ങളിൽ കയറിയിരുന്നുകൊണ്ടും, ഓടുന്നനിലയിലും നമസ്കരിക്കണമെന്നാണ് കല്പിച്ചിരിക്കുന്നത്. ശത്രുഭീതിനിമിത്തം ഓടിപ്പോകേണ്ടിവരുന്ന ഘട്ടങ്ങൾ പകൽ സമയത്താണല്ലോ ഉണ്ടാകാറ്. ഇനി രാത്രി മാത്രമെ ഇത്തരം വിപൽഘട്ടങ്ങൾ നേരിടുകയുള്ളൂവെന്ന് പറയുകയാണെങ്കിൽ, ഒരിടത്ത് നില്ക്കാൻ നിവൃത്തിയില്ലാതാവുമ്പോൾ നടന്നുകൊണ്ടും, വാഹനത്തിലായാൽ വാഹനത്തിൽവച്ചും നമസ്കരിക്കണമെന്ന് ഖുർആൻ ശാസിച്ചിരിക്കുമ്പോൾ പകൽ ജോലിസമയമാകയാൽ, ആ സമയത്ത് നമസ്കരിക്കേണ്ടതില്ലെന്നെങ്ങനെ പറയാൻ കഴിയും? ശത്രുഭീതി നിമിത്തം ഒരു നിമിഷംപോലും ഒരിടത്തുറച്ചു നില്ക്കാനാകാതിരിക്കുന്നതിനേക്കാൾ കൂടുതൽ പ്രയാസകരമാണോ പകൽ ജോലിസമയത്ത് നമസ്കരിക്കുകയെന്നത്? അതുകൊണ്ട്, പകൽ ജോലിനിമിത്തം നമസ്കരിക്കേണ്ടതില്ലെന്ന് പറയുന്നത് ഖുർആന്റെ അദ്ധ്യാപനത്തെ മനഃപൂർവ്വം ധിക്കരിക്കലാണെന്ന് മനസ്സിലാക്കാൻ പ്രയാസമില്ല. വീണ്ടും ഖുർആൻ പറയുന്നു:

يٰۤاَيُّهَا الَّذِيْنَ اٰمَنُوْا لَا تَقْرَبُوا الصَّلٰوةَ
وَاَنْتُمْ سُكٰرٰى حَتّٰى تَعْلَمُوْا مَا تَقُوْلُوْنَ
وَلَا جُنُبًا اِلَّا عَابِرِيْ سَبِيْلٍ حَتّٰى
تَغْتَسِلُوْا ۗ وَاِنْ كُنْتُمْ مَّرْضٰۤى اَوْ عَلٰى
سَفَرٍ اَوْ جَآءَ اَحَدٌ مِّنْكُمْ مِّنَ الْغَآئِطِ اَوْ
لٰمَسْتُمُ النِّسَآءَ فَلَمْ تَجِدُوْا مَآءً فَتَيَمَّمُوْا
صَعِيْدًا طَيِّبًا

''സത്യവിശ്വാസികളേ, നിങ്ങൾ ബോധരഹിതരായനിലയിൽ നമസ്കാരത്തെ സമീപിക്കരുത്– നിങ്ങൾ പറയുന്നതെന്താണെന്ന് അറിയുവോളം. നിങ്ങൾ അശുദ്ധരായനിലയിലും നമസ്കരിക്കരുത്– കുളിക്കുന്നതുവരെ; യാത്രക്കാർ ഒഴികെ. നിങ്ങൾ രോഗികളോ യാത്രയിലോ ആണെങ്കിൽ, അല്ലെങ്കിൽ സ്ത്രീകളെ സ്പർശിക്കുകയോ നിങ്ങൾക്ക് വെള്ളം കിട്ടാതിരിക്കുകയോ ആണെങ്കിൽ നിങ്ങൾ നല്ല പൊടിമണ്ണ് തേടിക്കൊള്ളുവിൻ''(4:44). ഈ ഖുർആൻ വാക്യത്തിൽ യാത്രാവേളയിൽ നമസ്കരിക്കേണ്ടതിനെക്കുറിച്ച് ആജ്ഞാപിക്കപ്പെട്ടിരിക്കയാണ്. യാത്ര ചെയ്യുന്നത് രാത്രി സമയങ്ങളിൽ മാത്രമല്ല. തീവണ്ടിയും ബസ്സും വിമാനവും എല്ലാംകൊണ്ടും യാത്ര വളരെ എളുപ്പമായിത്തീർന്ന ഇക്കാലത്തുകൂടി, ആളുകൾ അധികവും യാത്ര ചെയ്യുന്നത് പകൽ സമയത്താണ്. ഈ നവീന യാത്രാസൗകര്യങ്ങളില്ലാതിരുന്ന മുൻകാലങ്ങളിൽ കാൽനടയായും ഒട്ടകം, കുതിര, കഴുത മുതലായ വാഹനങ്ങളിന്മേലും പകൽസമയങ്ങളിൽ തന്നെയായിരുന്നു അധികവും യാത്ര ചെയ്തിരുന്നത്. ആ യാത്രാവേളയിൽ നമസ്കരിക്കണമെന്നും വെള്ളം കിട്ടാത്തപക്ഷമോ രോഗികളാണെങ്കിലോ 'തയമ്മും' ചെയ്തിട്ടുപോലും നമസ്കരിക്കണമെന്നുമാണ് ഖുർആൻ പറയുന്നത്.

ഖുർആന്റെ അദ്ധ്യാപനത്തെ മറ്റാരേക്കാളുമധികം മനസ്സിലാക്കിയിരുന്ന തിരുനബി(സ) തന്റെ ദൗത്യകാലമത്രയും അഞ്ചു നേരം നമസ്കരിച്ചു. രാത്രിയും പകലും യാത്രയിലും അല്ലാത്തപ്പോഴും ആരോഗ്യനിലയിലും രോഗശയ്യയിൽവച്ചും, സമാധാനകാലത്തും സമരരംഗത്തിൽവച്ചും നമസ്കരിച്ചു. മാത്രമല്ല, സ്വശിഷ്യന്മാരെക്കൊണ്ടും അപ്രകാരം ചെയ്യിക്കുകയും അത് നിർബന്ധമായി കല്പിക്കുകയും ചെയ്തു. ആ ദിവ്യാത്മാവും ശിഷ്യഗണവുമാകട്ടെ, എത്രയോ ഭാരമേറിയ ജോലി നിർവഹിച്ചുകൊണ്ടിരിക്കുകയും ചെയ്തിരുന്നു.

നാം അനുഷ്ഠിക്കേണ്ടുന്ന ജുമുഅഃ നമസ്കാരത്തെക്കുറിച്ച് വിശുദ്ധഖുർആനിൽ പ്രസ്താവിക്കപ്പെട്ടിരിക്കുന്നതിങ്ങനെയാണ്.



يَا أَيُّهَا الَّذِينَ آمَنُوا إِذَا نُودِيَ لِلصَّلَاةِ
مِن يَوْمِ الْجُمُعَةِ فَاسْعَوْا إِلَىٰ ذِكْرِ اللَّهِ
وَذَرُوا الْبَيْعَ

"അല്ലയോ വിശ്വസിച്ചവരേ! ജുമുഅഃ ദിവസം നമസ്കാരത്തിനായി വിളിക്കപ്പെട്ടാൽ നിങ്ങൾ അല്ലാഹുവിന്റെ സ്മരണയ്ക്കായി ത്വരിതപ്പെടുകയും വ്യാപാരം നിറുത്തുകയും ചെയ്യുവിൻ" (62:10).

ഈ നമസ്കാരം പകൽ സമയം മദ്ധ്യാഹ്നത്തിനുശേഷമാണ് അനുഷ്ഠിക്കേണ്ടതെന്നും അത് രണ്ട് റക്അത്താണെന്നും നമസ്കാരത്തിന് മുമ്പേ ഇമാം ഖുത്ബ മുഖേന ശ്രോതാക്കളെ ഉപദേശിക്കേണ്ടതാണെന്നും നബി(സ) തിരുമേനിയുടെ നിരന്തരമായുള്ള നടപടിക്രമം മനസ്സിലാക്കിത്തരുന്നു. അതനുസരിച്ചാണ് നബി(സ) തിരുമേനിയുടെ ആ പുണ്യകാലം മുതൽ നാളിതുവരെ മുസ്ലിംലോകം അനുഷ്ഠിച്ചുവന്നിരിക്കുന്നത്. ഇങ്ങനെ ജുമുഅഃ നമസ്കരിക്കാൻ കല്പിക്കപ്പെട്ടിരിക്കുന്നത് മറ്റു ദിവസങ്ങളിൽ പകൽ സമയം നമസ്കാരമില്ലെന്നതിലേക്ക് തെളിവല്ല. വെള്ളിയാഴ്ച ഒരു കൂട്ടനമസ്കാരമുണ്ടെന്ന് ഈ ശാസനയിൽനിന്ന് മനസ്സിലാകുന്നതെന്നല്ലാതെ, അന്നോ മറ്റ് ദിവസങ്ങളിലോ പകൽ മറ്റ് യാതൊരു നമസ്കാരവും അനുഷ്ഠിക്കപ്പെടേണ്ടതില്ലെന്ന് യാതൊരു സൂചനയും അതിൽ അടങ്ങിയിട്ടില്ലെന്നതല്ലെ വാസ്തവം. പകൽ നമസ്കാരമേ ഇല്ലെന്നും നബി(സ) തിരുമേനിയുടെ അനുഷ്ഠാന മാതൃക സ്വീകാര്യമല്ലെന്നും നിഷേധിച്ചു പറയാനുറച്ച ഒരാളല്ലാതെ മറ്റാരുംതന്നെ പ്രസ്തുത ആയത്ത്, വെള്ളിയാഴ്ച ഒഴിച്ചുള്ള ദിവസങ്ങളിൽ പകൽ സമയം യാതൊരു നമസ്കാരവും ഇല്ലെന്നതിലേക്ക് രേഖയാണെന്ന് പറയാൻ ധൈര്യപ്പെടുകയില്ല. എന്തെന്നാൽ, മറ്റ് ദിവസങ്ങളിൽ രാത്രിയോ പകലോ നമസ്കാരമനുഷ്ഠിക്കേണ്ടതു

ണ്ടെന്നോ ഇല്ലെന്നോ യാതൊരു സൂചനയും ഈ ആയത്തിൽ ഇല്ലെന്നതാണ് വാസ്തവം. പകൽ നമസ്കരിക്കണമെന്ന് അനുശാസിക്കുന്നത് ഖുർആനിലെ മറ്റു വാക്യങ്ങളത്രെ.

വെള്ളിയാഴ്ച പകൽ നമസ്കരിക്കാൻ കല്പിച്ചിരിക്കുന്നതുകൊണ്ട് മറ്റ് ദിവസങ്ങളിൽ പകൽ നമസ്കാരമില്ലെന്ന് ഒരിക്കലും വരികയില്ല. വെള്ളിയാഴ്ച ജുമുഅഃ നമസ്കരിക്കാൻ കല്പിച്ച അല്ലാഹുതന്നെയാണ് മറ്റു ദിവസങ്ങളിൽ പകൽ നമസ്കരിക്കാൻ കല്പിച്ചിരിക്കുന്നതും. പകലിന്റെ രണ്ടംശങ്ങളിലും മദ്ധ്യാഹ്നശേഷവും വെയിലിന്റെ ഉഗ്രത കുറയുമ്പോഴും നമസ്കാരമനുഷ്ഠിക്കേണ്ടതാണെന്ന് വിശുദ്ധഖുർആനിൽ കല്പിക്കപ്പെട്ടിട്ടുണ്ടെന്ന സംഗതി മുമ്പേ വിവരിച്ചിട്ടുണ്ട്. അതിനാൽ, വെള്ളിയാഴ്ച ജുമുഅ നമസ്കരിക്കാനുള്ള ഖുർആന്റെ ശാസന, മറ്റു ദിവസങ്ങളിൽ പകൽ സമയത്ത് യാതൊരു നമസ്കാരമില്ലെന്നതിലേക്ക് ഒരു പ്രകാരത്തിലും തെളിവായിത്തീരുകയില്ല. ഒരു വാദവും അതിലേക്കുന്നയിക്കപ്പെടുന്ന പ്രമാണവും പരസ്പര ബന്ധമുള്ളതായിരിക്കേണ്ടതാണ്. കാരണവുമായി ബന്ധമില്ലാത്ത ഒന്നിനെ അതിന്റെ കാര്യവുമായി പരിഗണിക്കുന്നത് യുക്തിഹീനതയാണെന്ന് മനസ്സിലാക്കിയവരോട് ജുമുഅഃ നമസ്ക്കാരത്തെക്കുറിച്ചുള്ള ഖുർആന്റെ ശാസന, മറ്റു ദിവസങ്ങളിൽ പകൽ സമയം നമസ്കരിക്കേണ്ടതില്ലെന്നതിലേക്ക് തെളിവാണെന്ന് പറയുന്നത് അബദ്ധമായ ഒരു പ്രസ്താവനയാണെന്ന് വിശേഷിച്ചു പറയേണ്ടതില്ല. ഇങ്ങനെ അന്യോന്യം ബന്ധമില്ലാത്ത രണ്ട് സംഗതികളിൽ ഒന്നിനെ മറ്റേതിലേക്ക് തെളിവായിട്ട് എടുത്തുപറയാമെങ്കിൽ പിന്നെ എന്തബദ്ധവും തെളിവായിട്ടുന്നയിക്കാവുന്നതാണ്.

ദിവസവും അഞ്ചുനേരം കൃത്യമായനുഷ്ഠിച്ചു കാണിച്ചുതന്നിട്ടുള്ള നബി(സ) തിരുമേനി കല്പിച്ചതെങ്ങനെയെന്നാണ് വിശുദ്ധഖുർആനിൽ വിശ്വസിക്കുന്ന ആരും നോക്കേണ്ടിയിരിക്കുന്നത്. അതാണ് ഒരു സത്യവിശ്വാസിയുടെ ധർമ്മം; അല്ലാതെ അല്ലാഹുവിന്റെ മഹിതസ്ഥാനത്തിലും വിശുദ്ധഖുർആന്റെ ദിവ്യത്വത്തിലും വിശ്വസിക്കുന്ന ആർക്കും എതിർ പ്രവർത്തിക്കൽ



ചേർന്നതല്ല. വെള്ളിയാഴ്ച ഒരു പ്രത്യേകത കല്പിക്കപ്പെട്ട ദിവസമായതുകൊണ്ട് അന്നേദിവസം അനുഷ്ഠിക്കപ്പെടുന്ന ജുമുഅഃ നമസ്കാരം മറ്റു ദിവസങ്ങളിൽ അനുഷ്ഠേയമല്ലെന്ന് ആ പ്രത്യേക കല്പനയിൽനിന്നും ഗ്രഹിക്കുന്നുവെന്നല്ലാതെ, മറ്റു ദിവസങ്ങളിൽ പകൽ സമയം നമസ്കാരമേയില്ലെന്ന് അതിൽനിന്ന് ഒരുപ്രകാരത്തിലും അനുമാനിക്കപ്പെടാവതല്ല. പകലിന്റെ ഇരുഭാഗങ്ങളിലും നമസ്കാരമനുഷ്ഠിക്കാൻ ഖുർആൻ 11:115ലും, സൂര്യൻ മദ്ധ്യാഹ്നത്തിൽനിന്ന് തെറ്റിയത് മുതൽ രാത്രി ഇരുൾമുറ്റുന്നതുവരെ നമസ്കരിക്കാൻ 17:80-ലും കല്പിച്ചുകൊണ്ട് വെള്ളിയാഴ്ച അല്ലാത്ത നാളുകളിൽ പകൽ നമസ്കരിക്കണമെന്നത്രെ അത് വ്യക്തമാക്കിത്തന്നിരിക്കുന്നത്.

''എല്ലാ ദിവസവും സുഹ്ർ നമസ്കരിക്കുന്നുവെങ്കിൽ വെള്ളിയാഴ്ച എന്തുകൊണ്ടാണ് സുഹ്ർ നമസ്കരിക്കാത്തത് എന്നതിന് ചുരുക്കത്തിൽ എനിക്ക് പറയാനുള്ള മറുപടി ഇതാണ്. സൂര്യൻ മദ്ധ്യാഹ്നത്തിൽനിന്ന് നീങ്ങിയാൽ നമസ്കാരം അനുഷ്ഠിക്കേണ്ടതാണെന്ന് കല്പിച്ച ഖുർആൻ തന്നെയാണ് വെള്ളിയാഴ്ച എല്ലാവരും ഒന്നുചേർന്ന് ജുമുഅഃ നമസ്കരിക്കണമെന്നും കല്പിച്ചിരിക്കുന്നത്. ആ നമസ്കാരം സുഹ്ർ നമസ്കാരത്തിന്റെ സമയത്താണ് തിരുനബി അനുഷ്ഠിച്ചുകാണിച്ചിട്ടുള്ളത്. അത് പകൽ സമയത്താണ് അനുഷ്ഠിക്കേണ്ടത്. അതിനാൽ വെള്ളിയാഴ്ച സുഹ്ർ നമസ്കരിക്കാത്തത് വിശുദ്ധഖുർആന്റെ അദ്ധ്യാപനത്തിന് എതിരല്ല; മറിച്ച്, അതിന് തികച്ചും അനുസൃതം തന്നെയാണ്. എന്തെന്നാൽ വെള്ളിയാഴ്ച ഒരു പ്രത്യേകതയുള്ള ദിവസമായതുകൊണ്ട് ഖുർആന്റെ അദ്ധ്യാപനമനുസരിച്ച് സുഹ്ർ നമസ്കാരം ജുമുഅഃ നമസ്കാരമായി മാറുന്നു എന്നുമാത്രം.

ഭൗതികമായ പല കാര്യങ്ങളിലും വ്യാപൃതരായുള്ള മുസ്ലിംകൾക്ക് ധാർമ്മികവും ആദ്ധ്യാത്മികവുമായ ഉപദേശം നല്കി അവരെ ഉദ്ബുദ്ധരും ഭക്തരും ആക്കിത്തീർക്കുവാൻ വേണ്ടിയാണ്, സാധാരണ ദിവസങ്ങളെ അപേക്ഷിച്ച്, കൂടുതൽ ആളുകൾക്ക് ഒരുമിച്ചു കൂടുവാനും ഉപദേശം കേൾക്കുവാനും

ഒന്നിച്ച് നമസ്കരിക്കുവാനും വേണ്ടി വെള്ളിയാഴ്ച ദിവസത്തെ ഇസ്ലാം നിശ്ചയിച്ചിരിക്കുന്നത്. ഈ പ്രത്യേകത മറ്റ് ദിവസങ്ങൾക്ക് നല്കപ്പെട്ടിട്ടില്ല. ആ നമസ്കാരം സുഹ്ർ നമസ്കരിക്കുന്ന സമയത്താണ് അനുഷ്ഠിക്കപ്പെടുന്നത്. ഒരു ഭാഗത്ത് മദ്ധ്യാഹനത്തിൽനിന്ന് സൂര്യൻ നീങ്ങിയാൽ നമസ്കരിക്കണമെന്ന് വിശുദ്ധഖുർആൻ കല്പിച്ചു. മറുഭാഗത്ത് വെള്ളിയാഴ്ച ജുമുഅഃ നമസ്കരിക്കാനും കല്പിച്ചു. പക്ഷേ, അത് ഏത് സമയത്താണ് അനുഷ്ഠിക്കേണ്ടതെന്ന് പറഞ്ഞില്ല. എന്നാൽ, അത് സുഹ്ർ സമയത്താണ് വേണ്ടതെന്നും അതിനാൽ അന്ന് ആ നമസ്കാരമനുഷ്ഠിക്കുന്നവർക്ക് സുഹ്ർ നമസ്കാരം പ്രത്യേകമായിട്ടില്ലെന്നും തിരുനബി(സ) ഉപദേശിക്കുകയും പ്രവർത്തിച്ചു കാണിക്കുകയും ചെയ്തു. അതിനാൽ, ജുമുഅഃ നമസ്കരിക്കുന്നവർ സുഹ്ർ നമസ്കരിക്കേണ്ടതില്ല; ജുമുഅഃ ദിവസം ഫർസ് നമസ്കാരം ആറാകേണ്ടതുമില്ല.

എന്നാൽ, ജുമുഅ നമസ്കരിക്കേണ്ടത് ഏത് സമയത്താണെന്ന് ഖുർആനിലെവിടെയെങ്കിലും പ്രസ്താവിക്കപ്പെട്ടിട്ടുണ്ടോ? ആ ദിവസം നമസ്കാരത്തിനായി വിളിക്കപ്പെട്ടാൽ നിങ്ങൾ ദൈവസ്മരണയ്ക്കായി ത്വരിതപ്പെടുവിൻ എന്ന് മാത്രമാണല്ലോ ഖുർആൻ പറഞ്ഞിരിക്കുന്നത്. ഈ വാക്യത്തിൽ പ്രയുക്തമായ 'യൗം' ശബ്ദത്തിന്റെ അർത്ഥം ദിവസം, നാൾ, കാലം എന്നിങ്ങനെയാണ്. 'പകൽ' എന്നാണെങ്കിൽ അതിലേക്ക് അവിടെ സൂചന ഉണ്ടായിരിക്കണം. ദിവസം എന്നതിൽ രാവും പകലും ഉൾപ്പെടുന്നുണ്ട്. അപ്പോൾ 'യൗമുൽ ജുമുഅ' എന്നതിൽ വെള്ളിയാഴ്ച രാവും പകലും ഉൾപ്പെടുന്നുണ്ടെന്ന് വന്നു. ആ സ്ഥിതിക്ക് ജുമുഅഃ നമസ്കാരം പകൽ അനുഷ്ഠിക്കുവാനാണ് അല്ലാഹു ശാസിച്ചിരിക്കുന്നത് എന്ന് ചിലർ പറയുന്നത് ഖുർആനിലെ ഏത് പ്രസ്താവനയെ അടിസ്ഥാനമാക്കിയായിരിക്കാം? ജുമുഅഃ ദിവസം എന്നതുകൊണ്ടുള്ള വിവക്ഷിതം രാവും പകലും ആകാം. അതും ചിലരുടെ ന്യായമനുസരിച്ച് ശരിയായിരിക്കേണ്ടതാണ്.

ജുമുഅഃ ദിവസം നമസ്കാരത്തിനായി വിളിക്കപ്പെട്ടാൽ കച്ച



വടം മതിയാക്കുവാൻ പറയപ്പെട്ടിരിക്കുന്നത് കൊണ്ടായിരിക്കുമോ ജുമുഅഃ നമസ്കാരം പകൽ സമയത്താണെന്ന് അവർ വാദിക്കുന്നത്. അതെയെങ്കിൽ പകൽ മാത്രമെ കച്ചവടം ചെയ്യപ്പെടുന്നുള്ളൂ എന്നും രാത്രി ചെയ്യപ്പെടുന്നില്ലെന്നും പറയേണ്ടി വരും. രാത്രിയും കച്ചവടം നടക്കുന്നുണ്ടെങ്കിൽ, കച്ചവടം മതിയാക്കുവാൻ പറഞ്ഞതുകൊണ്ടുമാത്രം ജുമുഅഃ നമസ്കാരം വെള്ളിയാഴ്ച പകൽ സമയത്തായിരിക്കണമെന്ന് വരികയില്ല. കച്ചവടം നിറുത്തുക എന്നത് ജുമുഅഃ നമസ്കാരത്തിനുള്ള ഒരുപാധിയല്ലല്ലോ. തന്നെയെങ്കിൽ കച്ചവടക്കാരല്ലാത്തവർക്ക് ജുമുഅഃ നമസ്കാരം ആവശ്യമില്ലാത്തതാണെന്ന് പറയേണ്ടി വരും. ആകയാൽ കച്ചവടം മതിയാക്കുവാൻ പറഞ്ഞതുകൊണ്ട് മാത്രം ജുമുഅഃ നമസ്കാരം പകലാണെന്നില്ല. ഇനി 'ദിവസം' എന്ന് പറഞ്ഞത് പകൽ സമയത്തെ ഉദ്ദേശിച്ചാണെന്ന് വരുന്നതായാൽത്തന്നെ, പകൽ ഏത് സമയത്താണത് അനുഷ്ഠിക്കേണ്ടതെന്ന പ്രശ്നം പിന്നേയും അവശേഷിക്കുന്നു. പകൽ പ്രഭാതം മുതൽ അസ്തമയംവരെയുള്ള സമയമാണല്ലോ. ഈ സമയത്തിനകം എപ്പോഴെങ്കിലും ജുമുഅഃ നമസ്കരിച്ചാൽ മതി എന്നായിരിക്കുമോ? എന്നാലും പ്രശ്നത്തിന് അറുതി വരുന്നില്ല. എന്തെന്നാൽ, ഖുർആനിൽ പറഞ്ഞിരിക്കുന്നത്, ജുമുഅഃ ദിവസം നമസ്കാരത്തിന് വിളിക്കപ്പെട്ടാൽ എന്നാണ്. ഇതിൽനിന്ന് സ്പഷ്ടമാകുന്നത് ഈ ജുമുഅ നമസ്കാരത്തിന് ഒരു പ്രത്യേക സമയം നിശ്ചയിക്കപ്പെട്ടിട്ടുണ്ടെന്നും ആ സമയത്താണ് അതിന്നായിട്ട് വിളിക്കപ്പെടുക എന്നുമാണ്. അല്ലാതെ, പ്രഭാതം മുതൽ അസ്തമയംവരെ ഈ നമസ്കാരത്തിന്നായി വിളിക്കപ്പെട്ടുകൊണ്ടിരിക്കും എന്നായിരിക്കാവതല്ല. പിന്നെ, ഈ വിളി ഏത് തരത്തിലാണെന്നും ഖുർആൻ പറഞ്ഞുതരുന്നില്ല. ബാങ്ക് വിളിയാണെങ്കിൽ അത് നബി(സ) തിരുമേനിയുടെ നിർദ്ദേശമനുസരിച്ച് സ്വീകൃതമായ ഒരേർപ്പാടും ഹദീസിൽമാത്രം പ്രസ്താവിക്കപ്പെട്ട സംഗതിയുമാണ്. ഹദീസിൽ പറഞ്ഞ സംഗതി സ്വീകരിക്കുകയുമില്ല. അതിനാൽ, ജുമുഅഃ നമസ്കാരത്തിന്നുള്ള സമയം ഏതാണെന്നും അതിന്നായിട്ട് നടത്തപ്പെടുന്ന വിളി എങ്ങനെയാണെന്നുമുള്ളതിന് തീരുമാനം കാണേ

ണ്ടിയിരിക്കുന്നു. എന്നാൽ, ജുമുഅഃ നമസ്കാരം ഏത് ദിവസം ഏത് സമയത്താണെന്നും അതിന്നായുള്ള വിളി ഏത് വിധത്തിലാണ് നടത്തപ്പെടുത്തേണ്ടതെന്നും, നമസ്കാരത്തിന് മുമ്പേ ഖുത്ബ ആവശ്യമാണോ എന്നും ഖുർആനിലെവിടെയും പറഞ്ഞിട്ടില്ലെന്നത് തീർച്ചയാണ്.

രാത്രി വിശ്രമത്തിനും നിദ്രയ്ക്കുമുള്ള കാലമാണെന്ന് വിശുദ്ധഖുർആൻ പല സ്ഥലങ്ങളിലായി പറഞ്ഞുതരുന്നുണ്ട്. ചില ഖുർആൻ വാക്യങ്ങൾ ഞാൻ മുമ്പേയുദ്ധരിച്ചിട്ടുമുണ്ട്. ഒരിടത്ത് അല്ലാഹു പറയുന്നു:

***ഹുവല്ലദീ ജഅല ലക്കുമുല്ലയ്ല ലിതസ്കുനൂഫീഹി***

''അവൻ തന്നെയാണ് നിങ്ങൾക്കായി രാത്രിയെ, അതിൽ നിങ്ങൾ വിശ്രമിക്കുവാനായിട്ട്, ഉണ്ടാക്കിയിരിക്കുന്നത്'' (10:68).

ഇപ്രകാരം ഒന്നിലധികം സ്ഥലങ്ങളിൽ പറഞ്ഞിട്ടുണ്ട്. പകൽ ജുമുഅഃ നമസ്കാരം വിധിക്കപ്പെട്ടിരിക്കുന്നതുകൊണ്ട് മറ്റൊരു ദിവസവും നമസ്കാരം പാടില്ലെന്ന് സിദ്ധാന്തിക്കുന്നവർ രാത്രിയെ അല്ലാഹു വിശ്രമാർത്ഥം നിശ്ചയിക്കപ്പെട്ടതാണെന്ന് വിശുദ്ധഖുർആനിൽ ആവർത്തിച്ചു പറയപ്പെട്ടിട്ടും അവരുടെ സിദ്ധാന്തമനുസരിച്ച് രാത്രി സമയത്ത് ഒരു നമസ്കാരവും പാടില്ലെന്ന് പറയേണ്ടിവരും. വിശുദ്ധഖുർആൻ മനസ്സിലാക്കിത്തരുന്നത് സമരാങ്കണത്തിൽ വെച്ചായാലും നമസ്കരിക്കേണ്ടതാണെന്ന് അല്ലാഹു വിശുദ്ധഖുർആനിൽ പറഞ്ഞേടത്ത്, സൈന്യത്തിൽ ഒരു വിഭാഗം തിരുനബിയോടുകൂടെ നമസ്കരിക്കുകയും മറ്റേവിഭാഗം ശത്രുസൈന്യത്തിന്നെതിരിൽ അണിനിരക്കുകയും നമസ്കരിക്കുന്ന ആ വിഭാഗം ഒരു റക്അത്ത് നമസ്കരിച്ചതിനുശേഷം പിൻവാങ്ങി, ശത്രുസേനക്കെതിരിൽ അണിനിരക്കുകയും തദനന്തരം മറ്റേ വിഭാഗം ചെന്ന് ഇമാമിന്റെ പിന്നിൽ നിന്നുകൊണ്ട് ഒരു റക്അത്ത് നമസ്കരിക്കുകയും വേണമെന്നാണ് പറഞ്ഞിരിക്കുന്നത്. ഈ സംഗതി മുൻപേജിലും ഞാൻ എഴുതിയിട്ടുണ്ട് (4:103). ഇങ്ങനെ, പകൽ യുദ്ധരംഗത്തുവെച്ച് അനുഷ്ഠിക്കപ്പെടുന്ന നമസ്കാരം



ഫർസായ സുഹ്റോ, അസ്റോ ആയതുകൊണ്ട് ഓരോ റക്അത്ത് വീതമെങ്കിലും ഇമാമിന്റെ കൂടെ എല്ലാവരും നമസ്കരിക്കണമെന്ന് ഖുർആൻ ആജ്ഞാപിച്ചിരിക്കുന്നു. ഫർസ് നമസ്കാരം പടക്കളത്തിൽവെച്ചായിരുന്നാൽപോലും എല്ലാവരും ജമാഅത്തായിട്ട് അനുഷ്ഠിക്കേണ്ടതാണെന്നും പറയപ്പെട്ടിരിക്കുന്നു. ഫർസ് നമസ്കാരം അഞ്ചാണെന്ന് തന്നെയെന്നുമുള്ള യാഥാർത്ഥ്യം എന്റെ ഇതുവരെയുള്ള പ്രതിപാദനംകൊണ്ട് വായനക്കാർക്ക് ഗ്രാഹ്യമായിരിക്കുമെന്ന് കരുതുന്നു. ദിവസവും അനുഷ്ഠിക്കുവാനുള്ള ഫർസ് നമസ്കാരം അഞ്ചാണെന്ന് തിരുനബി (സ) സുവ്യക്തം പ്രസ്താവിക്കുകയും അതിനെ പ്രവർത്തിച്ചുകാണിക്കുകയും ചെയ്തിട്ടുണ്ടെന്നുള്ളത് അനിഷേധ്യമായ ഒരു പരമാർത്ഥമത്രെ. തിരുനബി(സ) ദിവസേന അഞ്ചുനേരം നമസ്കരിക്കുകയും ആ അഞ്ചുനേര നമസ്കാരം നിർബന്ധമായതാണെന്ന് പഠിപ്പിക്കുകയും ചെയ്തിരിക്കുന്നു. നമസ്കാരത്തിന്റെ ക്രമവും റക്അത്തുകളുടെ എണ്ണവും തിരുനബി(സ) സ്വപ്രവൃത്തി മാതൃകയാൽ കാണിച്ചുതന്നിട്ടുള്ളതാണ്. തിരുനബി(സ)യുടെ സുന്നത്ത് സ്വീകാര്യമായ പ്രമാണമല്ലെന്നും സർവ്വസംഗതിയും വിശുദ്ധഖുർആനിൽ നിന്നുതന്നെ തെളിഞ്ഞുകിട്ടേണ്ടതാണെന്നും അടിസ്ഥാനരഹിതമായി വാദിക്കുന്നവർക്ക് നമസ്കാരത്തിന്റെ ക്രമം ഇന്നവിധത്തിലാണെന്ന് വിശുദ്ധഖുർആനിൽ വ്യക്തമാക്കപ്പെട്ടിട്ടില്ലെന്നത് ഒരു പരമാർത്ഥം മാത്രമാണെന്ന് സമർത്ഥിക്കാതെ സാധ്യമല്ല. നമസ്കാരത്തിന്റെ ക്രമവും റക്അത്തുകളുടെ സംഖ്യയും തിരുനബി(സ)യുടെ സ്വപ്രവൃത്തി മാതൃകയാൽ മാത്രമേ അറിയുകയുള്ളൂ. എല്ലാ നമസ്കാരവും രണ്ട് റക്അത്താണ് അനുഷ്ഠിക്കേണ്ടതെന്നതിലേക്ക് ഖുർആനിൽ വല്ല തെളിവുമുണ്ടോ?

തിരുനബി(സ)യുടെ സുന്നത്ത് സ്വീകാര്യമായ പ്രമാണമല്ലെന്നും, സർവ്വസംഗതിയും വിശുദ്ധഖുർആനിൽനിന്നുംതന്നെ തെളിഞ്ഞു കിട്ടേണ്ടതാണെന്നും വാദിക്കുന്നവർ റക്അത്തിന്റെ എണ്ണവും ക്രമവും ഖുർആനിൽനിന്നും കാണിക്കട്ടെ.

തിരുനബി(സ) നമസ്കാരത്തിൽ വിശുദ്ധഖുർആനിലെ പല

ഭാഗങ്ങളും ഓതുകയും റുക്കൂഅ്, സുജൂദ് മുതലായ അവസ്ഥകളിൽ പല സ്തോത്രങ്ങളും ചൊല്ലുകയും ചെയ്തത് മുസ്‌ലിം ലോകം അന്നുതൊട്ടിന്നുവരെ അനുഷ്ഠിച്ചുപോന്നതുമായ ആ ക്രമം തിരുനബിയുടെ സുന്നത്തിൽനിന്നുള്ളതല്ലേ?

നമസ്കാരത്തിന്റെ ക്രമം ഇന്ന വിധത്തിലാണെന്നും വിശുദ്ധഖുർആനിൽ വ്യക്തമാക്കപ്പെട്ടിട്ടില്ലെന്നത് ഒരു പരമാർത്ഥമാണെന്നും സമ്മതിക്കാതെ നിവൃത്തിയില്ല. ഖുർആനിൽനിന്നുള്ള ഏത് ഭാഗവും നമസ്കാരത്തിൽ ഓതാവുന്നതാണെന്ന് ആ പവിത്രഗ്രന്ഥംതന്നെ വ്യക്തമാക്കിയിട്ടുണ്ട്.

***ഫഖ്റഊ മാതയസ്സറ മിനൽഖുർആനി***

"ഖുർആനിൽനിന്ന് എളുപ്പമായത് നിങ്ങൾ ഓതുവിൻ'' (73:21) എന്നാണ് ഖുർആൻ പറഞ്ഞിരിക്കുന്നത്. കൂടാതെ ഖുർആൻ മുഴുവനും 'ദിക്റും' സദുപദേശവുമാണെന്ന് ആ വിശുദ്ധഗ്രന്ഥം പല സ്ഥലങ്ങളിലായി പ്രസ്താവിച്ചിട്ടുമുണ്ട്. അപ്പോൾ അതിലെ ഏത് സൂറത്തും നമസ്കാരത്തിൽ ഓതാമെന്ന് സ്പഷ്ടമായി. തിരുമേനി(സ) തന്റെ സുന്നത്ത് വഴി ഈ സംഗതി വ്യക്തമാക്കിത്തന്നിരിക്കുന്നത് ആർക്കാണ് അറിയാത്തത്. ആയതിനാൽ ഖുർആനും തിരുനബിയുടെ സുന്നത്തുമാണ് മുസ്‌ലിം സമുദായത്തിന് അവലംബമായിട്ടുള്ളതെന്നത് ഒരു യാഥാർത്ഥ്യമല്ലേ?

## വാഗ്ദത്ത മഹ്ദി മസീഹും നമസ്കാരവും

നബി(സ) തിരുമേനിയുടെ പ്രവചനപ്രകാരം വാഗ്ദത്ത മഹ്ദി മസീഹായി ആഗതരായ ഹദ്റത്ത് മിർസാ ഗുലാം അഹ്മദ്(അ) പറയുന്നു: ''നമസ്കാരത്തെക്കുറിച്ച് വിശുദ്ധഖുർആൻ ആവർത്തിച്ചാവർത്തിച്ച് പറഞ്ഞിരിക്കുന്നു. എന്നാൽ, അതോടൊപ്പം ആ വിശുദ്ധഗ്രന്ഥം ഇങ്ങനെയും പറഞ്ഞിരിക്കുന്നു.

***ഫവയ്ലുൻല്ലിൽ മുസല്ലീൻ***

അതായത്, നമസ്കാരത്തിന്റെ യഥാർത്ഥ താൽപര്യത്തെക്കുറിച്ച് ബോധമില്ലാതെകണ്ട് നമസ്കരിക്കുന്നവർക്ക് നാശം.



നമസ്കാരമെന്നത് വിരഹിയായ മനുഷ്യൻ തന്റെ പ്രേമപാത്രമായ അല്ലാഹുവിന്റെ ദർശനവും സാന്നിധ്യവും ലഭിക്കുന്നതിന് അവന്റെ തിരുമുമ്പിൽ ഹൃദയതാപത്തോടും തീവ്രവാഞ്ഛയോടുംകൂടി നടത്തുന്ന ഒരു വിനീത അർത്ഥനയാകുന്നു. അല്ലാഹു വിശുദ്ധീകരിച്ചവനല്ലാതെ ആരും പരിശുദ്ധതയെ പ്രാപിക്കാവതല്ല. ആ സർവ്വാധികാരി തന്റെ സാന്നിധ്യംകൊണ്ട് അനുഗ്രഹിക്കുന്നതായല്ലാതെ ആർക്കും അവനെ പ്രാപിക്കുവാൻ സാധ്യമല്ല. മനുഷ്യന്റെ കഴുത്തിൽ പലതരം പാശങ്ങളും ശൃംഖലകളും ചുറ്റിയിരിക്കുന്നുണ്ട്. അവ നീങ്ങിപ്പോകുന്നതിന് അവൻ വളരെയേറെ ആഗ്രഹിക്കുന്നുവെങ്കിലും അവ നീങ്ങിപ്പോകുന്നില്ല. താൻ പാവനശീലനായിത്തീരണമെന്ന് അവന് ആഗ്രഹമുണ്ടെങ്കിലും അവൻ പാപത്തിലേക്ക് വഴുതി ചലിച്ചുപോകാതിരിക്കുന്നില്ല. എന്നാൽ, മനുഷ്യനെ പാപത്തിൽനിന്ന് ശുദ്ധീകരിക്കുക എന്നത് അല്ലാഹുവിന്റെ പ്രവൃത്തിയാകുന്നു. അത് ചെയ്യുവാൻ മറ്റൊരു ശക്തിക്കും സാധ്യമല്ല. അതിനാൽ മനുഷ്യനിൽ പരിശുദ്ധ വികാരങ്ങൾ ഉല്പാദിപ്പിക്കുന്നതിന്നായിട്ടത്രെ അല്ലാഹു നമസ്കാരം വിധിച്ചിരിക്കുന്നത്.

നമസ്കാരം എന്നാൽ എന്താണ്? അത് ദുഷ്ചിന്തകളേയും ദുരേച്ഛകളേയും ഇല്ലാതാക്കുന്നതിനും അല്ലാഹുവിനോട് പരിശുദ്ധമായൊരു പ്രേമവും പാവനമായൊരു ബന്ധവും ഉണ്ടായിത്തീരുന്നതിനും അല്ലാഹുവിന്റെ ശാസനകൾക്കൊത്ത് ജീവിക്കുവാൻ സൗഭാഗ്യം ലഭിക്കുന്നതിനുംവേണ്ടി ആത്മതൃഷ്ണയോടും ഹൃദയവേദനയോടും തീക്ഷണതയോടുംകൂടി അല്ലാഹുവിനോട് ചെയ്യപ്പെടുന്ന ഒരു പ്രാർത്ഥനയാകുന്നു.

നമസ്കാരത്തിന് അറബിയിൽ 'സ്വലാത്ത്' എന്നു പറയുന്നു. 'തപിക്കുക' എന്ന ധാത്വാർത്ഥം ഉൾക്കൊണ്ട ഈ പദം തന്നെ, പ്രാർത്ഥന കേവലം നാവിന്മേൽ മാത്രം ആയിരിക്കാതെ ഹൃദയ താപത്തോടും ആത്മതൃഷ്ണയോടും കൂടിയതായിരിക്കണമെന്ന് മനസ്സിലാക്കിത്തരുന്നുണ്ട്. പ്രാർത്ഥനാവേളയിൽ മനുഷ്യൻ തന്നിൽ ഒരുതരം മൃത്യു വരുത്തിയാലല്ലാതെ അല്ലാഹു പ്രാർത്ഥന സ്വീകരിക്കുകയില്ല. പ്രാർത്ഥനയുടെ ആന്ത

രതത്ത്വം അറിയുന്നവർ ചുരുക്കം പേർ മാത്രമാണ്. ഇന്നിന്ന കാര്യങ്ങൾക്കായി പ്രാർത്ഥന നടത്തിയിട്ട് അവ സാധ്യമായില്ലെന്ന് ആവലാതിപ്പെട്ടുകൊണ്ട് പലരിൽനിന്നും എനിക്ക് കത്തുകൾ കിട്ടിക്കൊണ്ടിരിക്കുന്നു. പ്രാർത്ഥന അതിന്റെ നിബന്ധനകൾ പ്രകാരം അനുഷ്ഠിക്കാതെ കേവലം നാവിന്മേൽമാത്രം ആയിരിക്കുമ്പോൾ അത് സ്വീകാര്യമാകാവതല്ല. അതിന്റെ സ്വീകാര്യത്തിന് ഒഴിച്ചുകൂടാത്ത ഒരു നിബന്ധന പ്രാർത്ഥകന്റെ ഹൃദയം അല്ലാഹുവിന്റെ മുമ്പിൽ ഉരുകിപ്പോകുമാറ് തപിക്കുകയും അവ ക്ഷമയോടും സ്ഥൈര്യത്തോടുംകൂടി അല്ലാഹുവിന്റെ അനുഗ്രഹത്തിനായി പ്രാർത്ഥിക്കുകയും ചെയ്യുക എന്നതാകുന്നു. ഇങ്ങനെ നമസ്കാരം അതിന്റെ സകല നിബന്ധനകളോടും കൂടി അനുഷ്ഠിക്കപ്പെടുമ്പോൾ മാത്രമേ അതിന്റെ സ്വീകാര്യതയെക്കുറിച്ച് പ്രതീക്ഷക്ക് വകയുള്ളൂ.

നമസ്കാരം വളരെ പ്രധാനമായൊരു പ്രാർത്ഥനാകർമ്മമാകുന്നു. എന്നാൽ, അതർഹിക്കുന്നതരത്തിൽ ജനങ്ങൾ അതിന് വില കല്പിക്കുന്നില്ല. ഇക്കാലത്ത് മുസ്ലിംകൾ **വിർദ്, വസീഫ** തുടങ്ങിയ സ്വയംകൃതങ്ങളായ മന്ത്രജപങ്ങളിൽ അധികം ശ്രദ്ധാലുക്കളായി കാണപ്പെടുന്നു.

നൗശാഹി, നഖ്ശബന്ദി തുടങ്ങിയ നാനാതരം ശാഖക്കാരെല്ലാം ഓരോവിധ അനാചാരങ്ങൾ കൈക്കൊണ്ട് വർത്തിക്കുകയാകുന്നു എന്ന് വ്യസനസമേതം പറയേണ്ടിയിരിക്കുന്നു. ഇക്കൂട്ടർ നമസ്കാരത്തിന്റെ യഥാർത്ഥ താൽപര്യങ്ങൾ ഗ്രഹിക്കാത്തവരും അല്ലാഹുവിന്റെ ശാസനകളെ അവമതിക്കുന്നവരുമത്രെ. നമസ്കാരമെന്ന പാവനമായ ഒരു ആചാരമുള്ളപ്പോൾ ഒരു യഥാർത്ഥ ഭക്തന് യാതൊരു അനാചാരത്തിന്റേയും ആവശ്യമില്ലതന്നെ. വല്ല ബുദ്ധിമുട്ടും നേരിടുമ്പോൾ വുസു (അംഗസ്നാനം) ചെയ്ത് നമസ്കാരത്തിലേക്ക് ഏർപ്പെടുകയും അല്ലാഹുവിനോട് പ്രാർത്ഥിക്കുകയും ചെയ്യുകയായിരുന്നു നബി(സ) തങ്ങളുടെ സമ്പ്രദായം. ഭക്തനെ അല്ലാഹുവുമായി അടുപ്പിക്കുന്നതിന് നമസ്കാരത്തേക്കാൾ ഉപരിയായി യാതൊരു കർമ്മവുമില്ലെന്നാണ് എനിക്കനുഭവപ്പെട്ടിരിക്കുന്നത്.



നമസ്കാരത്തിൽ കൈക്കൊള്ളുന്ന ശരീരവിന്യാസങ്ങളെല്ലാം വണക്കത്തിന്റേയും, വിനയത്തിന്റേയും അനുസരണത്തിന്റേയും ഭാവങ്ങളെ അടക്കിക്കൊണ്ടുള്ളവയാകുന്നു.

**ഖിയാം** എന്ന ഒന്നാമത്തെ നിലയിൽ പ്രാർത്ഥകൻ കൈകെട്ടി നില്ക്കുന്നത്, ദാസൻ യജമാനന്റേയോ സേവകൻ രാജാവിന്റേയോ മുമ്പിൽ ഭക്തിപൂർവ്വം നില്ക്കുന്നതുപോലെയാകുന്നു. പിന്നെ 'റുകൂഅ്' എന്ന അവസ്ഥയിൽ അവൻ മുട്ടുകളിന്മേൽ കൈവച്ചു കുനിയുമ്പോൾ കൂടുതൽ വിനയാദരങ്ങൾ പ്രദർശിപ്പിക്കുകയാകുന്നു. ഏറ്റവും ഉപരിയായതരത്തിലുള്ള ഒരു വിനയഭാഗമാകുന്നു 'സുജൂദ്'- നെറ്റി നിലത്ത് തൊടുവിച്ചുകൊണ്ടുള്ള സാഷ്ടാംഗപ്രണാമം-കൊണ്ട് പ്രകടിപ്പിക്കുന്നത്. ഇത് അല്ലാഹുവിന്റെ സന്നിധിയിൽ മനുഷ്യന്റെ ബലഹീനതയെ കാണിക്കുന്നതിനുള്ള അങ്ങേയറ്റത്തെ വിനയഭാവമാകുന്നു.

എന്നാൽ, ഹാ കഷ്ടം! ജനങ്ങൾ സ്വന്തമായി **വസീഫകൾ** എന്ന പേരിൽ ജപങ്ങൾ കൃതിക്കുകയും അവയ്ക്ക് നമസ്കാരത്തേക്കാൾ കൂടുതൽ പ്രാധാന്യം കല്പിക്കുകയും ചെയ്യുന്നു. നമസ്കാരം അതനുഷ്ഠിക്കുന്നവനെ ഏതൊരു ലോകത്തേക്കാണോ ഉയർത്തിക്കൊണ്ടുപോകാനുദ്ദേശിക്കുന്നത് ആ ലോകത്തിൽനിന്നുള്ള പങ്ക് അവന് അനുഭവപ്പെടുന്നില്ലെങ്കിൽ അവൻ ശൂന്യഹസ്തനും അധന്യനുമത്രെ. എന്നാൽ, ഒരുവന് അല്ലാഹുവിൽതന്നെ ദൃഢവിശ്വാസമില്ലെങ്കിൽ അവന് നമസ്കാരത്തിൽ വിശ്വാസമുണ്ടാകുന്നതെങ്ങനെ? നമസ്കാരമാകട്ടെ വളരെ ഗുണങ്ങളും നന്മകളും ഉൾക്കൊണ്ട ഒരു ആരാധനാകർമ്മമാകുന്നു.

നമസ്കാരത്തിന് അഞ്ചുനേരം നിശ്ചയിക്കപ്പെട്ടിരിക്കുന്നതിലും വലിയ തത്ത്വം അടങ്ങിയിരിക്കുന്നു. മനുഷ്യന് ജീവിതത്തിൽ നേരിടാവുന്ന അഞ്ച് അവസ്ഥാന്തരങ്ങളെ പ്രതിനിധാനം ചെയ്യുന്നതരത്തിലാണ് ഈ അഞ്ച് സമയങ്ങൾ നിശ്ചയിക്കപ്പെട്ടിരിക്കുന്നത്.

ഒന്നാമത്തെ നില ആരംഭിക്കുന്നത് മനുഷ്യന്റെ സൗഭാഗ്യ

സൂര്യന് പതനം വരുന്നതോടുകൂടിയാകുന്നു. അതിന് മുമ്പേ അവൻ അന്യാശ്രയമില്ലാത്ത സ്വതന്ത്രനും പ്രബലനുമാണെന്ന് സ്വയം കരുതുന്നു. അവന്റെ കാര്യങ്ങളെല്ലാം ഇരുൾ ബാധിക്കാത്ത നിലയിൽ ശോഭനമായി നടക്കുന്നു. അവൻ യാതൊരു കുറച്ചിലും കൂടാതെസുഖസൗഭാഗ്യത്തോടു കൂടിയവനാണെന്ന് സ്വയം കരുതി സന്തോഷം കൊള്ളുന്നു. അങ്ങനെയിരിക്കെ പെട്ടെന്ന് ഉച്ചസ്ഥാനത്തുനിന്ന് സൂര്യൻ ഇറങ്ങുന്നതുപോലെ അവന്റെ സൗഭാഗ്യത്തിന് ഒരു പതനം ആരംഭിക്കുന്നു. അത് അവന്റെ ദുരവസ്ഥയുടെ ആദ്യഘട്ടമാകുന്നു. ഈയവസരത്തിൽ അവന് ബുദ്ധിമുട്ടും പരാശ്രയബോധവും അനുഭവപ്പെട്ടുതുടങ്ങുന്നു. ഇതിനുമുമ്പേ തനിക്ക് ഇങ്ങനെയൊരു സ്ഥിതിഭേദം വരുമെന്ന് അവൻ വിചാരിച്ചിരിക്കയില്ല. അങ്ങനെയിരിക്കെ പൊടുന്നനവേയാണ് അവന് ഈ നില വരുന്നത്. ഉദാഹരണമായി അവൻ സ്വഗൃത്തിൽ സമാധാനപൂർവ്വം ഇരിക്കുമ്പോൾ പെട്ടെന്ന് ഒരു ക്രിമിനൽകുറ്റത്തിന് ന്യായകോടതിയിൽ ഹാജരാകുവാൻ അവന് ഒരു വാറണ്ട് കിട്ടുന്നുവെന്ന് വിചാരിക്കുക. ഇതവന്റെ ആപൽദശയുടെ ആദ്യഘട്ടമായിരിക്കും. ഈ അവസ്ഥ 'സുഹ്ർ' നമസ്കാരത്തോട്– സൂര്യൻ മദ്ധ്യാഹ്നസമയത്ത് നിന്ന് ഇറങ്ങിവരാൻ തുടങ്ങുന്ന സമയത്തോട്– സദൃശമായതാകുന്നു. എന്തെന്നാൽ, അപ്പോഴാണ് അവന്റെ സൗഭാഗ്യത്തിന് പതനം സംഭവിക്കുന്നത്. അതിൽപിന്നെ അവൻ ന്യായക്കോടതിയിൽ ഹാജരാക്കപ്പെടുകയും അവിടെവച്ച് തെളിവെടുക്കപ്പെടുകയും ഒടുവിൽ അവന്റെ പേരിൽ കുറ്റപത്രം തയ്യാറാക്കപ്പെടുകയും ചെയ്യുന്നു. ഈ അവസരം 'അസ്വ്ർ' സായാഹ്ന നമസ്കാരത്തിന്റെ സമയത്തിന് തുല്യമാകുന്നു. എന്തെന്നാൽ, അത് ആ മനുഷ്യന്റെ സൗഭാഗ്യസൂര്യന്റെ വെളിച്ചം മങ്ങിപ്പോകുന്ന ഒരു ഘട്ടമാകുന്നു. അപ്പോൾ അവന്റെ ചുറ്റുമുള്ള പ്രകാശം ചൈതന്യരഹിതമായി ഭവിക്കുന്നു. പിന്നെ അവന്റെ കാര്യത്തിൽ അന്ത്യമായ തീരുമാനത്തിനുള്ള സമയം വരികയും അവന് ഒരു ക്ലിപ്തകാലത്തേക്ക് തടവ് ശിക്ഷ വിധിക്കപ്പെടുകയും ചെയ്യുന്നു. ഇതോടുകൂടി അവന്റെ സൗഭാഗ്യത്തിന്റെ



സൂര്യൻ അസ്തമിക്കുകതന്നെ ചെയ്യുന്നു. ഇത് 'മഗ്രിബ്' നമസ്കാരത്തിന്റെ– അസ്തമിച്ച ഉടനെയുള്ള നമസ്കാരത്തിന്റെ– സമയത്തിന് തുല്യമായ ഒരവസ്ഥയാകുന്നു. പിന്നെ അവൻ കാരാഗൃഹത്തിലേക്ക് കൊണ്ടുപോകപ്പെടുകയും അവിടെ ഒരു മുറിയിൽ അടയ്ക്കപ്പെടുകയും ചെയ്യുന്ന സമയം വരുന്നു. ഇതവന് 'ഇശാഅ്' – രാത്രി സമയമാകുന്നു. എന്തെന്നാൽ ആ സമയം അവന്റെ ചുറ്റുപാടിൽനിന്നും വെളിച്ചമെല്ലാം പോയ്മറയുകയും നാലുഭാഗവും അവൻ അന്ധകാരത്താൽ മൂടപ്പെടുകയും ചെയ്യുന്നു. ഇങ്ങനെ അവൻ തടവുമുറിയിൽ കഴിഞ്ഞുകൂടുന്നു. ഇരുളടഞ്ഞ ഒരു നീണ്ടസമയം കഴിഞ്ഞതിൽപിന്നെ അവന് തടവിൽ നിന്ന് മോചനം ലഭിക്കുന്നു. 'ഫജ്ർ' പുലർകാലം വരുന്നു. അപ്പോൾ അവന്റെമേൽ പ്രകാശരശ്മികൾ പതിച്ചുതുടങ്ങുകയും അവന് ചുറ്റും വെളിച്ചം വ്യാപിക്കുകയും ചെയ്യുന്നു. ഇങ്ങനെ മനുഷ്യൻ തന്റെ ജീവിതത്തിൽ അല്പകാലത്തെ അവസ്ഥാന്തരങ്ങൾക്ക് വിധേയനാകുന്നു. ഈ അഞ്ച് സ്ഥിതിഭേദങ്ങളേയും സ്മരിച്ചുകൊണ്ട് ആ വക ബുദ്ധിമുട്ടുകളിൽനിന്നും വിഷമങ്ങളിൽനിന്നും രക്ഷ ലഭിക്കുന്നതിന് അവൻ അല്ലാഹുവിനോട് നിത്യം പ്രാർത്ഥിക്കുന്നു. ഇത്രയും കൊണ്ട് അഞ്ച് നമസ്കാര സമയങ്ങളിൽ അടങ്ങിയ തത്ത്വരഹസ്യത്തിന്റെ ഒരു ചെറിയ വിവരണമായി.

നമസ്കാരത്തിൽ കൈക്കൊള്ളുന്ന റുകൂഅ്, സുജൂദ് എന്നീ നിലകൾ മനുഷ്യന്റെ വിനയാനുസരണാദി നമ്രഭാവങ്ങളുടെ ഒരു ചിത്രീകരണമാകുന്നു എന്ന് പ്രസ്താവിച്ചുവല്ലൊ. ഇങ്ങനെ അവൻ തന്റെ ബാഹ്യാവയവങ്ങളോടൊപ്പം അന്തഃകരണത്തേയും അനുസരണവിധേയമാക്കുകയും സ്വാർത്ഥവിചാരങ്ങളെയെല്ലാം ഉന്മൂലനം ചെയ്യുകയും ചെയ്യുന്നതോടുകൂടി അവന്റെ വ്യക്തിത്വം അല്ലാഹുവിൽ അഭയംപ്രാപിക്കുന്നു. അപ്പോൾ അവൻ തന്റെ ശിരസ്സ് അല്ലാഹുവിന്റെ സന്നിധിയിൽ വെച്ചുകൊടുക്കുന്നു. ഇപ്പറഞ്ഞത് യാഥാർത്ഥ്യവുമായി ബന്ധമില്ലാത്ത കേവലം ഒരു പ്രസ്താവനയല്ല. ഇഷ്ടമുള്ള ഏവർക്കും ഇതിനെ പരീക്ഷിച്ചുനോക്കുകയും അതിന്റെ ഫലങ്ങൾ ആസ്വദിച്ചറിയു

കയും ചെയ്യാവുന്നതാണ്. ഈ പദ്ധതിയെ പരീക്ഷിച്ചു ഫലം അനുഭവപ്പെടാത്തവർ ഭാഗ്യഹീനരാണെന്നുവേണം പറയാൻ.

മനുഷ്യൻ തനിക്ക് വല്ല ആപത്തോ ക്ലേശമോ നേരിട്ടാൽ അംഗസ്നാനം (വുസു) ചെയ്ത് അല്ലാഹുവിന്റെ സന്നിധിയിൽനിന്ന് അവനോട് പ്രാർത്ഥിക്കേണ്ടതാവശ്യമാകുന്നു. അല്ലാഹു മനുഷ്യന്റെ പ്രാർത്ഥനകൾ കേൾക്കുന്നവനും ദയാലുവും സർവ്വജ്ഞനും അഗാധജ്ഞാനിയുമത്രെ. അവനല്ലാതെ സഹായകനും രക്ഷകനുമായി മറ്റാരുമില്ല. അറിവില്ലാത്ത ജനങ്ങൾ രോഗം ബധിക്കുമ്പോൾ വെറും ഡോക്ടറുടെ അടുക്കലും വ്യവഹാരം വരുമ്പോൾ വക്കീലിന്റെ സമീപത്തും പാഞ്ഞുചെല്ലുകയല്ലാതെ അല്ലാഹുവിനെ വിചാരിക്കുകയോ അവനോട് പ്രാർത്ഥിക്കുകയോ ചെയ്യുന്നില്ല. അവൻ തങ്ങളുടെ പരിശ്രമങ്ങളുടേയും ആശ്രയസ്ഥാനങ്ങളുടേയും കൂടെ അല്ലാഹുവിന് അല്പമാത്രമെങ്കിലും സ്ഥലം അനുവദിക്കുന്നില്ല. അല്ലാഹുവിന് ഈ വക കാര്യങ്ങളിൽ യാതൊരു കൈകാര്യവും ഇല്ലെന്ന് വിചാരിക്കുമാറ് അവർ വർത്തിക്കുന്നു. സത്യവിശ്വാസിയാകട്ടെ, ആദ്യമായി അല്ലാഹുവിനെ വിചാരിക്കുകയും അവനിൽ ദൃഢമായി വിശ്വസിക്കുകയും അവനിൽ പൂർണ്ണമായി ആശ്രയം കൊള്ളുകയും അതിന്നനുസരിച്ചവിധത്തിൽ സാധനാപരമായ സഹായമാർഗ്ഗത്തെ അവലംബിക്കുകയും ചെയ്യുന്നു. എന്നാൽ, ജനസാമാന്യം അല്ലാഹുവിൽ വിശ്വസിക്കുന്നു എന്ന് വായ കൊണ്ടു പറയുന്നുവെന്നല്ലാതെ അവരുടെ ഹൃദയം വിശ്വാസശൂന്യമത്രെ.''